

# പുനർജ്ജനി 2020

സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം,
വിയ്യൂർ തൃശ്ശൂർ


സെൻട്രൽ ജയിൽ
ENTRAL PRISON

# പുനർജ്ജനി

സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, വിയ്യൂർ തൃശ്ശൂർ




## ഉള്ളടക്കം......




7
**സാഫല്യം**
**പ്രദീഷ്.പി.ദേവരാജ്**
അസിസ്റ്റന്റ് പ്രിസൺ ഓഫീസർ , അതീവസുരക്ഷാജയിൽ



10
**പ്രേതം**
**പി.ആർ.രാജേഷ്**
അസി. പ്രിസൺ ഓഫീസർ , സെൻട്രൽ പ്രിസൺ വിയ്യൂർ



13
കഥ
**കുട്ടൻപിള്ളത്തമ്പുരാൻ**
**അനീഷ്കുമാർ**
സി– 1996, സെൻട്രൽ പ്രിസൺ, വിയ്യൂർ, തൃശൂർ

16
**പ്രളയം ഒരു ബാക്കിപത്രം**
**ശിവകുമാർ**
ആർ.പി. 791/19, ജില്ല ജയിൽ കോഴിക്കോട്

37
**നല്ലനടപ്പിന് നിയമത്തിന്റെ ഉയിർത്തെഴുന്നേൽപ്പ്**
**സജി സൈമൺ**
വെൽഫെയർ ഓഫീസർ ഗ്രേഡ് 2, സെൻട്രൽ പ്രിസൺ, വിയ്യൂർ


## മാഗസിൻ പ്രസിദ്ധീകരണം


രക്ഷാധികാരി
**എൻ.എസ്.നിർമ്മലാനന്ദൻ നായർ**
സൂപ്രണ്ട്

ചീഫ് എഡിറ്റർ
**ഒ.ജെ. തോമസ്**
വെൽഫെയർ ഓഫീസർ

സ്ക്രീനിങ്ങ് കമ്മിറ്റി ചീഫ്
**ബി. രമേശ് കുമാർ**
ജോ. സൂപ്രണ്ട്

സ്ക്രീനിങ്ങ് കമ്മിറ്റി മെമ്പേഴ്സ്
**എം.എം. ഹാരിസ്**
ഡെപ്യൂട്ടി സൂപ്രണ്ട്
**സാജി സൈമൻ**
വെൽഫെയർ ഓഫീസർ
**സനൂപ്**
പി.ഡി. ടീച്ചർ

സബ്ബ് എഡിറ്റർ
(എഡിറ്റോറിയൽ ബോർഡ്)
**ദേവദാസ്**
**അമൽരാജ്**

കവർ ഡിസൈൻ
**സുബൈർ**

# പുനർജനി
## ജയിൽ മാഗസിൻ



**ശ്രീ. എൻ.എസ്. നിർമലാനന്ദൻ നായർ**
സൂപ്രണ്ട് സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, വിയ്യൂർ
തൃശൂർ

## ആമുഖം

മതിൽക്കെട്ടിനകത്തുള്ള ഈ ലോകത്തിൽ സമൂഹത്തിന്റെ ഒരുപരിച്ഛേദമുണ്ട്. അവിടെ കുറേ മനുഷ്യരും. ചിന്തിക്കാനും സ്വപ്നം കാണാനും മാറ്റി പണിയാനുമൊക്കെയുള്ള അനുഭവങ്ങളും കഥകളുമായാണ് ഓരോരുത്തരും കഴിയുന്നത്. കണ്ണീരും വിരഹവും വടുകെട്ടിയ ഈ അനുഭവങ്ങളുടെ സാക്ഷ്യങ്ങൾ നിശ്ചയിക്കപ്പെട്ട ചതുരവടിവുകളിലോ നിയതമായ വ്യാകരണ നിയമങ്ങളിലോ ഒതുങ്ങുന്നവയാകണമെന്നില്ല.

ഈ മനസ്സുകളിൽ നിന്നും തുളുമ്പിയ ആലോചനകളെ പെറുക്കിയെടുത്ത് തുന്നിച്ചേർത്ത് പുനർജനി വീണ്ടും സാക്ഷാത്കരിക്കപ്പെടുകയാണ്.

ആശംസകളോടെ...

## ശ്രീ. ഋഷിരാജ് സിങ്ങ് ഐ.പി.എസ്.



ബഹു. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആശംസകളോടെ...

## സാം തങ്കയ്യൻ



ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ
ഓഫ് പ്രിസൺസ് (മദ്ധ്യമേഖല)

## എസ്. സന്തോഷ്



ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ
ഓഫ് പ്രിസൺസ്,
(ജയിൽ ആസ്ഥാനകാര്യാലയം, തിരുവനന്തപുരം)

## എം.കെ. വിനോദ്കുമാർ



ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ
ഓഫ് പ്രിസൺസ്,
(ഉത്തരമേഘല)

## പി. അജയകുമാർ



ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ
ഓഫ് പ്രിസൺസ്,
(ദക്ഷിണമേഘല)

**ബി. രമേഷ്കുമാർ**



ജോയിന്റ് സൂപ്രണ്ട്, സെൻട്രൽ പ്രിസൺ, വിയ്യൂർ

**ഒ.ജെ. തോമസ്**



വെൽഫെയർ ഓഫീസർ
അതീവ സുരക്ഷ ജയിൽ വിയ്യൂർ

**സാജി സൈമൻ**



വെൽഫെയർ ഓഫീസർ

**ഹാരീസ് എം.എം.**



ഡെപ്യൂട്ടി സൂപ്രണ്ട്

പുനർജനി മാഗസിൻ ഒന്നാംപതിപ്പിന്റെ പ്രസിദ്ധീകരണത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് രണ്ടാംപതിപ്പ് പുറത്തിറങ്ങുമ്പോൾ ആയിരം സൂര്യചന്ദ്രൻമാർ ഒന്നിച്ചുദിച്ച പ്രതീതിയാണ് ജയിൽ അന്തരീക്ഷത്തിൽ മാറ്റൊലികൊള്ളുന്നത്. വെട്ടിയും തിരുത്തിയും അണിചേർന്ന് പുനർജനി ജയിൽ മാഗസിൻ ഒരിക്കൽക്കൂടി സാക്ഷാൽക്കരിക്കപ്പെടുകയാണ്.

ഇരുളടഞ്ഞ കാരാഗൃഹസങ്കൽപ്പങ്ങളെ തച്ചുടച്ച് പൂർണ്ണമായ കറക്ഷൻ സംവിധാനത്തിൽ ഊന്നിയുള്ള ഒരുകൂട്ടം സുമനസുകളുടെ അക്ഷീണ പ്രയത്നം ഈ മാഗസിന്റെ പിറവി എളുപ്പമാക്കി. അച്ചടിയുടെ എല്ലാ മേഖലയിലും നല്ല സാഹിത്യസൃഷ്ടി വാർത്തെടുക്കാൻ സന്നാഹമൊരുക്കിയ ഏവർക്കും ഹൃദയം നിറഞ്ഞ നന്ദി.



# എഡിറ്റോറിയൽ

മുഖ്യപത്രാധിപർ

**ഒ.ജെ. തോമസ്**

വെൽഫയർ ഓഫീസർ

പെയ്യാൻ കൊതിച്ച കാർമേഘങ്ങൾ പെയ്തൊഴിഞ്ഞ് നീലാകാശം മഴവിൽ ചാർത്തി സുന്ദരമായ നിമിഷങ്ങൾ പോലെ, പുതു നാമ്പുകൾ മുളച്ച് തളിരിടുന്നപോൽ ചുറ്റുമതിൽകെട്ടിന്റെ അകത്തളങ്ങളിലെ നെടുവീർപ്പിൽ നിന്നും പൊട്ടിച്ചിതറിയ കരിമണി മാലയിലെ മുത്തുമണികൾ കോർത്തിണക്കി അക്ഷരലോകത്ത് വിസ്മയങ്ങൾ തീർക്കാൻ സജ്ജരായ തൂലിക പടയാളികൾ, അവർക്കൊപ്പം നിന്ന് കണ്ണീരിന്റെ കഥപറയാതെ വ്യത്യസ്തമായ സഞ്ചാരത്തിലൂടെ ഒരു സ്വപ്നം, ഒരാഗ്രഹം സഫലമാക്കാൻ എന്നും മനസോടുചേർക്കപ്പെടുമ്പോൾ അതിനായി ആത്മാർത്ഥമായി ശ്രമിക്കുമ്പോൾ അതു നേടിയെടുക്കാൻ ഈ ലോകം മുഴുവൻ ഒന്നിച്ചു നിൽക്കും. മൈലുകൾക്കപ്പുറം, കടലുകൾക്കപ്പുറം തനിക്കായി കാത്തുവച്ച നിധിതേടി സഞ്ചരിക്കാതെ താൻ താമസിക്കുന്നിടം തന്നെയാണ് നിധിയുടെ ഉറവിടം എന്ന് തിരിച്ചറിയപ്പെടേണ്ടതാണ്. പുറംലോക സാഹചര്യങ്ങളിൽ നിന്നും താൽക്കാലികമായി മാറ്റപ്പെട്ട ഒരു സമൂഹത്തിൽ നിഷേധിക്കപ്പെടാത്ത അവകാശങ്ങൾ പുരോഗമനചിന്തയുടെ വേലിയേറ്റം എഴുത്തും വായനയിലൂടെയും സ്വാംശാകരിക്കപ്പെടുമ്പോൾ ആലയിൽ സ്ഫുടം ചെയ്തെടുത്ത സൃഷ്ടികൾ പിറവികൊള്ളുന്നു. ഒരു അന്തേവാസിയുടെ കഴിവുകളിൽ, മികവിൽ സമൂഹം ആശ്ചര്യംകൊള്ളപ്പെടേണ്ട ആവശ്യമില്ല. കാരണം പൊതുസമൂഹത്തിൽ നിന്നുമാണ് അയാൾ വന്നിട്ടുള്ളത്. അന്തർലീനമായികിടക്കുന്ന നൈസർഗീക കഴിവുകളെ പ്രോത്സാഹിപ്പിക്കപ്പെട്ട് തിരുത്തപ്പെടുന്ന ഈ സമൂഹത്തിന്റെ മാറ്റത്തിന്റെ കാഹളമാണ് പുനർജനിയിലൂടെ ആവിഷ്കരിക്കപ്പെടുന്നത്. പുനർജനിയുടെ ഒന്നാംപതിപ്പിന് അകമഴിഞ്ഞ സഹായഹസ്തങ്ങൾ നീട്ടിയ എല്ലാവർക്കും നന്ദി. രണ്ടാം പതിപ്പ് വായനയുടെ ജാലകം തുറന്നിട്ട നിങ്ങൾക്കായി “ഒരു മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം” സമർപ്പിക്കുന്നു.

**പുനർജനി ജയിൽ മാഗസീൻ രണ്ടാം പതിപ്പ് പ്രസിദ്ധീകരിക്കുന്നത്**

സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, വിയ്യൂർ തൃശൂർ



# സാഫല്യം

**പ്രദീഷ്.പി.ദേവരാജ്**
അസിസ്റ്റന്റ് പ്രിസൺ ഓഫീസർ , അതീവസുരക്ഷാജയിൽ

ടിക്കറ്റെടുക്കാൻ പൈസയില്ലാതെ പാതിവഴിയിലിറങ്ങിയ അപ്പുമാഷിന്റെ ദയനീയമുഖം അർജ്ജുൻദേവിന്റെ ഓർമ്മകളിലിന്നും ഒരു മുറിവായവശേഷിക്കുന്നു. ജീവിതത്തിൽ പല വിജയങ്ങളും അവനെത്തേടിയെത്തിയെങ്കിലും ചെറുപ്രായത്തിൽ ചെയ്തൊരു തെറ്റിന് മനസാക്ഷി ഇന്നും അവനെ വേദനിപ്പിച്ചുകൊണ്ടിരുന്നു.

ഇന്നവൻ സബ്ബ് ഇൻസ്പെക്ടർ അർജ്ജുൻദേവാണ്. ആലങ്ങാട് സ്റ്റേഷനിൽ സബ്ബ് ഇൻസ്പെക്ടറായി ചാർജ്ജെടുത്തിട്ട് ഒരാഴ്ചയായിട്ടേയുള്ളു. ആലങ്ങാട് അക്ഷര ആർട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബിന്റെ ഭാരവാഹികൾ, ക്ലബ്ബിന്റെ 10-ാം വാർഷികത്തോടനുബന്ധിച്ച് 70 വയസ്സ് പൂർത്തീകരിക്കുന്ന മാഷിനെ 2019 ജൂൺ 20 വ്യാഴാഴ്ച വൈകുന്നേരം 4 മണിയ്ക്ക് നടക്കുന്ന ചടങ്ങിൽ പൊന്നാടയണിച്ചാദരിക്കാൻ സ്ഥലത്തെ സബ്ബ് ഇൻസ്പെകടർ എന്ന നിലയ്ക്ക് അർജ്ജുൻദേവിനെ ക്ഷണിച്ചിരിക്കുന്നു.


“അദ്ധ്യക്ഷസ്ഥാനം അലങ്കരിക്കുന്ന പഞ്ചായത്ത് പ്രസിഡന്റ് ശ്രീ ജോൺപോൾ. ആലങ്ങാട് ഗവ: ഹയർ സെക്കന്ററി സ്ക്കൂൾ പ്രിൻസിപ്പാൾ ശ്രീമതി ഉഷാകുമാരി, ക്ലബ്ബ് ഭാരവാഹികൾ, സദസ്സിലിരിക്കുന്ന വിശിഷ്ട വ്യക്തികളെ, ഇന്ന് ഈ സുവർണ്ണാവസരം എനിക്ക് നൽകിയതിന് ഞാൻ ദൈവത്തോടും ഒപ്പം ഈ ക്ലബ്ബിന്റെ ഭാരവാഹികളോടും നന്ദി പറയുന്നു. വർഷങ്ങളായി എന്റെ മനസ്സിനെ വേദനിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു തെറ്റ് ഏറ്റുപറയുവാൻ കിട്ടിയ ഒരവസരമായി ഞാൻ ഇതിനെ കാണുന്നു. കാരണം അതൊരു ഫ്ളാഷ് ബാക്കാണ്.

ഞാൻ ഏഴാംക്ലാസ്സിൽ പഠിക്കുമ്പോൾ കൂട്ടുകാരന്റെ കൈയ്യി

ലുള്ള ഒരു ഇലക്ട്രോണിക്ക് ഉപകരണം കണ്ട എനിക്ക് അതുപോലൊരെണ്ണം വാങ്ങുവാൻ വേണ്ടി പണം തികയാതെ വന്നപ്പോൾ ഉച്ചയുറക്കത്തിലായിരുന്ന അപ്പുമാഷിന്റെ ബാഗിൽ നിന്നും പേഴ്സ് മോഷ്ടിച്ചു. വൈകുന്നേരം സ്ക്കൂൾ വിട്ടപ്പോൾ ഞാൻ കയറിയ ബസ്സിൽ മാഷും കയറി, ടിക്കറ്റെടുക്കാൻ പൈസ നോക്കുമ്പോഴാണ് പേഴ്സ് നഷ്ടപ്പെട്ട വിവരം മാഷ് അറിയുന്നത്. ബസ്സ് നിർത്തിച്ച് തിരികെ സ്ക്കൂളിലേക്ക് നടക്കുന്ന അപ്പുമാഷിന്റെ ദയനീയമുഖം ഇന്നും എന്റെ ഓർമ്മയിൽ തെളിഞ്ഞുനിൽക്കുന്നു. പൈസ തിരിച്ചു കൊടുത്താൽ താൻ കള്ളനാകുമോ എന്നുകരുതി തിരിച്ചു കൊടുത്തില്ല. ആ പൈസ കാണുമ്പോൾ മാഷിന്റെ മുഖം ഓർമ്മ വരുന്നതുകൊണ്ട് അതു ചിലവഴിച്ചുമില്ല. എന്നാൽ വർഷങ്ങൾക്കുശേഷം ആ പണം ഒരു കാൻസർ രോഗിക്ക് ചികിത്സാചെലവിനായി അയച്ചുകൊടുത്തു. ഒരുപാടു പറഞ്ഞുനീട്ടാതെ എന്റെ കർത്തവ്യത്തിലേക്ക് നിങ്ങളുടെ അനുവാദത്തോടെ കടക്കട്ടെ"

പൊന്നാടയണിയിക്കുന്ന വേളയിൽ മാഷിനോട് ക്ഷമാപണം നടത്തുമ്പോൾ ജന്മം സഫലമായെന്നു അവന്റെ മനസിലിരുന്നാരോ മന്ത്രിക്കുന്നുണ്ടായിരുന്നു.

മാഷിനെ അർജ്ജുൻദേവ് നെഞ്ചോട് ചേർത്തു വിറയാർന്ന കൈകളിൽ പിടിച്ച് മൂർദ്ധാവിൽ ഒരു സ്നേഹചുംബനം നൽകുമ്പോൾ ആരവങ്ങളോടെയും കരവർഷത്തോടെയും സദസ്യർ ആ നിമിഷം ധന്യമാക്കി.



**രഞ്ജിത്ത് ഇ.ആർ**
സി. നമ്പർ : 3233




**അഭിലാഷ്**
സി. നമ്പർ : 4540



# രോഹിതക്ക്

**ഷാജി തുറവുങ്കൽ**
സി.4727
സെൻട്രൽ പ്രിസൺ വിയ്യൂർ- തൃശൂർ

എന്റെ ഓമന രോഹിതക്ക്
പൊന്നോണ പുലരിയെ വരവേൽക്കുവാൻ
എൻ തടവറ വാതിലിൽ ചാരത്തുനിൽക്കവേ
കണ്ടു ഞാനാ ചിത്രം എന്റെ സന്തതസഹചാരിയാം "മാതൃഭൂമി" യിൽ
കുഞ്ഞികാലിൽ ഇഴഞ്ഞുനിങ്ങുന്നൊരു പൊന്നോമന പൈതലേ

എന്നുള്ളം പിടഞ്ഞു ഞാൻ ആർത്തിയോടെ നോക്കവേ,
അറിഞ്ഞു ഞാനാ മാതാവിൻ കാപട്യം,
നൊന്തു പ്രസവിച്ചൊരു പൊന്നോമന, കൈവിട്ടുപോയതു
അറിയാതവൾ സുഖനിദ്രയെ പൂകിയത്!

പളനിയാണ്ടവൻ താൻ പുണ്യമെന്നല്ലേ പറയേണ്ടു
ഘോര വനത്തിൽ, മാംസദാഹിയാം ഹിംസ്രജന്തുക്കൾ,
അന്നം തേടി അലയുന്നെങ്കിലും, കണ്ടില്ലവർ
മുട്ടുകാലിൽ ഇഴഞ്ഞു നീങ്ങുന്നൊരെൻ പൊന്നോമനയെ!

ദൈവഹിതമെന്തന്നല്ലതെന്തുരിയാടണം ഞാൻ
പൊന്നോമന പൈതലിൻ രോദനം ശ്രവിച്ചൊരു
വനപാലകർ അവർ കോരിയെടുത്താ പിഞ്ചോമനയെ,
തോളിലിട്ടോമനിച്ചു, പ്രഥമ ശുശ്രൂഷയും നൽകി

യാത്രയുടെ അന്ത്യത്തിലേതോ സമയത്തവൾ
തൻ പൊന്നോമനയെ തെരഞ്ഞതെന്നോർക്കണം
അലമുറയിട്ടോടിയിട്ടെന്തു കാര്യം സോദരീ;
അരുമയാംകുഞ്ഞിനു കവചമൊരുക്കുവാൻ എന്തേ മറന്നു നീ!

ചാരത്തു കണ്ട വെളിച്ചം തേടിയെന്റോമന, രോഹിത,
പിഞ്ചുകാലിൽ നീന്തവേ, രക്ഷകനായതു പളനിയാണ്ടവൻ തന്നല്ലോ!
മാപ്പില്ല സോദരീ, നിന്റെ വിഴ്ചകൾക്ക് മാപ്പില്ലൊരിക്കലും
കേരള മക്കൾ തൻ ഉള്ളം പിടഞ്ഞതു കണ്ടുവോ, സോദരീ!

# പ്രേതം

**പി.ആർ.രാജേഷ്**
അസി. പ്രിസൺ ഓഫീസർ , സെൻട്രൽ പ്രിസൺ വിയ്യൂർ

വിദൂരനാടുകളിലെ അവിരാമമായ അലച്ചിലിനൊടുവിൽ അവശനും, ആരോഗ്യം നഷ്ടപ്പെട്ടവനുമായി അയാൾ വീട്ടിൽ തിരിച്ചെത്തുമ്പോൾ അയാളുടെ ഭാര്യയും മകനും ആഹ്ലാദംകൊണ്ട് തുള്ളിച്ചാടുമായിരുന്നു. അയാൾ തിരികെപ്പോകുന്നതുവരെ ആ വീട്ടിൽ ഉത്സവാഘോഷമായിരുന്നു. ഭാര്യയുടെയും മകന്റെയും അടുത്തേയ്ക്ക് തിരിച്ചെത്തുമ്പോൾ അയാൾക്ക് എന്തെന്നില്ലാത്ത സമാധാനം വന്നുചേരും. അടുത്ത തവണ വന്നാൽ പിന്നീടൊരു തിരിച്ചുപോക്ക് ഉണ്ടാകില്ല എന്നയാൾ ഉറപ്പുപറയുമെങ്കിലും വാക്ക് പാലിക്കപ്പെട്ടിട്ടില്ല. അതിൽ അയാളുടെ ഭാര്യ പലവട്ടം പരിഭവം പ്രകടിപ്പിച്ചിട്ടുണ്ട്. താൻ സങ്കല്പിക്കുന്നതിനേക്കാൾ വേഗത്തിൽ അയാളുടെ മകൻ ഓരോ പ്രാവശ്യവും വളർന്നിട്ടുള്ളതായി അയാൾക്ക് തോന്നി. അതിനാൽ ഓരോ തിരിച്ചുവരവും അയാളുടെ ഉള്ളിൽ അങ്ങേയറ്റത്തെ മന:സമാധാനം കൊണ്ടുവന്നു. അവർ രാത്രി സമയത്ത് നഗരം മുഴുവൻ ചുറ്റി നടക്കാനിറങ്ങും. ഒരിക്കലും തീരാത്ത കഥകൾ അയാൾക്ക് അവരോട് പറയാനുണ്ടായിരുന്നു.

തിരികെ വീട്ടിൽ വന്നാൽ അവർ ഒരുമിച്ച് കുളിക്കുകയും ഒരുമിച്ച് ഭക്ഷണം കഴിക്കുകയും ചെയ്യും. തന്റെ നേർക്ക് കുതിച്ചുവന്ന തിമിംഗലത്തെ ഒറ്റയടിക്ക് കൊന്ന വീരസാഹസത്തെക്കുറിച്ച് വീണ്ടും വീണ്ടും പറഞ്ഞാലേ മകൻ ഉറങ്ങാറുള്ളൂ. കൈവന്ന സൗഭാഗ്യങ്ങളെക്കുറിച്ചും, നടക്കാതെ പോയ പദ്ധതികളെക്കുറിച്ചും അയാൾ ഭാര്യയോട് രാത്രി വൈകിയും പങ്കുവയ്ക്കുക പതിവാണ്. അയാൾ തന്റെ ബലഹീനമായ ശ്വാസം ഉപയോഗിച്ച് മെഹ്ദിഹസ്സന്റെ പാട്ടുകൾ പാടാൻ ശ്രമിക്കുകയും, അവരുടെ പ്രണയകാലത്തേതുപോലെ പാടാനാകാതെ ഉച്ചത്തിലുള്ള ഒരുപാട് ചുമകളാൽ പൊട്ടിച്ചിതറി തളർന്നുപോകുകയും നിർത്താതെ പൊട്ടിച്ചിരിക്കുകയും അവസാനം അവളുടെ മൂർദ്ധാവിൽ സ്നേഹോഷ്മളമായതെങ്കിലും മഞ്ഞുപോലെ തണുത്ത ഒരു ചുംബനം നല്കി അവളുടെ മടിയിൽ തല ചായ്ച്ച് ഉറങ്ങിപ്പോകുകയും പതിവായിരുന്നു. പലപ്പോഴും ഹാളിലെ സോഫയിൽ തല ചായ്ച്ചിരുന്ന് കഥകൾ പറയാൻ തുടങ്ങുകയും, അവിടെത്തന്നെ ഉറങ്ങിപ്പോകുകയും ചെയ്തിരുന്നു.

ഇപ്രാവശ്യം അയാൾ വീട്ടിലെത്തിയപ്പോൾ വീട്ടിൽ ഇടയ്ക്കിടെ പ്രേതം പ്രത്യക്ഷപ്പെടാറുണ്ടെന്നും അതിനെ തിമിംഗലത്തിനെയെന്നപോലെ അച്ഛൻ കൊല്ലണമെന്നുമായിരുന്നു മകന്റെ ആദ്യത്തെ ആവശ്യം. അച്ഛനെക്കൊണ്ട് മാത്രമേ അതിനെ കൊല്ലാനാവൂ വെന്ന് അവന് ഉറപ്പായിരുന്നു. എന്നും രാത്രികളിൽ അവന്റെ ജനാലയ്ക്കരികിലൂടെ ആ പ്രേതം സഞ്ചരിച്ചു. അത് പ്രേതമാണെന്നും നന്നായി പഠിക്കാത്തതുകൊണ്ടാണ് പ്രേതം വരുന്നതെന്നും അമ്മ മകനെ പറഞ്ഞു മനസ്സിലാക്കിയിരുന്നു. പേടി കൊണ്ട് അവന് പഠിത്തത്തിലുള്ള ശ്രദ്ധ നഷ്ടപ്പെട്ടു. അച്ഛൻ വന്നപ്പോളാണ് അവന് ശ്വാസം നേരെ വീണത്. എന്നാൽ അച്ഛൻ തിരികെപ്പോകുന്നതുവരെ ആ പ്രേതത്തെ അച്ഛന് കാണിച്ചുകൊടുക്കാനോ, അതിനെ മഴുവെറിഞ്ഞ് കൊല്ലുന്നതുകാണാനോ അവന് ഭാഗ്യമുണ്ടായില്ല. അച്ഛൻ എത്രയും വേഗം തിരിച്ചെത്താമെന്നും അടുത്ത തവണ വന്നാൽ പിന്നെ തിരിച്ചുപോകില്ല എന്നും ആ പ്രേതത്തെ താൻ കൊന്ന് മകന്റെ കാൽക്കീഴിൽ ഇട്ടുതരുമെന്ന ഉറച്ച വാക്കും മകന് നൽകിക്കൊണ്ട് അയാൾ മടങ്ങിപ്പോയി. അയാൾ പോകുന്നതും നോക്കിക്കൊണ്ട് അവൾ നിർത്താതെ കരഞ്ഞു. അയാൾ പോയതിനുശേഷം രാത്രികളിൽ മകന്റെ ജനാലയ്ക്കരികിൽ വീണ്ടും പ്രേതം പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു. അമ്മ പേടിക്കേണ്ടെന്നും ഈ പ്രേതം അച്ഛന്റെ കൈകൊണ്ടു ചാവാനുള്ളതാണെന്നും മകൻ അമ്മയെ ആശ്വസിപ്പിക്കുകയും ചെയ്തു.



# രാത്രി

**വി.ജെ. മാത്യു**
സി. നമ്പർ 4623
സെൻട്രൽ പ്രിസൺ വിയ്യൂർ

കോരിച്ചൊരിയുന്ന മഴ!

രാത്രി ഒൻപതു മണി...... !

മെയിൻ റോഡിന് അടുത്താണ് ആ വീട്. വാഹനങ്ങൾ റോഡിലൂടെ വേഗത്തിൽ അങ്ങോട്ടുമിങ്ങോട്ടും പോയ്ക്കൊണ്ടിരുന്നു. ജനൽപാളികൾക്കിടയിലൂടെ അരിച്ചുകയറുന്ന തണുത്തകാറ്റ്. തന്റെ ഭർത്താവു മരിച്ചിട്ട് അഞ്ചുവർഷങ്ങൾ കഴിഞ്ഞു അവളോർത്തു. രണ്ടുകുട്ടികളുടെ അമ്മയായ അവൾ ഭർത്താവിന്റെ അച്ഛനോടും അമ്മയോടുമൊപ്പം താമസിക്കുകയാണ്. അല്പസ്വല്പം സാമ്പത്തികശേഷിയുള്ളതുകൊണ്ട് അല്ലലില്ലാതെ കഴിയുന്നു. പക്ഷേ... പണത്തിന് തരാൻ പറ്റാത്ത മറ്റു പലതുമുണ്ടല്ലോ?

അമ്മായിയച്ഛനും അമ്മായിയമ്മയും അകത്തെ മുറിയിൽ ഉറക്കം പിടിച്ചുകഴിഞ്ഞു. സിറ്റൗട്ടിലേക്കു തുറന്നുകിടന്ന ജനാല അടയ്ക്കുവാനായി അവൾ ജനലിനടുത്തേയ്ക്ക് ചെന്നു. വെളിയിലേയ്ക്കുനോക്കിയപ്പോൾ പുറത്തെ വരാന്തയോടു ചേർന്ന് സുമുഖനായ ഒരു ചെറുപ്പക്കാരൻ നിൽക്കുന്നു. മഴ നനയാതിരിയ്ക്കുവാൻ കയറിനിന്നതാവാം. സിറ്റൗട്ടിൽ രണ്ടു കസേര കിടന്നിരുന്നു.

“ആ കസേരയിലേയ്ക്കു കയറി ഇരുന്നോളൂ” അവൾ പറഞ്ഞു. ഒന്നു പുഞ്ചിരിച്ചുകൊണ്ട് അയാൾ ആ കസേരയിൽ കയറി ഇരുന്നു. അവൾ തന്റെ കിടപ്പു മുറിയിൽ കുട്ടികളുടെ അടുത്തേയ്ക്ക് ചെന്നു. രണ്ടുപേരും നല്ല ഉറക്കത്തിലാണ്!

അവൾ തിരികെ വന്ന് ജനലിലൂടെ വീണ്ടും ആ ചെറുപ്പക്കാരനെ നോക്കി. അയാൾ അവളെക്കണ്ടു മന്ദഹസിച്ചു. മഴ ശക്തിപ്രാപിച്ചുകൊണ്ടിരുന്നു. തണുത്ത കാറ്റ് വീശിയടിച്ചു. അവൾ പുറത്തേയ്ക്കുള്ള വാതിലിന്റെ സാക്ഷമെല്ലെ എടുത്ത് കതക് അല്പം തുറന്നിട്ടു! കിടപ്പു മുറിയുടെ വാതിലും അല്പം തുറന്നിട്ട് അവൾ തന്റെ കിടക്കയിൽ ചെന്നു കിടന്നു. തെല്ല് അസ്വസ്ഥതയോടെ... വിവശയായി.... അവൾ കിടക്കയിൽ തിരിഞ്ഞും മറിഞ്ഞും കിടന്നു...

എപ്പോഴാണ് ഉറങ്ങിയതെന്നറിഞ്ഞില്ല. നേരം വെളുക്കാറായപ്പോൾ അവൾ ഞെട്ടി എണീറ്റു. പുറത്തേയ്ക്കുള്ള വാതിൽ പാതി ചാരിയതുപോലെ തന്നെ കിടക്കുന്നു. മഴയുടെ ശക്തി കുറഞ്ഞിരിക്കുന്നു! വെളിയിൽ ആ ചെറുപ്പക്കാരനെ കണ്ടില്ല! അവൾ അലമാരതുറന്ന് നോക്കി. അതിനുള്ളിൽ നിന്നും സ്വർണ്ണവും പണവും മറ്റു വിലപിടിപ്പുള്ള സാധനങ്ങളും നഷ്ടപ്പെട്ടിരുന്നു!

# പ്രളയപാഠം

മൻസീദ്ബിൻ മഹമ്മൂദ്
അതീവസുരക്ഷ ജയിൽ, വിയ്യൂർ, തൃശ്ശൂർ

ദുരമൂത്ത മനുഷ്യൻ മലയിടിച്ചു
മണലൂറ്റി മനകെട്ടി മേനികാട്ടി
ആഴിയും, അവനിയും, ആകാശവും
ചുരമാന്തി ചൂഷണം ചെയ്തുവരുന്നു.
പുക തിന്ന് ഭൂമിക്ക് പൊറുതിമുട്ടി
അത് കണ്ട് ദിനപതി ചൂട്കൂട്ടി
ഉറവറ്റി ഭൂകവചം വരണ്ടുണങ്ങി
തളിരും തുടിപ്പും മുക്കുകാട്ടി.
പകയോടെ ഭൂമി വാ പിളർന്നു
വിഹായസ്സ് വെള്ളം ഒഴുക്കിവിട്ടു
ക്രോധത്താൽ അനിലൻ അടിച്ചുവീശി
പ്രളയം സംഹാരരുദ്രയായി.

മണ്ണു പുതച്ച് മരണമെത്തി
കണ്ണുരുട്ടി ചൊടിപ്പുകാട്ടി
കടലുക്രോധത്താൽ രണപ്രവാഹമായി
നാശനം നാടാകെ നാവുനീട്ടി.

കരുതി നടന്നാൽ കരയേണ്ടതില്ല
കാലം പോലൊരു ഗുരുവുമില്ല
വികസനം ചൂഷണ മാർഗ്ഗമല്ല
പ്രകൃതിയുടെ നാശം നമുക്ക് ദോഷം.

# മണൽക്കാട്ടിലെ മഴ

വിരഹത്തിന്റെ വേനൽചൂടിൽ
ഉണങ്ങിവരണ്ട മണൽകുന്നുകളുടെ മേൽ
കുളിരുന്ന നനവായ് മഴപെയ്തിറങ്ങുമ്പോൾ
വിരഹ ചൂടകറ്റുന്ന ആലിംഗനത്തിന്റെ ചൂരുയർന്ന്
പുതമഴ നനയുന്ന മണ്ണിന്റെ മാദക ഗന്ധമായ്
നെഞ്ചകം നിറഞ്ഞ ശ്വാസനിശ്വാസമായ്!
മണലിന്റെ മുതുകിൽ പതിച്ചോരാ തുള്ളിയും,
ദാഹിച്ചുണങ്ങി വരണ്ട തൊണ്ടയിൽ
കിനിഞ്ഞിറങ്ങിയ ജീവജലമായാമൃതമായ്
വിയർത്തു തളർന്നൊരിണകളെ പോലെയായ്
നനഞ്ഞുകുതിർന്ന പുൽചെടികളും മരങ്ങളും
തനു തളർന്നുറങ്ങുന്ന തരുണിപോലലസമായ്
ചിതറിവീണ ഇലകളും പൂക്കളും
ഇനിയുമൊരുവെയിൽ വന്ന് വിരഹതാപം കനക്കുവോളം
എന്റെ നെഞ്ചോടൊട്ടിക്കിടക്ക നീ പ്രണയമേ....



കഥ

# കുട്ടൻപിള്ളത്തമ്പുരാൻ

**അനീഷ്കുമാർ**
സി– 1996, സെൻട്രൽ പ്രിസൺ, വിയ്യൂർ, തൃശൂർ

നൂറുവയസ്സുപിന്നിട്ട മുത്തശ്ശനാണ് കുട്ടൻപിള്ള. മുത്തശ്ശൻ എന്നല്ല മുതുമുത്തശ്ശനാണ്. കാരണം അദ്ദേഹത്തിന്റെ പേരക്കുട്ടികൾക്കു പേരക്കുട്ടികളായി. കുട്ടൻപിള്ളയദ്ദേഹം ഇപ്പോൾ താമസിക്കുന്നത് പേരക്കുട്ടിയുടെയും പേരക്കുട്ടിയുൾപ്പെട്ട വീട്ടിലുമാണ്. ശീതികരിച്ച മുറിയിലാണ് അദ്ദേഹത്തെ പാർപ്പിച്ചിരിക്കുന്നത്. എല്ലാം വിളിപ്പുറത്ത് അഥവാ കൈയെത്തുംദൂരത്താണ്. എങ്കിലും അദ്ദേഹത്തിന് സംതൃപ്തിയില്ല. ജീവിതത്തിന്റെ അനുഭൂതി നഷ്ടപ്പെട്ടപോലെ. കുട്ടൻപിള്ള നാട്ടിലെ തമ്പുരാനായിരുന്നു. രാജഭരണകാലത്ത്. തിരുവിതാംകൂർ രാജ്യത്തെ പല നാട്ടുരാജാക്കൻമാരിൽ പൂഞ്ഞാർ വഞ്ഞിപ്പുഴമഠം വക നാട്ടുരാജാവിന്റെ ചിറക്കടവുദേശത്തെ നാടുവാഴിയായിരുന്നു തമ്പുരാൻ. തമ്പുരാന് സ്വന്തമായി ആനകളും, ഒരു അയ്യപ്പക്ഷേത്രവും, നാട്ടുകാരുടെ വിദ്യാഭ്യാസം മുൻനിർത്തി, സ്വന്തമായി പണികഴിപ്പിച്ച ഒരു പാഠശാലയുമുണ്ടായിരുന്നു. ഇതൊക്കെയാണെങ്കിലും തമ്പുരാന് മാടമ്പിത്തരം ഉണ്ടായിരുന്നില്ല. നാട്ടുകാരുടെ പ്രിയങ്കരനായ തമ്പുരാനായിരുന്നു.

കാലം പോയി, കാലചക്രം പണ്ടത്തെ വണ്ടിക്കാളയുടേതുപോലല്ല. അതിവേഗവണ്ടിയുടേതുപോലാണ് ഉരുളുന്നത് എന്ന് ഒരു ദിവസം പത്രവായനക്കുശേഷം അദ്ദേഹം ഫലിതരൂപേണ പറഞ്ഞു. കാരണം സാധാരണ ഗതിയിൽ മക്കളും പേരക്കുട്ടികളുമായാൽ ഒരാൾ കാലഗതി പൂണ്ടിരിക്കും. എന്നാൽ ഞാൻ, മക്കളും പേരക്കുട്ടികളും ചിലർ മരിച്ചിട്ടുപോലും ഇന്നും ജീവനോടെയിരിക്കുന്നു. പഴയ കളരി അഭ്യാസിയായതുകൊണ്ടും മർമ്മ ചികിത്സാവൈദ്യരായതുകൊണ്ടും മാത്രമല്ല ഇങ്ങനെയിരിക്കുന്നത് -അദ്ദേഹം പറയുന്നു.

പിന്നെന്താണ്? കാരണം ചോദിച്ചാൽ അദ്ദേഹം പറയും "അത് അന്നത്തെ ആഹാരത്തിന്റെയാ"....

അന്ന് ആഹാരം, ചാണകവും ചാരവും പച്ചില വളവും മറ്റുമിട്ട് ചെയ്തിരുന്ന കാർഷികോല്പന്നങ്ങളുടേതായിരുന്നു. അന്നത്തെ കീടനാശിനിയും ചാണകത്തെളിയും പുകയിലക്കഷായവും ഉപ്പും ഒക്കെയായിരുന്നു. കുമ്മായവും കാർഷികാവശ്യങ്ങൾക്കുപയോഗിച്ചിരുന്നു. ഇനിയിപ്പോൾ ശീതികരിച്ച മുറിയിലിരുന്ന് ഫ്രിഡ്ജിൽ സൂക്ഷിച്ചിരിക്കുന്ന മുട്ടക്കൂസും രക്തമൂലിയും മറ്റു ചേർത്തുണ്ടാക്കുന്ന തോരനും ജൂസുമൊക്കെയാണ് വയസുകാലത്ത് കഴിക്കാൻ വിധിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ടാണ് അദ്ദേഹം പറയുന്നത് ജീവിതത്തിന്റെ സംതൃപ്തിയോ അനുഭൂതിയോ നഷ്ടപ്പെട്ടെന്ന്. എന്നാൽ മരിക്കുന്നുമില്ല. എന്നുവെച്ച് ആത്മഹത്യ ചെയ്യാനും പറ്റില്ല. ആത്മഹത്യ ചെയ്യാത്തതെന്താന്നു വച്ചാൽ അത് പ്രകൃതി വിരുദ്ധമായ കാര്യമായതാണ്. തന്നെയല്ല തനിക്ക് കുടുംബത്തിനുള്ളിൽ സ്നേഹപരിഗണനകൾക്ക് ക്ഷാമമില്ല. കുടുംബകലഹവും ദാരിദ്ര്യവും കടക്കെണിയും പോലുള്ള ദുരിതങ്ങൾ ഭാഗ്യവശാൽ തനിക്കില്ല. തന്നെയല്ല പേരക്കുട്ടികളാണ് പണ്ട് ഭാര്യയും മക്കളുമുണ്ടായിരുന്നതിനുപകരമിപ്പോൾ ഉള്ളത്. ദൈവാധീനം കൊണ്ട് വിവാഹബന്ധം സ്ഥാപിച്ച് വധൂവരന്മാരായി വന്നവരും സ്നേഹവും സംസ്ക്കാരവുമുള്ളവരുമാണ്.

പക്ഷെ ജീവിതത്തിലെ ദുരനുഭൂതിയായിത്തോന്നുന്നത് സ്വദേശമായ നാട്ടിൻപുറവും നാടൻരീതിയിലുള്ള വീടും പ്രകൃതിയുടെ ചൂടും തണുപ്പുമറിഞ്ഞു ജീവിക്കാനുള്ള ചുറ്റുപാടും നഷ്ടപ്പെട്ടതാണ്. തനിക്ക് തൊണ്ണൂറു വയസ്സടുത്തപ്പോഴാണ് എൺപത്തിമൂന്നുകാരിയായ ഭാര്യ മരിച്ചത്.

**"അന്ന് ആഹാരം, ചാണകവും ചാരവും പച്ചില വളവും മറ്റുമിട്ട് ചെയ്തിരുന്ന കാർഷികോല്പന്നങ്ങളുടേതായിരുന്നു. അന്നത്തെ കീടനാശിനിയും ചാണകത്തെളിയും പുകയിലക്കഷായവും ഉപ്പും ഒക്കെയായിരുന്നു. കുമ്മായവും കാർഷികാവശ്യങ്ങൾക്കുപയോഗിച്ചിരുന്നു. ഇനിയിപ്പോൾ ശീതികരിച്ച മുറിയിലിരുന്ന് ഫ്രിഡ്ജിൽ സൂക്ഷിച്ചിരിക്കുന്ന മുട്ടക്കൂസും രക്തമൂലിയും മറ്റു ചേർത്തുണ്ടാക്കുന്ന തോരനും ജൂസുമൊക്കെയാണ് വയസുകാലത്ത് കഴിക്കാൻ വിധിക്കപ്പെട്ടിരിക്കുന്നത്. "**

ഏതാണ്ട് അതേകാലഘട്ടത്തിലാണ് എഴുപത് വയസിനടുത്ത മകനും മകളും മരിച്ചത്. താൻ മരിക്കാതെ മക്കൾ ചിലർ മരിച്ചതുകൊണ്ട് അവർ അകാലത്തിൽ മരിച്ചു എന്നു പറയാൻ വയ്യ. കാരണം എഴുപത് -എന്നുപറഞ്ഞാൽ സപ്തതി ആഘോഷിച്ചിട്ടാണ് മകനും മകളും മരിച്ചത്. അതിനെത്തുടർന്ന്, തന്റെ യൗവനത്തിൽ ഒരു മണിക്കൂർ വണ്ടിയോടിയാൽ തീരാത്തത്ര ദൂരത്തിൽ നടപ്പാതയുണ്ടായിരുന്ന തന്റെ വസ്തുവഹകൾ മക്കളും കൊച്ചുമക്കളും കൂടി വീതി ച്ചും വിറ്റും പലതാക്കി. ആയിരത്തോളമേക്കർ ഭൂമി കൈവശക്കാരിക്കും തൊഴിലാളികൾക്കും കീഴാളർക്കുമായി പതിച്ചുകൊടുത്തു. ആ വക ഭൂമിയിലെല്ലാമിപ്പോൾ നാനാജാതിമതസ്ഥരും നാനാദിക്കുകാരും, എന്തിന് "മലയാളം പറയുന്നവരും" മലയാളം അറിയാത്തവരും "അരിയുന്നവരും" എല്ലാം താമസിക്കുന്നു. കാലത്തിന്റെ ഈ കുത്തൊഴുക്കിലാണ് താനും നഗരജീവിയായി മാറിയത്.

നാട്ടിൽ നല്ല തേൻവരിക്കചക്കയും ആഞ്ഞിലിപ്പഴവും നാട്ടുമാങ്ങയും കരനെൽച്ചോറും കാന്താരിപ്പടപ്പൻകപ്പയും കാന്താരിമുളകും പച്ചക്കുരുമുളകരച്ച ചമ്മന്തിയും ഒക്കെ തിന്നു വളർന്ന ബാല്യവും ഗാർഹസ്ഥ്യവും എല്ലാം നഷ്ടമായി. ആ സ്ഥാനത്ത് കൃതിമ നിറക്കൂട്ടുചേർത്ത് ഉണ്ടാക്കുന്ന പായ്ക്കറ്റാഹാരങ്ങളായി. വീണ്ടും കുറെകഴിഞ്ഞപ്പോൾ അതാ അതിവിശാലമായ മുറിയുടെ ചുമരിൽ സ്ഥാപിച്ച ഒരു "ചിത്രവർണ്ണദായികപ്പെട്ടിയിൽ" ചിലർ ചർച്ചകളിൽ പങ്കെടുത്തുപറയുന്നു- നിരോധിത വസ്തുക്കൾകൊണ്ടു നിർമ്മിച്ചതാണ് പല ആഹാരവുമെന്ന് "രൂപാന്തരി" യെന്ന് ഇനിയും മലയാളി വിളിച്ചിട്ടില്ലാത്തതായ പ്ലാസ്റ്റിക്ക് പൂശിയതാണത്രെ ബഹുവർണ്ണപ്പൊതികളിൽ കിട്ടുന്ന പല വറപൊരി സാധനങ്ങളുമെന്ന്......!

ശിവ! ശിവ! ഇനിയെ

ന്നെല്ലാം പുതിയ വാർത്ത കേട്ടിട്ടാണാവോ താൻ മരിക്കുക. പ്രകൃതിയുടെ മടിത്തട്ടിൽ നിന്നാണ് താൻ പിറന്നത്. പ്രകൃതിയുടെ മടിത്തട്ടിലാണ് കളിച്ചുവളർന്നത്. പ്രകൃതിയെന്ന പശുവിന്റെ ഉല്പന്നങ്ങളാകുന്നതീരമാണ് താൻ നുകർന്നത്. എന്നാൽ ഇനി നൂറ്റിയൊന്നാം വയസ്സിൽ പ്രകൃതി വിരുദ്ധതയുടെ ഭാഗമായാണ് ഞാൻ ജീവിക്കുന്നത്. തന്റെ ബാല്യയൗവന ഗാർഹസ്ഥ്യങ്ങളിൽ ആകെക്കൂടി ചെയ്തിട്ടുള്ളതായിപറയാവുന്ന "ക്രൂരതകൾ" വല്ലപ്പോഴും നാടൻകോഴിയേയോ, കെണിവച്ചുപിടിച്ച മുയലിനെയോ പുഴയിൽ നാടൻ വലവീശി കൊണ്ടുത്തരുന്ന മീനിനെയോ കഴിച്ചിട്ടുണ്ട് എന്നതുമാത്രമാണ്. അതുപക്ഷെ, നല്ലനാടൻ കുരുമുളകും കറിവേപ്പിലയും ഇഞ്ചിയുമൊക്കെ ചേർത്തുള്ള ഭക്ഷണവിഭവമാക്കിയാണ്. അന്ന് പക്ഷെ അതൊന്നും വംശനാശം നേരിടുന്ന അവസ്ഥയിലായിരുന്നില്ല. അതൊക്കെ സാധാരണമായ ചിന്താഗതിക്കപ്പുറമുള്ള പദപ്രയോഗങ്ങളായിപ്പോലും ഉണ്ടായിരുന്നില്ല.

ഇന്നിപ്പോൾ അതല്ല എന്തും വംശനാശം നേരിടുന്നു എന്നുള്ള രീതിയിലാണ് വാർത്തകൾ പോകുന്നത്. കുട്ടൻപിള്ളേച്ചന് ഇപ്പോൾ ഒരു നടക്കാത്ത ആഗ്രഹമാണ് ബാക്കിയുള്ളത്. "ദൈവമേ ! ഈ പ്രളയമെല്ലാം വന്നിട്ടും പുരാണങ്ങളിൽ പറയുന്നതുപോലെ പ്രകൃതിയുടെ പുനരുത്പത്തി നടക്കുന്നില്ലല്ലോ" ദശാവതാരത്തിൽ പറയുന്നത് -അവതാരങ്ങൾ പലതിനുശേഷം വീണ്ടും ഒന്ന് എന്ന് ആദിയിലേക്കുപോകുമെന്നാണ്. അങ്ങിനെയൊന്നു സംഭവിച്ചിരുന്നെങ്കിൽ ഈ പ്രകൃതി ശുദ്ധീകരിക്കപ്പെട്ടേനെ. നൂറ്റിയൊന്നാം വയസിലും മറവിരോഗം ബാധിക്കാത്ത കുട്ടൻപിള്ളത്തമ്പുരാന്റെ സ്വപ്നം വ്യാമോഹമല്ല. അതിമോഹമോ ക്രൂരവിനോദമോ അല്ല.

അദ്ദേഹം പറയുന്നതും ചിരിക്കുന്നതും ശരിയാണെന്നെനിക്കു തോന്നുന്നു. കാരണം, അത് പ്രകൃതിയുടെ നന്മക്കുവേണ്ടിയുള്ളതായ, ഉള്ളിൽ നിന്ന് ഉയർന്നുവരുന്ന അദമ്യമായ ഒരു അഭിവാഞ്ഛയാണ്. "പ്രകൃതിയില്ലെങ്കിൽ മനുഷ്യനുണ്ടോ? പ്രകൃതിയുടെ മടിത്തട്ടിൽ ഇരുന്നു വളരേണ്ട മനുഷ്യൻ പ്രകൃതിയെ കീശയിലും ലാപ്ടോപ്പിലുമൊതുക്കുന്നതായ ഈ ദുരവസ്ഥ മാറേണ്ടതു തന്നെയാണ് ശാസ്ത്രം വളരട്ടെ - പക്ഷെ അതുനന്മക്കുവേണ്ടി മാത്രമാകണം. പ്രകൃതിയെ നശിപ്പിച്ചുള്ള അത്യാഗ്രഹത്തിനുവേണ്ടി മാത്രമാകരുത്. 101-ാം വയസിലും തമ്പുരാൻ സുബോധത്തോടെ പുതുതലമുറയോടു പറയുന്നതിതാണ്.

കവിത

# രണ്ടും രണ്ടും

രണ്ടുവേളകണ്ടാൽ
രണ്ടുകണ്ണും തേടും
രണ്ടുപേരും കാണാൻ.
രണ്ടുവാക്കു മിണ്ടാൻ
രണ്ടുവാക്കുമിണ്ടിൽ
രണ്ടുപേരും വീണ്ടും
രണ്ടു കണ്ണിൽ നോക്കി
രണ്ടു കൈയും കോർക്കും
രണ്ടുപേർക്കും പിന്നെ
രണ്ടു ചിന്തയില്ല.....!
രണ്ടുദേഹം പക്ഷെ-
രണ്ടു മനസുമൊന്ന്!

രണ്ടുമാർഗ്ഗം പോകാൻ
രണ്ടുപേർക്കും വയ്യ!
രണ്ടുപേർക്കും വാഴാൻ
രണ്ടുവീടുവേണ്ട!
രണ്ടുപേരും ചേർന്നാൽ
രണ്ടുമക്കളാകാം....
രണ്ടും രണ്ടും ചേർന്നാൽ
രണ്ടും ജന്മപുണ്യം.



# പ്രളയം ഒരു ബാക്കിപത്രം

ശിവകുമാർ
ആർ.പി. 791/19, ജില്ല ജയിൽ കോഴിക്കോട

ആരെയോതിരയുന്നു ഞാൻ
തിരയുന്നതൊക്കെയും മണ്ണിലുറങ്ങുന്നു
മണ്ണിനകത്തളങ്ങളിൽ ചോരമണമുറയുന്നു
ചോരപ്പുറ്റുകളിൽ
ചിതറിക്കുന്നൊരവശിഷ്ടങ്ങൾ
-ക്കൊരവകാശിയെ
തിരഞ്ഞു ഞാൻ നടന്നു.
മാധ്യമ ചാനൽ ചർച്ചകളിൽ
മന്ത്രി പുംഗവൻ പറഞ്ഞു;
"ഇതു മഴപ്പെയ്ത്ത്"
ഖദർ ധാരികൾ പറഞ്ഞു;
"ഡാമുകളുറഞ്ഞു തള്ളി"
പരിസ്ഥിതി തത്വസംഹിതകൾ
പറഞ്ഞു,
പശ്ചിമഘട്ടം പൊട്ടിയൊഴുകി,
പ്രകൃതി മനുഷ്യനിൽ പരിതപിക്കുന്നു.
ഇനി,ഞാനാരെത്തിരയണം?
തിരയുന്നൊരവകാശികളൊക്കെയും
പ്രളയഹേതുവറിയാതൊരി-
മഴപെയ്ത്തിലും, കണ്ണീരുറവ
വറ്റിക്കിടക്കുന്നീധരണിയിൽ

■



# എന്റെ ബാല്യം

ഷെഫീക്ക്
ആർ.പി.25, അതീവസുരക്ഷ ജയിൽ, തൃശ്ശൂർ

തോടും പാടവും കഴിഞ്ഞാൽ ഭദ്രകാളിക്കാവാണ്. കാവിന് പുറകിലാണ് അവളുടെ വീട്. മണ്ണുകൊണ്ട് തേച്ച ഒരു ചെറുവീട്. ഒരേ സ്കൂളിലും ഒരേ ക്ലാസിലും ആയതുകൊണ്ട് ഞങ്ങൾ ഒന്നിച്ചാണ് സ്കൂളിലേക്കുള്ള പോക്കുവരവ്. അവൾ നുണച്ചിയും മടിച്ചിയുമായിരുന്നു. സ്കൂളിൽ വരാതിരിക്കാൻ ഒരോ ഒഴിവ് കഴിവുകൾ കണ്ടെത്തുന്ന ഒരു കുഞ്ഞു നുണച്ചി. തോട്ടിൽ ഒഴുക്കിന് എതിരെ പായുന്ന ചെറുമീനുകളെ നോക്കിയും അപ്പുപ്പിള്ള ചേട്ടന്റെ പറമ്പിലെ ഞാവൽ പഴം പെറുക്കിയും എന്നും നേരം കൊല്ലും. വൈകിയെത്തുന്ന ഞങ്ങൾക്ക് കണക്ക് പഠിപ്പിക്കുന്ന കുട്ടി സാറിൽനിന്ന് എന്നും അടിയേൽക്കുക പതിവാണ്. പരസ്പരം നോക്കി നിറഞ്ഞ കണ്ണുകൾകൊണ്ട് സങ്കടകൈമാറ്റം നടത്തി ഞങ്ങൾ ആ പതിവ് പല്ലവി തുടർന്നുപോന്നു.

സ്കൂളിലേക്കുള്ള നടത്ത വേളകളിൽ അവളെപ്പോഴും മരണത്തെക്കുറിച്ച് പറയുമായിരുന്നു "അതെ അവൾക്ക് മരണത്തെ ഭയമായിരുന്നു. ചെറുതല്ലാത്ത ഭയം എനിക്കുമുണ്ടായിരുന്നു. കാലങ്ങൾ നീങ്ങി.

ദരിദ്രകുടുംബത്തിൽ ജനിച്ചിട്ടും അവൾ നല്ല പോലെ പഠിച്ചു. ഞാൻ പഠനം മതിയാക്കി തോട്ടിലെ മീനുകളെ പിടിച്ചും പുഴ നീന്തിക്കടന്നും അങ്ങനെ കാലം കഴിച്ചുകൂട്ടി. അല്ലെങ്കിലും വർഷങ്ങൾക്കിപ്പോൾ ദിവസങ്ങളേക്കാൾ വേഗതയാണല്ലോ ! വർഷങ്ങൾ നീങ്ങിയതറിഞ്ഞില്ല. അതിനിടയിൽ എന്റെ ആ കളിക്കൂട്ടുകാരിയെ ഞാൻ മറന്നു. അവളും മറന്നിരിക്കണം, അല്ലെങ്കിൽ അവൾക്ക് എന്നെ തിരയാമായിരുന്നില്ലെ?

എവിടെ തിരയാൻ എങ്ങനെ തിരയാൻ. പഠിച്ച് ഉദ്യോഗമൊക്കെ ആയി വിവാഹമൊക്കെ കഴിച്ച് സുഖമായി ജീവിക്കുന്ന അവൾക്ക് എന്ത്

കളിക്കൂട്ടുകാരൻ, പെട്ടെന്ന് ഉമ്മാന്റെ ആ ഉപദേശം മനസ്സിൽ വന്നു. "പഠിക്കാൻ വിട്ടപ്പോൾ പഠിക്കണമെടാ" നാളെയാണ് വണ്ടമറ്റത്തുള്ള സുമേഷിന്റെ കല്ല്യാണം. പോകണം കുറെക്കാലമായി ഒരു കല്ല്യാണം കൂടിയിട്ട്. രാവിലെതന്നെ മഴയാണ്, തോരാത്ത "മഴ" വീണ്ടും എനിക്ക് ആ ബാല്യകാലം ഓർമ്മയിലേക്ക് ഓടിവരുന്നത് പോലെ...

അന്നാളിലെ അതേ മഴ.... വേഗത്തിൽ അണിഞ്ഞ് ഒരുങ്ങി ഞാൻ വിവാഹവീട്ടിലേക്ക് നടന്നു. മഴയ്ക്ക് ഒരു ചെറിയ ശമനം വന്നിട്ടുണ്ട്. വഴിക്കിടയിൽ പഴയവായനശാല സുഹൃത്ത് സലാമിനെയും കൂട്ടി കല്ല്യാണ വീട്ടിലേക്ക്....

ഞാനവനോട് വിശേഷങ്ങളൊക്കെ തിരക്കി, കൂട്ടത്തിൽ കാവിന് പുറകിൽ താമസിച്ചിരുന്ന എന്റെ ആ കളിക്കൂട്ടുകാരിയേയും തിരക്കി. അറിയില്ല എന്നായിരുന്നു മറുപടി. താമസം ഇവിടെ നിന്ന് മാറാൻ നേരം നിന്നെ പലകുറി അന്വേഷിച്ചിരുന്നു. പക്ഷെ നീ സ്ഥലത്തില്ലായിരുന്നു. നീ ഏതോ കേസിൽപെട്ട് ഒളിവിൽ ആയിരുന്നു. ആ സമയം ഞങ്ങൾ കുറേ അന്വേഷിച്ചിരുന്നു, ഈ വിവരമൊന്ന് നിന്നെ അറിയിക്കാൻ. കാരണം അവളുടെ കണ്ണുകൾ നിന്നെ അത്രമാത്രം തിരയുന്നുണ്ടായിരുന്നു.

ഹോ.. മഴയ്ക്ക് ശക്തി കൂടിയിരുന്നു. ഭാഗ്യം കല്ല്യാണ വീടെത്തി. മുല്ലപ്പൂവിന്റെ മണം....... പരിചിതരായ ചില മുഖങ്ങൾ തുറിച്ച് നോക്കുന്നുണ്ട് എന്നെത്തന്നെ.

എന്നാൽ പരിചിതമല്ലാത്ത ഞാൻ, ഒരു സ്തംഭനത്തിൽ നിന്നു മുക്തനായി എന്നെ കണ്ടിരുന്ന, എന്റെ മാത്രമെന്ന് ഞാൻ കരുതിയിരുന്ന എന്റെ പ്രിയപ്പെട്ടവളുടെ അരികിലേക്ക് തിക്കി തിരക്കി എത്തി. ഒരു ചുവപ്പ് സാരിയിൽ ഒതുങ്ങി കൂടി അലസമായിട്ട മുടികൾക്കിടയിൽ നിരാശയും സങ്കടവും കലർന്നു നിൽക്കുന്ന അവളുടെ മുഖത്തേക്ക് നോക്കുവാൻ എനിക്ക് ധൈര്യം തോന്നിയില്ല... .എന്റെ നാവുകൾ ചലിക്കുന്നുണ്ടായിരുന്നില്ല. ചെറിയ വിശേഷം പറച്ചിലുകൾക്ക് ശേഷം ഞാനവളുടെ അമ്മയെ തേടിപ്പിടിച്ച് അവളുടെ വിശേഷങ്ങൾ അന്വേഷിച്ചു..

കല്യാണത്തിന് ശേഷം,

മരണത്തെ സ്നേഹിക്കുന്ന ഒരു കുട്ടിയാണ് അവളെന്ന് അമ്മ പറഞ്ഞപ്പോൾ അവിടെ പെയ്ത മഴയിൽ ഞാൻ നിന്ന് ഉരുകുകയായിരുന്നു. പ്രിയപ്പെട്ടവളേ മദനം കൊണ്ട് ഞാനും നീയും ഇല്ലാതാക്കിയത് നമ്മളെന്ന ആ പ്രണയത്തെ ആയിരുന്നു, എന്നോർത്ത് ഞാനിറങ്ങി നടന്നു.

■

# എന്റെ സ്വപ്നം

പ്രദീപ് പി.പി.
സി 5010, സെൻട്രൽ പ്രിസൺ, വിയ്യൂർ

ഏഴിലം പാലപൂത്തകടവിൽ
ഏഴാം നാളിൽ നിന്നെ നോക്കിനിന്നു
ഏതോ സ്വപ്നത്തിന്റെ ഈരടിയിൽ
എവിടെയോ ഞാൻ അലിഞ്ഞുപോയി
എത്ര സുന്ദരം നിൻ അധരങ്ങൾ
എത്ര മനോഹരം നിൻ നയനങ്ങൾ
എത്ര കൽപ്പടവുകൾ നിന്നെതേടിയലഞ്ഞു
എന്റെ ചുറ്റും നീലാകാശം പായ്‌വിരിച്ചു


എന്നിലെ മോഹങ്ങൾ നിന്റെ ചുറ്റും
ഏഴാം മാളിക പടുത്തുയർത്തി
എന്റെ നഷ്ടവസന്തത്തിന്റെ രാവുകൾ
ഏകാന്തമാം ഈ വീഥിയിൽ ദേവി
എന്റെ ചുബനം കൊതിക്കുന്ന രാവിൽ
എല്ലാം നിനക്കായ് നേരുന്നു ഞാൻ.

■

# ഏട്ടീ !

**മുഹമ്മദ് അസ്ഹർ**
**അതീവസുരക്ഷ ജയിൽ -തൃശ്ശൂർ**

അവൾ എന്നെ വിളിച്ചു ഏട്ടീ
ദാരിദ്ര്യത്താൽ കയ്പുനിറഞ്ഞ ബാല്യം
പുതിയ പുസ്തകം പുത്തൻ ഉടുപ്പെന്നാഗ്രഹം,
ദാനത്താലുള്ള പുസ്തകചേലയിലും,
രുചിയാർന്ന ഭക്ഷണങ്ങൾ; ചില്ലിൻകൂടിൽ,
കണ്ടുമനം നിറഞ്ഞു അവധിക്കാലം;
സമ്പന്നവീട്ടിലെ ദാസിവേലയാൽ നിർവൃതിയടഞ്ഞു.
കണ്ണീരിനിടയിലും സ്വപ്നം കണ്ടവൾ,
സന്തോഷത്തോടെ പൂത്തുലഞ്ഞ വൈവാഹികം!
കിനാവുകൾ അവളുടെ കണ്ണീരിനെ ചിരിപ്പിച്ചു.
ആഗ്രഹിച്ച ആനന്ദം വന്നുചേർന്നു
കരയിച്ചവളെ -അസൂയപൂണ്ട കണ്ണുനീർ;
പിൻകാലജീവിതശേഷിപ്പിൻ,
പതിയിൻ കാരാഗൃഹ വാസത്താൽ.
ഞാൻ അവളെയും വിളിച്ചു ഏട്ടീ
നീ-എൻ തൊട്ടടുത്താണെങ്കിലും
മതിലുകൾ നമ്മുടെ കാഴ്ചയെ മറക്കുന്നു
പറവയായ് നിൻ ചാരത്തെത്താൻ മോഹമുണ്ടെങ്കിലും
ചിറകുകൾ മുറിക്കപ്പെട്ടു. നിന്നിലേക്ക് ഓടി
അടുക്കാൻ വെമ്പിയ നിമിഷം; അറിയുന്നെൻ,
കാലിലെ ചങ്ങലക്കിലുക്കം! നീ,
എന്നിലേക്ക് വന്ന നിമിഷം; സ്നേഹമെന്തെന്ന്
ഞാനറിഞ്ഞു. നയനപഥത്തിൽ നിന്ന് മാഞ്ഞ,
നിമിഷം വിരഹമെന്തെന്നും ഞാനറിഞ്ഞു.
പുളകിതനാകുമെൻ ചിത്തം;നിൻ,
കാമോഷ്ണമറിഞ്ഞതിനാൽ വരണ്ടുണങ്ങിയ,
താഴ്വരയിൽ മഴയായ് പെയ്തൊഴുകി,
ജീവന്റെ പുതുനാമ്പുകൾ തളിരിടുന്നതുപോലെ,
വരണ്ട എൻ മനസ്സിൽ നിൻ ഓർമ്മകൾ
ആനന്ദം നിറയ്ക്കുന്നു. ദാഹത്താൽ അലയുന്നവന്,
മുമ്പിൽ പുഴ കാണുന്നത് പോലെ നിന്നോടൊരുമിച്ചു
അനുയാത്ര സ്വപ്നം കാണുന്നു ഞാൻ
ഇനി ഒരു സ്വാതന്ത്ര്യമുണ്ടെങ്കിലത്
നിനക്കായ് മാത്രമെന്നത് നഗ്ന സത്യം
നന്ദി ചൊല്ലിടുന്നു നിന്നോട് ഞാൻ
വിരഹത്തിന് കാരണക്കാരൻ ഞാനെന്ന്
നീ ചൊല്ലീടാത്തതിൽ.





# ആൽമരവും കൊക്കും

**നൗഫൽ.സി.എച്ച്**
ആർ.പി. നമ്പർ .1373 , സെൻട്രൽ പ്രിസൺ, വിയ്യൂർ, തൃശ്ശൂർ

പണ്ട് കൊഴിഞ്ഞാംപാറ എന്ന ദേശത്ത് ഒരു പ്രസിദ്ധമായ സത്രമുണ്ടായിരുന്നു. ആ സത്രത്തിന്റെ അടുത്തായി ഒരു വലിയ ആൽമരമുണ്ടായിരുന്നു. ധനികനായ നാട്ടുപ്രമാണിയുടെ നിസ്സീമമായ ദാനം എപ്പോഴും ദേശവാസികൾക്ക് കിട്ടിക്കൊണ്ടിരുന്നു. നാട്ടുപ്രമാണിയുടെ ദാനശീലം മറ്റ് ദേശങ്ങളിലേക്കും വ്യാപിച്ചിരുന്നു. മറ്റ് ദേശക്കാർപോലും സഹായത്തിനായി കൊഴിഞ്ഞാംപാറ ദേശത്ത് എത്തിയിരുന്നു. നാട്ടുപ്രമാണിയുടെ പേര് കേശവേട്ടൻ എന്നായിരുന്നു. അദ്ദേഹത്തിന് ആണായിട്ടും പെണ്ണായിട്ടും ദിവാകരൻ എന്ന ഒരു മകൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

ധനികനായ കേശവൻ മുതലാളി മകനായ ദിവാകരനെ 18 വയസ്സ് ആയപ്പോഴേക്കും അവന്റെ ഇഷ്ടപ്രകാരം വിദേശപഠനത്തിന് അയച്ചു. ഒറ്റ മകനായതിനാൽ മുതലാളി മകന്റെ എന്താഗ്രഹവും സാധിച്ച് കൊടുക്കാറുണ്ടായിരുന്നു. നാട്ടിലെ സത്രത്തിന്റെ എല്ലാ ചിലവുകളും മുതലാളിയാണ് വഹിച്ചിരുന്നത്. നാല് ജോലിക്കാർക്കുള്ള ശമ്പളവും സത്രത്തിന്റെ ഉപ്പ് തൊട്ട് കർപ്പൂരം വരെയുള്ള എല്ലാ ദൈനംദിന സാധനങ്ങളും മുതലാളിയാണ് നോക്കിയിരുന്നത്. (ചെലവഴിച്ചിരുന്നത്)

ദാനധർമ്മത്തിന്റെയും പരോപകാരത്തിന്റെയും അനുഗ്രഹത്താൽ ദൈവം നമ്മുടെ കേശവൻ മുതലാളിയെ എന്നും അഭിവൃദ്ധിയിൽ നിന്ന് അഭിവൃദ്ധിയിലേക്ക് ഉയർത്തിക്കൊണ്ടിരുന്നു. കൊഴിഞ്ഞാംപാറ ദേശത്തെ മാത്രമല്ല മറ്റ് പലദേശങ്ങളിൽ നിന്നും കച്ചവടക്കാരും വഴിപോക്കരും നിരാലംബരുമായ ഒരു മുപ്പതോ നാൽപ്പതോ പേര് എന്നും ഈ സത്രത്തിൽ കയറി ഭക്ഷണവും വിശ്രമവും കുളിയും മറ്റെല്ലാ സഹായങ്ങളും നേടിയിരുന്നു. സത്രത്തിൽ വരുന്നവർക്കെല്ലാം ഭക്ഷണവും താമസവും സൗജന്യമായിരുന്നു. (മറ്റൊരു സത്രത്തിലും ഈ

സൗകര്യം ഇത്ര വിപുലമായി ഉണ്ടായിരുന്നി ല്ല)

അങ്ങനെയിരിക്കെയാണ് മുതലാളി യുടെ മകൻ ദിവാകരൻ വിദേശ പഠനം കഴിഞ്ഞ് നാട്ടിൽ വരുന്നത് (മൂന്ന് വർഷങ്ങൾക്ക് ശേഷം) ദിവാകരൻ വിദേശപഠനം കഴിഞ്ഞ് വന്നപ്പോൾ അവന്റെ പരിഷ്ക്കാരവും മുമ്പത്തേക്കാൾ കൂടി യിരുന്നു. അച്ഛനെപ്പോലെ വിനയമുള്ളവനായി രുന്നില്ല ദിവാകരൻ.

ദിവാകരൻ അച്ഛന്റെ സമ്പാദ്യം നോക്കി നടത്താൻ തുടങ്ങിയപ്പോൾ കാർക്കശ്യവും ജോലിക്കാരോട് അവമതിപ്പും കൂടി വന്നു. ദിവാ കരന്റെ പ്രധാനവിനോദം വേട്ടയാടലാണ്. ഒരു ദിവസം ദിവാകരൻ കൂട്ടുകാരുമൊത്ത് ഭൃത്യന്മാ രുടെ സഹായികളേയും കൂട്ടി വേട്ടയ്ക്ക് പോയ പ്പോഴാണ് ആ വലിയ ആൽമരവും അതിലൊരു കൊക്കിനേയും കാണുന്നത്. അതിൽ കൊക്കിന്റെ കൂടും കുഞ്ഞുങ്ങളേയും ശ്രദ്ധിച്ചു. കൂട്ടുകാരുടെ പുകഴ്ത്തലിൽ കേമം നടിച്ച ദിവാ കരൻ കൂട് സഹിതം കൊക്കിനെയും കുഞ്ഞി നെയും കിട്ടാൻ വേണ്ടി എന്ത് ചെയ്തെന്നോ.

അച്ഛന്റെ സ്വത്തിൽ (ഭൂമിയിൽ) കഴി യുന്ന ധാരാളം മനുഷ്യർക്ക് തണലും പക്ഷി കൾക്ക് വിശ്രമസ്ഥലവും ആയിരുന്ന ആ ആൽമരം കടയോടെ മുറിക്കാൻ ജോലിക്കാർക്ക് നിർദ്ദേശം നൽകുകയും, ജോലിക്കാർ പിറ്റേദി വസം ആൽമരം മുറിക്കുകയും ചെയ്തു. കൊക്കും കുഞ്ഞുങ്ങളും കണ്ണീർവാർത്തു കര ഞ്ഞെങ്കിലും ഇതൊന്നും ദിവാകരനും കൂട്ടരും ശ്രദ്ധിച്ചതേയില്ല. ആൽമരം മുറിച്ച് കൊക്കി നേയും കുഞ്ഞിനേയും പിടിച്ച് കൂട്ടിലാക്കി. പക്ഷെ പിന്നീടെന്തുണ്ടായെന്നോ രണ്ട് വർഷം കഴിഞ്ഞപ്പോഴേക്കും ആ ആൽമരത്തിന്റെ വേരു കൾ വരെ ഉണങ്ങി. മഴക്കാലത്ത് ആ ആൽമര ത്തിന്റെ വേര് ആ പ്രദേശത്തെ മ ണ്ണൊലിപ്പ് തട ഞ്ഞിരുന്നു. അഞ്ച് വർഷങ്ങൾക്കിപ്പുറം ആ ആൽമരം തടഞ്ഞ് നിർത്തിയിരുന്ന ഒരു വലിയ ഉരുളൻകല്ലും പാറയും മണ്ണും വീണ്ടുമൊരു മഴ ക്കാലത്ത് പൊട്ടി ഒഴുകി ഉരുൾപൊട്ടലിന് കാര ണമാവുകയും ആ പ്രദേശം തന്നെ ഇല്ലാതാവു കയും ചെയ്തു.

അങ്ങനെ എന്ത് സംഭവിച്ചു എന്നോ ഇതേ ആൽമരത്തിന്റെ താഴെ ഭാഗത്തായിരുന്ന ദിവാകരന്റെ വീടും പറമ്പും കൃഷി സ്ഥലവും, ആ പ്രദേശം മുഴുവൻ മണ്ണിനടിയിലായി ദിവാ കരന്റെ സകലതും നശിച്ചു. അമ്പതോളം പേരെയും കാണാനില്ലാതായി അക്കൂട്ടത്തിൽ നമ്മുടെ ദിവാകരനെയും.




**പ്രസാദ് കെ.എം.**
സി. നമ്പർ : 1660



**വിജേഷ് കെ.വി.**
സി. നമ്പർ : 4682

# നഷ്ടമായ എന്റെ വസന്തം



**അനൂപ്ഖാൻ**
**സെൻട്രൽ പ്രിസൺ, കണ്ണൂർ**

എന്നും ബാല്യമാണെന്റെ വസന്തകാലം
ഓർമ്മകൾ തൻ പൂക്കാലം
പൂക്കളെയും ശലഭങ്ങളെയും കൂട്ടുകാരായി
കിട്ടിയൊരെൻ വസന്തകാലം
നഷ്ടയൗവനത്തിലും വീഴ്ചകൾതൻ
വേളകളിലും കൈപിടിച്ചുയർത്തിയ-
ഓർമ്മതന്നെ എന്നും എൻബാല്യം
നാളെയെന്ന സ്വപ്നത്തിലും-
ഇന്നലെയെന്ന ഓർമ്മകളിലും
എന്നോ എന്നിൽനിന്നും കളഞ്ഞുപോയ-
ബാല്യം അതെന്റെ കണ്ണുകളെ ഈറനണിയിക്കും
തിരിച്ചുപോക്കില്ലായെന്ന യാഥാർത്ഥ്യത്തിൽനിന്നും
വെറുതേ എന്നും മോഹിക്കുന്നു ഞാൻ
ആ തൊടിയും, വയൽവരമ്പും, പുഴയോരവും
ഒരിക്കലെങ്കിലും ഒരുമാത്രയെങ്കിലും തിരിച്ചൊന്നു
ചെല്ലാൻ .........അന്നത്തെ നിഷ്കളങ്കതയോടെ അതൊ-
ന്നാസ്വദിക്കാൻ കഴിഞ്ഞെങ്കിലെന്നു ഞാൻ മോഹിക്കുന്നു.
ജന്മം പതിഞ്ഞുവെങ്കിൽ ഒരുവട്ടം കൂടിയാ-
എൻ ഓർമ്മകളുറങ്ങുന്ന ആ വീട്ടിൽ
കളിമുറ്റത്തോടിക്കളിക്കാൻ കാത്തിരിക്കും ഞാൻ
ശരിതെറ്റുകളെ വേർതിരിക്കുന്നൊരാ അച്ഛന്റെ
മകനായ് കാപട്യലോകത്തിന്റെ മായികതയിൽ
വീണുപോകാതെ ബാല്യത്തിൽ തന്നെ ജീവി-
ക്കാൻ ദൈവത്തോട് കേഴുന്നുവിന്നുഞാൻ
എൻ നഷ്ടവസന്തമേ....................
എന്നെയീയിരുട്ടിൽ തനിച്ചാക്കി
അകന്നു പോയോ നീ.................

# നൊമ്പരപ്പൂക്കൾ

**ഷാജി**
സി. നമ്പർ. 3828,
സെൻട്രൽ പ്രിസൺ വിയ്യൂർ

ഒരു കവിത വന്നെന്നെ -
കുത്തിപിളർന്നു
പേനയില്ലാതെ, ഞാൻ -
പേപ്പറിലാക്കീല
പേനയും, പേപ്പറും-
കയ്യിൽ ലഭിച്ചതും
കവിതയെന്നെ പിരിഞ്ഞുപോകെ,
ഗദകാലസ്മരണകൾ -
ഇരമ്പിടും മാനസം,
നെടുവീർപ്പിൻ ആവിയായ്-
മാഞ്ഞിടുന്നു.
കുത്തിനിറച്ചവ, വാരി എറിഞ്ഞു ഞാൻ
ചിതറിയാ- വാക്കുകൾ എരിഞ്ഞുതീർന്നു
കലികാല മാനസം ചാലിച്ച ജീവിതം
ഓർമ്മയിൽ കണ്ണീരായ് വാർന്നിടുന്നു.
എവിടെയാ -വാസന്തലാവണ്യം
ഇന്ന, ഹോ-
ഹൃത്തിടം തേടിയലഞ്ഞിടുന്നു
ജന്മ ,ജന്മാന്തരപൊരുൾ-
തേടി ഉഴറിഞാൻ,
ഇരുളിൽ കയത്തിൽ അമർന്നിടുന്നു
പൊഴിഞ്ഞ സ്വപ്നങ്ങൾ -
പെറുക്കി മിനുക്കി ഞാൻ,
നഷ്ടവസന്തത്തെ പുൽകീടുക.



# "അമ്മ"

**ശിവൻ പി.എസ്.**
സി. നമ്പർ.1679
സെൻട്രൽ പ്രിസൺ &
കറക്ഷണൽ ഹോം, വിയ്യൂർ

പത്തുമാസം ചുമന്ന് നൊന്തുപെറ്റൊരമ്മേ
പത്തരമാറ്റിൻ സ്നേഹമുള്ളമ്മേ
അമ്മേ നീയാണെന്റെ ദൈവം
അമ്മേ നീയാണെന്റെ ഭാഗ്യം

ആദ്യമായ് കണ്ടതെൻ അമ്മയെ മാത്രം
ഞാൻ ആദ്യമായ് ചൊല്ലിയ മന്ത്രസ്വരം അമ്മ
അമ്മേ നീയല്ലാതെ ആരുമില്ലാ..........
അമ്മയാണിന്നെനിക്കെന്റെ നന്മ

നിൻനോവിനാൽ ഞാനന്ന് ഭൂവിൽ പിറന്നപ്പോൾ
നോവുകളെല്ലാം ആനന്ദമാക്കിയമ്മ..........
ആനന്ദബാഷ്പങ്ങൾ കൺകളിൽ പേറി.....
കൊണ്ടമ്മതൻ സ്നേഹം മൂർദ്ധാവിലേകി

അമ്മയില്ലാതെനിക്കൊന്നുമേയില്ലാ.
അമ്മയല്ലോ ഭൂവിൽ എന്നും ദൈവം
അമ്മയ്ക്ക് ഞാനെന്നും ഓമനപ്പൈതൽ
അമ്മയെനിക്കെന്നും ജീവന്റെ ജീവൻ

ഇന്നെത്രമേൽ ചൊല്ലിയാൽ തീരുകില്ലാ...
ഇന്നത്രമേൽ ധന്യയാണെന്റെയമ്മാ
അമ്മയെ മറന്നവർ എന്നുമോർത്തീടേണം
അമ്മയില്ലാതൊരു ജന്മമുണ്ടാകുമോ

ചുടുചോരചിന്തുന്ന ക്രൂശിതരൂപത്തെ
ചുടുനിശ്വാസത്തോടെ നോക്കുന്നൊരമ്മ
സഹനത്തിൻ അമ്മ ത്യാഗത്തിൻ അമ്മ
ഈ ഭൂവിൽ നീയാണേവർക്കും അമ്മ
അമ്മേ നിനക്കെൻ ഒരായിരം നന്ദി



# ഒരു നുറുങ്ങുവെട്ടം

**സുബൈർ**
സി -2222, സെൻട്രൽ പ്രിസൺ വിയ്യൂർ

അഞ്ചുവർഷം പിന്നിട്ട ജയിൽ ജീവിതത്തിന്റെ ഒരു ഘട്ടത്തിൽ കഴിഞ്ഞുപോയ നാളുകൾ എന്റെ ജീവിതത്തിനു സമ്മാനിച്ച മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടത്തെ കുറിച്ച് ഇത്തവണ പുറത്തിറങ്ങിയ ജയിൽ മാസികയിൽ കുറിക്കണമെന്ന മോഹമാണ് എഴുത്തുകാരനെന്ന് അവകാശപ്പെടുവാൻ യാതൊന്നുമില്ലാത്ത എന്നെ ഈ കടുംകൈ ചെയ്യാൻ പ്രേരിപ്പിക്കുന്നത്. വായനക്കാർ ആരു തന്നെ ആയാലും സാദരം ക്ഷമിക്കണം."സംഭവിച്ചതെല്ലാം നല്ലതിന് ഇനി സംഭവിക്കാനുള്ളതും നല്ലതിന്" എന്ന ഒരു ആശയം എപ്പഴോ കേട്ടിട്ടുള്ളത് ഓർമ്മയിൽ നിന്ന് ചികഞ്ഞെടുത്തു കൊണ്ട് ഞാൻ എഴുതുവാൻ തുടങ്ങുകയാണ്.

ജീവിതത്തിലെ ഏറ്റവും വലിയ ദുരിതമഴ പെയ്തിറങ്ങിയ ദിനങ്ങൾ. ഒരു ക്രിമിനൽ കേസിൽ പെടുകയും, തുടർന്നുള്ള വിചാരണയിലും മറ്റും; ഞാനും എന്റെ കുടുംബവും കടന്നുപോയി. ജീവിതത്തിന്റെ സുന്ദരമായ കാലഘട്ടങ്ങൾ അസ്തമിച്ചു എന്നുതന്നെയാണ് ജീവപര്യന്തം ശിക്ഷ ലഭിച്ചപ്പോൾ ഞാൻ കരുതിയത്. വൃദ്ധരായ ബാപ്പയും ഉമ്മയും, എന്റെ തണൽ പറ്റിയല്ലാതെ ജീവിക്കാനറിയാത്ത ഭാര്യയും. അള്ളിപിടിച്ചു കരയുന്ന പറക്കമുറ്റാത്ത മൂന്ന് പെൺകുരുന്നുകൾ.. ഇവരെയെല്ലാം പറിച്ചുമാറ്റി കൊണ്ട് വിധി എന്നെ വിലങ്ങുവെച്ച് ഇരുമ്പഴിക്കുള്ളിലേക്ക് തള്ളിയപ്പോൾ, ആ പാവങ്ങൾ അകപ്പെട്ടത് ഭീതിയുടെ ഒരു തുരുത്തിലാണ്. കൽഭിത്തികളോടും ഇരുമ്പഴികളോടും ഞാൻ പൊരുത്തപ്പെട്ടിട്ടും ഇന്നും ആ തുരുത്തിൽ നിന്നും അവർ കരകയറിയിട്ടില്ല എന്നതാണ് എന്റെ കണ്ണുനനയിക്കുന്ന വാസ്തവം.

വിയ്യൂർ സെൻട്രൽ ജയിലിലെ 'എ' ബ്ലോക്കിലെ 26-ാം നമ്പർ സെല്ലിനകത്ത് കുന്നോളം സങ്കടങ്ങൾ എല്ലാ ദിവസവും തടുത്തുകൂട്ടി വെക്കുമ്പോഴും നല്ല അനുഭവങ്ങളും ഈ ജയിൽ സമ്മാനിച്ചുവെന്ന് പറയാതെ വയ്യ. പെരിഞ്ഞനം R.M.H.S ൽ പഠിക്കുന്ന കാലത്ത് മുടങ്ങാതെ ക്ലാസ്സിൽ പോകാൻ പ്രേരണ നൽകിയിരുന്നത് സ്കൂൾ മൈതാനവും കളികളുമായിരുന്നു. അന്ന് എന്റെ പ്രകടനം കണ്ട് പലരും എന്നിലെ സ്വതസിദ്ധമായ കായികക്ഷമതയെ

പ്രോത്സാഹിപ്പിക്കുമായിരുന്നു. എന്നാൽ പാഠപുസ്തകങ്ങളോട് എന്തെന്നില്ലാത്ത ശത്രുത ആയിരുന്നതിനാൽ മുന്നോട്ടുള്ള കായിക മികവിനെ പരിപോഷിപ്പിക്കാൻ സാധിച്ചില്ല. സത്യത്തിൽ വലിയ മൈതാനങ്ങളും, വലിയ കളിക്കാരെയും ടിവിയിലും പത്രങ്ങളിലും കാണുമ്പോൾ ഒരു നഷ്ടബോധം പഠനം നിറുത്തിയ കാലം മുതലേ എനിക്കുണ്ടായിരുന്നു. അവരെപ്പോലെ ഒരു നല്ല അവസരം എനിക്കും ലഭിച്ചിരുന്നെങ്കിൽ എന്ന മോഹം മനസ്സിൽ എവിടെയോ തളം കെട്ടി കിടന്നിരുന്നു. ആ മോഹം പൂവണിയാൻ ഇടയാക്കിയത് തടവറയുടെ വൻമതിലുകൾക്കുള്ളിലായിരുന്നു എന്നത് വിധി വിളയാട്ടമല്ലാതെ മറ്റെന്താണ്. തോമസ് വാഴക്കാലയച്ചൻ, ജയിലധികാരികളുടെ അനുമതിയോടെ സി.സി. തോമസ് എന്ന ഒരു വോളിബോൾ കോച്ചിനെ നിയമിച്ചു. പിന്നീട് ഇന്ത്യൻ മുൻക്യാപ്റ്റൻ കിഷോർകുമാറിനെ പോലെ മികവുള്ള വ്യക്തിയെ തടവറയിൽ കൊണ്ട് വന്ന് ഞങ്ങൾക്ക് പരിശീലനം നൽകിയപ്പോൾ അത് ജയിലിനെ പ്രതിനിധാനം ചെയ്യുന്ന ഒരു ടീമായി മാറുമെന്നും പുറം ലോകത്തെ ഒരു സ്റ്റേഡിയത്തിൽ ജേഴ്സിയണിഞ്ഞ് ഞാനും മത്സരിക്കുന്ന തലം വരെയും എത്തിച്ചേരുമെന്നും സ്വപ്നത്തിൽ പോലും ഞാൻ നിനച്ചിരുന്നില്ല. ശ്രീലങ്കയിൽ നിന്നുള്ള ഒരു ടീമുമായി തിരുവനന്തപുരം ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ ജയിൽ ക്രിക്കറ്റ് ടീം കളിച്ചപ്പോൾ എനിക്കു കളിക്കാനായതും മരീചികയായി നിന്നിരുന്ന എന്റെ, അല്ല ഞങ്ങളുടെ മോഹങ്ങൾക്ക് ചിറകുമുളച്ച അവസരങ്ങളായിരുന്നു. എങ്കിലും കളിയല്ലല്ലോ ജീവിതം. മുന്നിലുള്ള ഒരു വലിയ പർവ്വതമായി കേസും നിയമക്കുരുക്കും ഉള്ളപ്പോൾ ചെറിയ കുന്നുകൾ ഓടി കയറുന്ന അനുഭവങ്ങൾ മാത്രമാണ് ഈ മോഹസാഫല്യങ്ങളെല്ലാം തന്നെ. ഒരു ഫ്രീലാൻസ് ഫോട്ടോഗ്രാഫറായി ജോലി നോക്കിയിരുന്ന എന്നെ സംബന്ധിച്ച് ജയിലിലെ ഫോട്ടോഗ്രാഫർ എന്ന ഉത്തരവാദിത്വവും മിന്നാമിനുങ്ങിന്റെ നുറുങ്ങ് വെളിച്ചത്തിലൊന്നു മാത്രം. അവയേക്കാളുമൊക്കെ ജയിൽ എനിക്കു സമ്മാനിച്ച വെളിച്ചം നല്ല സൗഹൃദങ്ങളും പരോപകാരം ചെയ്യാൻ സാധിക്കും വിധം വളർന്ന ചില സ്നേഹബന്ധങ്ങളുമാണ്. ജയിലിലെ ആശുപത്രിയുടെ മൂലയിൽ ചുക്കിചുളുങ്ങിയ ശരീരവുമായി വിറങ്ങലിച്ച് കഴിഞ്ഞ രാമൻ നമ്പൂതിരിയെന്ന പടു വൃദ്ധനെ പലവട്ടം ചേർത്തണക്കാൻ സാധിച്ചതും, മോചിതനാകുന്നതിന് രണ്ടു നാൾ മുമ്പ് മരണം ഇരുമ്പഴിക്കുള്ളിൽ വന്ന് അദ്ദേഹത്തെ കവർന്നതും ഒരു മകന്റെ മനസ്സോടെയല്ലാതെ എനിക്ക് ഓർക്കാനാവില്ല. എന്നിലെ നല്ല മനുഷ്യന്റെ കണക്കുപുസ്തകം ദൈവം തുറന്നുനോക്കുമ്പോൾ ഇതുപോലുള്ള ഏതാനും സുകൃതങ്ങൾ ഉണ്ടാകും എന്നത് നുറുങ്ങുവെട്ടത്തിന്റെ വെളിച്ചം വർദ്ധിപ്പിക്കുമെന്നത് വലിയ ഭാഗ്യമല്ലേ... !

എന്നും വൈകുന്നേരം അഞ്ചര മണിക്ക് കന്നുകാലി കൂടേറുന്ന പോലെ സെല്ലിലേക്ക് കയറുന്ന ഏതൊരാൾക്കും ഇതുപോലുള്ള നുറുങ്ങുവെട്ടം ഉണ്ടാവും എന്നതുന്നെയാണ് ഞാൻ കരുതുന്നത്. സെല്ലിനകത്തെ കുന്നോളം കൂടിക്കിടക്കുന്ന സങ്കടങ്ങളുടെ കണ്ണീരുപ്പ് അല്പമെങ്കിലും അലിഞ്ഞുപോകുവാൻ അത് ഉപകരിക്കുമല്ലോ... പ്രതീക്ഷയോടെ മോചനവും കാത്ത് ഈ നുറുങ്ങ് വെട്ടത്തിൽ ഞാനും നിങ്ങൾക്കൊപ്പം ഇങ്ങനെ..







# പുനർജന്മം

ഷജീഷ് കെ ഷൺമുഖൻ
സി. നമ്പർ . 4896, സെൻട്രൽ പ്രിസൺ, വിയ്യൂർ

പുനർജനിക്കുമോ നീ
ജീവിതയാത്രയിൽ എൻ മകനായ്
ആശിച്ചുപോയ് ഏറെ ഞാൻ
ഓമൽ പൈതലേ
നീയാവില്ലെങ്കിലും
നിന്നെപ്പോൽ ഒരുവൻ വന്നുപോയി
നീ ജനിച്ചമാത്രയിൽ
ഏറെ കാത്തിരുന്ന നിമിഷം
ഉത്സാവാഘോഷമായ് മനസ്സിൽ
നാദമുയർന്നു വീട്ടിലെങ്ങും
ചിരിയും കളിയുമായ്, കൊഴിഞ്ഞുപോയി
നാളുകൾ
ഇത്തിരിനേരം കാണാതിരിക്കാൻ
കഴിയില്ലെനിക്ക്
നാട്ടിലും വീട്ടിലും വികൃതിയാണെങ്കിലും
ഒന്നെടുത്ത് ഉമ്മവെയ്ക്കാതെ
പിരിയില്ലാ ആരും
ഏവർക്കും പ്രിയനാം എൻ മകൻ
ഒരുനാൾ മകന് പനിയായ്
അതിസ്നേഹമോ അശ്രദ്ധയോ അറിയില്ല
എൻമകൻ എന്നെ തനിച്ചാക്കി യാത്രയായ്
ഓമൽ പൈതലേ നിന്നുടെ പുഞ്ചിരി
സുന്ദരമാം നിൻമുഖം
മറക്കുവാനാകുന്നില്ലെനിക്ക്
എൻ ഓർമ്മയിൽ എന്നും നീ അരികിലുണ്ട്
എന്നും മനസ്സിലൊരു തേങ്ങലായ്.

# ആലസ്യം

ഷാജി
സി. 3828 സെൻട്രൽ പ്രിസൺ, വിയ്യൂർ- തൃശൂർ

ചിരവപ്പുറത്തേറിയമ്മ-
ക്കരങ്ങളാൽജാലങ്ങൾ
തീർക്കുന്ന ചുട്ടെടുത്തോർമ്മകൾ
ഒരുമുറിത്തേങ്ങയും ഒന്നായി
കാർന്നിടാൻ ചെറുചുണ്ടിൽ
തിക്കിതിരുകിയമർത്തിഞാൻ
മുനിയൻചിരട്ടയെൻ
ചിവികളിൽ കാർന്നതും
കണ്ണീർകണങ്ങളെൻ
കവിളിൽ തലോടവെ,
അടുപ്പിനാൽ ചൂടേറ്റ്
വാടിത്തളർന്നമ്മ
വാരിപ്പുണർന്നെന്നിൽ
ചുംബനം ചാർത്തിയും
അമ്പിളിമാമനിൽ
കൈവിരൽ ചൂണ്ടിയും
പൂമൊട്ടുപുഞ്ചിരി
എന്നിൽ വിടർത്തുവാൻ
തന്നാരം, താലോലം
ഈണത്തിൽ മൂളിയും
അച്ഛൻ വരുവോളം
ഗാഥകൾ ചൊല്ലിയും,
തന്നാനം താനാനം
ചാഞ്ചാടിപ്പാടിയും, ആ
ആലസ്യം
താരാട്ടിൻ മാധുര്യം
പാടെനുകർന്നുഞാൻ
ഓർമ്മതൻ നൊമ്പര-
പൂക്കളിറുത്തിന്നും
അമ്മിഞ്ഞപാലിന്റെ-
മാധുര്യം ചാലിച്ച്
പുത്തനുണർവേകി,
പുഞ്ചിരിപൂചാർത്തി,
കാഴ്ച്ചക്കിണങ്ങിടും
ചായക്കൂട്ടേകിയും
തേച്ചുമിനുക്കിയൊരു-
ക്കിടും ശില്പങ്ങൾ
മുറിവേറ്റനെഞ്ചിലെ
നൊമ്പരം മായ്ക്കുമോ ..
ചിരകാലസ്മരണയിൽ
ഉരുകിഞാനുഴറവെ,
അമ്മതൻ സ്വപ്നങ്ങൾ
പൂത്തുലഞ്ഞീടുമോ.



# നിൽക്കൂ

കവിത

**വിജേഷ് കെ.വി**

സി. നമ്പർ - 4682 , സെൻട്രൽ പ്രിസൺ,വിയ്യൂർ

നിൽക്കൂ തിരിഞ്ഞു നോക്കൂ, തിരിച്ചറിവൊരു ബോധോദയം ....
നൂറായിരം പാപക്കറയും പേറി വാഴും ദേഹമേ
നേടുമോ നീയീ ജന്മം, ശാപപാപം തീർക്കും ത്യാഗപുണ്യം
അന്ധകാര ചിന്തകളിൽ നീരാടി നീ
നേടിയതെല്ലാം നീറും കണ്ണീർ പാടങ്ങളല്ലോ
ഇനിയുമീ ജന്മം പുതുനാമ്പുകൾ വിരിയുമോ
നിൻ ജീവിതനാൾ വഴികളിൽ
ഇനിയും മരണമില്ലാത്ത നറു പുസ്തകത്താളുകൾ
അറിവേകാൻ, നിൻ വിസ്മൃതികളെ പുൽകിയുണർത്തുവാൻ
കഴിയണം, നിനക്കീ ഇരുമ്പഴികൾക്കുള്ളിൽ-
ഒതുങ്ങാതെ കാക്കണം നിൻശേഷജീവിതം. അറിയുക നീ,
അറുതി വരുത്തിയ ജീവനെയും, ജീവിതങ്ങളെയും, തുണച്ചും,
മാപ്പിരന്നും, നേടുക നീ. പുതു ജീവിതതാളം അറിയാതെ പോലും,
അരുതൊരു പാതകമീ ജന്മം തികഞ്ഞൊരാ മർത്ത്യനായി
നല്ലൊരു മാതൃകാ പുരുഷനായി
തുടരുക നിൻ ജീവിതം
കൽതുറങ്കിൽ നിന്നും നീ നേടിയ-
വലിയ, ജീവിതപാഠം, നെഞ്ചോടു-
ചേർക്കുക, പുതു തലമുറയ്ക്കായ്...



# നാൽപത് സെക്കന്റിൽ പാവം ഒരാൾ

**എഡ്‌വിൻ**
സി. നമ്പർ . 3395, സെൻട്രൽ പ്രിസൺ വിയ്യൂർ- തൃശൂർ

കഴിഞ്ഞ വർഷം പുറത്തിറങ്ങിയ ജയിൽമാസിക “പുനർജ്ജനി” 2019 ൽ ഞാൻ എഴുതിയ “പോക്സോ എന്ന ഭാണ്ഡക്കെട്ട്” എന്ന അനുഭവകുറിപ്പിന് വായനക്കാരായ എന്റെ സഹതടവുകാർ നൽകിയ പ്രോത്സാഹനത്തിന് ആദ്യമേ നന്ദി രേഖപ്പെടുത്തുന്നു. ഇപ്രാവശ്യം ഞാൻ തൂലികയെടുക്കുന്നത് എന്റെ ജീവിതത്തിൽ സംഭവിച്ച വലിയ ഒരു പരാജയത്തെക്കുറിച്ച് നിങ്ങളുമായി പങ്കുവെയ്ക്കുവാനാണ്. പരാജയം എന്നു കേട്ടപാടെ ഞാൻ അകപ്പെട്ട കേസുമായി ബന്ധപ്പെട്ട കാര്യമാണെന്ന് ആരും ധരിക്കരുത്. കേസും, ശിക്ഷയും ഇരുമ്പഴിയുമെല്ലാം ഒരു പരാജയമായല്ല മറിച്ച് വിജയത്തിലേയ്ക്കുള്ള വാതായനങ്ങളായി മാത്രമേ ഞാൻ കാണുന്നുള്ളൂ. ഞാൻ പങ്കുവെയ്ക്കാൻ ആഗ്രഹിക്കുന്ന പരാജയം 2019 സെപ്തംബർ 20-ാം തിയ്യതി ഈ തടവറയ്ക്കകത്ത് എനിക്ക് നേടാൻ കഴിയാതെപോയ ഒരു വിജയത്തെക്കുറിച്ചാണ്. എന്റെ വാക്കുകൾക്ക് കുറച്ച് കൂടെ ആർദ്രത ഉണ്ടായിരുന്നെങ്കിൽ ഒരുപക്ഷെ ആ വിജയം കൈവരിക്കാനാവുമായിരുന്നു. ഒരേ ബ്ലോക്കിൽ കഴിഞ്ഞിട്ടും ആ നിരാശനായ സ്നേഹിതന് ഞാൻ പകർന്ന ആശ്വാസത്തിന്റെയും പ്രതീക്ഷയുടെയും വെളിച്ചം പ്രഭയില്ലാത്തതായിരുന്നുവെന്ന് 20-ാം തിയ്യതിയിലെ ആ വാർത്ത കേട്ടപ്പോൾ എനിക്ക് ബോധ്യമായി. ആ സഹതടവുകാരനായ സുഹൃത്തിന്റെ ആത്മാവിനോടുള്ള ആദരവിനാൽ അദ്ദേഹത്തിന്റെ പേര് ഞാൻ വെളിപ്പെടുത്തുന്നില്ല. പരോളിൽ ഇറങ്ങി ജീവിതം ഒടുക്കിയ ആ സഹോദരൻ നമ്മളിൽ

**എന്റെ ജീവിതത്തിൽ സംഭവിച്ച വലിയ ഒരു പരാജയത്തെക്കുറിച്ച് നിങ്ങളുമായി പങ്കുവെയ്ക്കുവാനാണ്. പരാജയം എന്നു കേട്ടപാടെ ഞാൻ അകപ്പെട്ട കേസുമായി ബന്ധപ്പെട്ട കാര്യമാണെന്ന് ആരും ധരിക്കരുത്. കേസും, ശിക്ഷയും ഇരുമ്പഴിയുമെല്ലാം ഒരു പരാജയമായല്ല മറിച്ച് വിജയത്തിലേയ്ക്കുള്ള വാതായനങ്ങളായി മാത്രമേ ഞാൻ കാണുന്നുള്ളൂ.**

ഒരുവനായി ഈ നാലുക്കെട്ടിനുള്ളിൽ അലഞ്ഞവനായിരുന്നു. ഒരു ചെറുചിരിയോടെ എന്നെ പലവട്ടം സമീപിച്ചവനായിരുന്നു. ഹൈക്കോടതി കേസു ശരിവയ്ക്കരുതേയെന്ന് ആ സുഹൃത്തിനുവേണ്ടി ഞാനും ആശിച്ചു പ്രാർത്ഥിച്ചിരുന്നു. എന്തു സംഭവിച്ചാലും ധൈര്യപൂർവ്വം നേരിടണമെന്ന കരുത്തു പകരുവാൻ ഞാൻ ശ്രദ്ധിച്ചിരു

ന്നു. നിരാശവെടിഞ്ഞ് പ്രതീക്ഷ നിലനിറുത്ത ണമെന്ന് പല ആവർത്തി ഞാൻ പറഞ്ഞിരുന്ന തുമാണ്. എന്നിട്ടും........എന്നിട്ട് 15 ദിവസത്തെ പരോൾ ദിനങ്ങളിൽ തന്ത്രശാലിയായ നിരാശ യുടെ ദുഷ്ടശക്തി ആ പാവത്തിന്റെ ബുദ്ധിയെ മരണത്തിലേയ്ക്ക് കൂട്ടികൊണ്ടുപോയെങ്കിൽ അത് എന്റെ പരാജയമല്ലാതെ മറ്റെന്താണ്!

മുഖത്ത് നിസംഗതയുടെ ഭാവവും ചുണ്ടിൽ ചെറുപുഞ്ചിരിയുമായി ഈ വൻമതി ലിനുള്ളിൽ നടന്നുനീങ്ങുന്ന സകലരും കോളി ളക്കം കൊണ്ട കടൽ ഉള്ളിൽ വഹിക്കുന്നവരാ ണെന്ന് വായിച്ചെടുക്കുവാൻ ഈ സംഭവം ഒരി ക്കൽ കൂടെ നമ്മെ ഓർമ്മിപ്പിക്കുകയാണ്. ഭര ണഘടന അനുശാസിക്കുന്ന നിയമഗ്രന്ഥ ത്തിന്റെ ഏടുകളിൽ എവിടെയോ കുറ്റവാളി യായി വിധിക്കപ്പെട്ടവനോട് നീതിന്യായം കാരു ണ്യവും കാണിക്കേണ്ടതുണ്ടെന്ന് ഓർമ്മപ്പെടു ത്തുന്നുണ്ട്. വാസ്തവത്തിൽ ന്യായാധിപന്റെ ഹൃദയത്തിലെ ആ കാരുണ്യാംശത്തെ മാത്രം ഉറ്റുനോക്കി ആറുവർഷം ജയിലിൽ കഴിഞ്ഞ ഒരാളായിരുന്നു ആത്മഹത്യ ചെയ്ത എന്റെ പാവം സുഹൃത്ത്. ഇത്രയും കാലം ശിക്ഷയനു ഭവിച്ച സാഹചര്യത്തിൽ മേൽകോടതിയുടെ കരുണ ജീവപര്യന്തത്തിൽ നിന്ന് ശിക്ഷായിള വായി മാറിയിരുന്നെങ്കിലെന്ന് എത്രയോവട്ടം ജീവിതത്തിൽ വന്ന കൈയബദ്ധത്തെ പറ്റി അനുതപിച്ച് അയാൾ പ്രാർത്ഥിച്ചുകാണും! കഴി ഞ്ഞുകൂടുന്ന കൊച്ചുസെല്ല് എന്നും അടിച്ചുവാ രി, തുടച്ചുമിനുക്കി അടക്കും ചിട്ടയോടുംകൂടെ ക്രമപ്പെടുത്തുമ്പോഴും യാതൊരുതരത്തിലും അടക്കി ഒതുക്കി വെയ്ക്കാനാവാത്ത മനസ്സിന്റെ ആകുലവിചാരങ്ങളുടെ അതി പ്രസരത്തിൽ എത്രപേർ ആത്മഹത്യയെന്ന നിരാശയുടെ ശിശുവിനെ ഇനിയും ഇവിടെ മനസ്സിൽ താലോ ലിക്കുന്നുണ്ടെന്ന് ഒരു നിശ്ചയവുമില്ല!

ലോകാരോഗ്യസംഘടനയുടെ (W H O) പഠനറിപ്പോർട്ട് പ്രകാരം ഓരോ നാല്പത് സെക്കന്റിലും ഒരാൾവീതം ലോകത്തിൽ ആത്മ ഹത്യ ചെയ്യുന്നുണ്ട്. എന്നുപറഞ്ഞാൽ ഇക്കാര്യം നിങ്ങൾ വായിക്കുന്നതിനിടയിൽ ഒന്നോ രണ്ടോ പേർ ആത്മഹത്യ ചെയ്യുന്നു എന്നുതന്നെ. ഓരോ വർഷവും എട്ടുലക്ഷം പേരാണ് ആത്മഹത്യയിലൂടെ മരണം വരിക്കു ന്നത്. യുദ്ധത്താലും ക്യാൻസർ എന്ന രോഗബാ ധയാലും മരിക്കുന്നവരേക്കാൾ കൂടുതലാണ് ആത്മഹത്യ ചെയ്യുന്നവരുടെ സംഖ്യയെന്ന് കണക്കുകൾ രേഖപ്പെടുത്തുന്നു.

ജീവിതത്തിൽ പ്രതീക്ഷ നഷ്ടപ്പെട്ടവരാ ണല്ലോ ആത്മഹത്യയെന്ന വില്ലനെ കൂട്ടുപിടി ക്കുന്നത്. ഇരുട്ടിന്റെ ഉല്പന്നമാണ് നിരാശ. കുറ ച്ചുകൂടെ തെളിച്ചുപറഞ്ഞാൽ പൈശാചികത യുടെ ഉല്പന്നം. വെളിച്ചത്തിന്റെ ഉല്പന്നം പ്രത്യാശയാണ്. തെളിച്ചുപറഞ്ഞാൽ ദൈവിക തയുടെ ഉല്പന്നം. ജീവിതത്തിന്റെ പ്രതിസന്ധി

**ജീവിതത്തിന്റെ പ്രതിസന്ധി എത്ര സങ്കീർണ്ണമായാലും വെളിച്ചത്തിലേയ്ക്ക് നോക്കിയാൽ മാത്രമേ ജീവിതത്തിൽ പ്രതീക്ഷ ഉണരൂ.**

എത്ര സങ്കീർണ്ണമായാലും വെളിച്ചത്തിലേയ്ക്ക് നോക്കിയാൽ മാത്രമേ ജീവിതത്തിൽ പ്രതീക്ഷ ഉണരൂ. ഇരുട്ടിലേയ്ക്ക് നോക്കികൊണ്ട് ജീവി തപ്രതിസന്ധിയുടെ സങ്കീർണ്ണതയെ വിലയിരു ത്തരുത്. എന്റെ ചുറ്റുവട്ടത്തിൽ ഉണ്ടായിരു ന്നിട്ടും ഇരുട്ടിൽ തപ്പിതടഞ്ഞ സുഹൃത്തിനെ വെളിച്ചത്തിലേയ്ക്ക് കൊണ്ടുവരുവാൻ സാധി ക്കാതെ പോയത് എന്റെ വീഴ്ചതന്നെ. ഞാനോ അതോ മറ്റാരെങ്കിലുമോ അല്പം ജാഗ്രത അയാ ളുടെ ജീവിതത്തിൽ കാട്ടിയിരുന്നെങ്കിൽ അദ്ദേ ഹത്തിന്റെ തീരുമാനം ജീവിതത്തിലേ യ്ക്കുള്ളതായിരുന്നേനെ. എത്ര വലിയ അപ രാധം ചെയ്തവനായാലും എത്ര കുറവുകളു ള്ളവനാണെങ്കിലും വെളിച്ചത്തിലേയ്ക്ക് ലക്ഷ്യംവച്ചാൽ ജീവിതം പ്രഭാപൂരിതമാകും. കുറവുകൾക്കുമേൽ ഒരു താമരപോലെ വിരി ഞ്ഞുനിൽക്കുന്ന ഗുണമേന്മകളെ നമ്മൾ കണ്ടെ ത്തുന്നത് അപ്പോൾ മാത്രമാകും. തളർന്നവരെ താങ്ങാൻ നമ്മൾ കരുത്താർജ്ജിക്കുന്നത് സ്വയം തളരാത്ത പ്രതീക്ഷയുടെ വെളിച്ചം നമ്മിൽ ഉള്ള പ്പോഴാണ്. കൂടുതൽ മിഴിവുള്ള വെളിച്ചം കൈവ രിക്കാൻ..... സാധിക്കാം, നമ്മൾക്കെല്ലാവർക്കും യാത്രപറയാതെ കടന്നുപോയ് കടുത്ത തീരു മാനമെടുത്ത എന്റെ ആ സാധുസഹോദരന് സാദരം സമർപ്പിച്ചുകൊണ്ട് .



# പാഠം ഒന്ന് ഒരു കൈ സഹായം

ഷറഫുദ്ദീൻ
സി നം 3155, സെൻട്രൽ പ്രിസൺ വിയ്യൂർ- തൃശൂർ

പണ്ട് ഒരു നാൾ ദൈവം മനുഷ്യന്റെ വേഷത്തിൽ ഭിക്ഷയാചിച്ച് ജനങ്ങളെ ഒന്ന് പരീക്ഷിക്കാൻ വേണ്ടി പല നാടുകളും ചുറ്റി സഞ്ചരിച്ചു. തെറിയഭിഷേകങ്ങളും ക്രൂരമായ മർദ്ദനങ്ങളും മാത്രമാണ് ലഭിച്ചത്. അങ്ങനെ പൊട്ടിയ ചോരയിൽ കുതിർന്ന ശരീരവുമായി വളരെ അവശനായി പ്രകൃതി സുന്ദരമായ ഒരു നാട്ടിൽ എത്തി. വളരെ ശാന്തവും അദ്ധ്വാനശീലരുമായ ഒരു ജനവിഭാഗത്തെ അയാൾ കണ്ടു. അത്താഴ പട്ടിണിക്കാരുണ്ടോ? എന്ന ചോദ്യം പല സ്ഥലങ്ങളിൽ നിന്ന് കേട്ടു. വളരെ സന്തോഷമായി. മതിയാവോളം ഭക്ഷണവും വസ്ത്രവും പണവും ലഭിച്ചു. ഇത്രയും സ്നേഹം നിറഞ്ഞ മനുഷ്യനെയും ആ നാടിനെയും ദൈവത്തിന് വളരെയധികം ഇഷ്ടമായി. ആ നാടിനെ ദൈവം അനുഗ്രഹിച്ചു. അങ്ങനെ കേരളം ദൈവത്തിന്റെ സ്വന്തം നാടായി ലോകം മുഴുവനും അറിയപ്പെട്ടു. ആ നാടാണ് നമ്മുടെ സ്വന്തം കേരളം. ദൈവത്തിന്റെ അനുഗ്രഹത്താൽ കേരളം സാമ്പത്തികമായും സാംസ്ക്കാരികമായും വിദ്യാഭ്യാസപരമായും വളരെയധികം കീർത്തിനേടി. എല്ലാ രാജ്യത്തും കേരളക്കാരന് വളരെയധികം സ്വീകരണങ്ങൾ ലഭിച്ചു. അങ്ങനെയിരിക്കെ ഒരു പരീക്ഷണം കൂടി ദൈവം നടത്തി. പ്രളയം എന്ന ദുരന്തം. ജനങ്ങൾ പരിഭ്രാന്തരായി സഹായത്തിനായി നിലവിളിച്ചു. ഭക്ഷണത്തിനായി കൈ നീട്ടി. അത്ഭുതം എന്ന് പറയട്ടെ. നിമിഷനേരം കൊണ്ട് സഹായിക്കാൻ നാനാഭാഗത്ത് നിന്നും ജനങ്ങൾ ഓടിയെത്തി. ദുരിതാശ്വാസക്യാമ്പുകൾ സജീവമായി. അമ്പലങ്ങളും പള്ളികളും ചർച്ചുകളും എല്ലാം ജനങ്ങൾക്കായി തുറന്ന് കൊടുത്തു. ജയിലിൽ നിന്നും മറ്റുപലയിടങ്ങളിൽ നിന്നും ഭക്ഷണവും വസ്ത്രവും ക്യാമ്പുകളിലേക്ക് ഒഴുകിയെത്തി. വളരെ പെട്ടന്ന് ജനങ്ങൾ ഒറ്റക്കെട്ടായി സഹായിക്കാൻ ഓടിയെത്തിയും ക്യാമ്പുകളിലേക്ക് സഹായങ്ങൾ ഒഴുകിയതും കണ്ട് ദൈവം മൂക്കത്ത് വിരൽ വെച്ച് സന്തോഷം കൊണ്ട് നിറഞ്ഞൊഴുകി. സൈക്കിൾ വാങ്ങാൻ കരുതിവെച്ച പണം കുട്ടികൾ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകുന്നതും സഞ്ചരിച്ചുകൊണ്ടിരിക്കെ ബൈക്ക് സംഭാവനകൾ നൽകിയതും സ്വന്തം തുണിക്കട മുഴുവനായും നൽകിയതും കണ്ട് ദൈവം പുഞ്ചിരിച്ചു.



# ജീവിതം

**സജീവൻ**
സി.നമ്പർ 4178, സെൻട്രൽ പ്രിസൺ, വിയ്യൂർ

വലിയ നഷ്ടങ്ങളിലേക്കും കൊടിയ ദുരന്തങ്ങളിലേക്കുമാണ് നടന്നടുക്കുന്നതെന്ന തിരിച്ചറിവുണ്ടായിട്ടും അതിലേക്കുതന്നെ ബോധപൂർവ്വം ചെന്നുവീണ ഒരാൾ സ്നേഹത്തിന്റെ ഉറവ വറ്റാതെ കാത്തുസൂക്ഷിച്ചാൽ മാത്രമെ, നാളെ എനിക്കുവേണ്ടി കരയാൻ ആരെങ്കിലും ഉണ്ടാവുകയുള്ളൂ എന്ന് തിരിച്ചറിയാൻ വളരെ വൈകിപ്പോയിരിക്കുന്നു. ജീവിതത്തിന്റെ ഫ്ളാഷ് ബാക്കിലെ ഓരോ നിമിഷവും മണിക്കൂറുകളും ദിവസങ്ങളും വേദനയും സങ്കടങ്ങളും സൗഹൃദങ്ങളും സുഖവും നേർത്ത ഓർമ്മകളായി ഹൃദയത്തിൽ മുറിവുകൾ സൃഷ്ടിക്കുന്നു.

സ്വന്തം ജീവിതത്തിലെ ലാഭനഷ്ടങ്ങൾ ഓർമ്മിച്ചുകൊണ്ട് ചിരിക്കാനും കരയാനും ജയിൽ, അവസരങ്ങൾ സൃഷ്ടിക്കുന്നു. പക്ഷെ ഇവിടെയും വേദനകളും സങ്കടങ്ങളും പങ്കിടുവാനും ആശ്വസിപ്പിക്കുവാനും ഒരാളുണ്ടാവുകയെന്നത് ഭാഗ്യക്കുറിപോലെ മാത്രം. സ്വന്തം ജീവിതത്തിലെ ലാഭനഷ്ടക്കണക്കുകൾക്കവസാനം കിട്ടുന്നത് പൂജ്യം മാത്രം. ജീവിതത്തിന്റെ അർത്ഥങ്ങളെക്കുറിച്ച്, അല്ലെങ്കിൽ അർത്ഥശൂന്യതയെക്കുറിച്ച് ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ മനസിൽ തിങ്ങി നിറഞ്ഞിരിക്കുന്നു. രക്തത്തിന്റെ വാക്കുകൾ കൊണ്ട് പരസ്പരം കെട്ടപ്പെട്ട ഹൃദയബന്ധങ്ങൾ മുറിച്ചെടുക്കാൻ നിർബന്ധിതനായപ്പോൾ ജീവിതമൊരു ചോദ്യചിഹ്നമായി മാറി.

വൈകാരിക ബന്ധങ്ങളുടെ വില തിരിച്ചറിയാൻ താമസിച്ചുപോയിരുന്നു. എല്ലാവരും സ്നേഹം വാരിക്കോരി നൽകിയെങ്കിലും അത് പുറം കാൽകൊണ്ട് തട്ടിയകറ്റുകയാണ് ചെയ്തത്. പിന്നീട് സ്നേഹബന്ധങ്ങൾക്കുവേണ്ടി ദാഹിച്ചപ്പോൾ,അകന്നുനിന്ന ബന്ധുക്കൾ വില നിശ്ചയിച്ചുകഴിഞ്ഞിരുന്നു. സഹോദരങ്ങളോ മക്കളുണ്ടെങ്കിൽ മക്കളോ സുഹൃത്തുക്കളോ, ആശ്വസിപ്പിക്കുവാനില്ലാതെയുള്ള അന്ത്യം ക്രൂരമാണ്. പക്ഷേ നേരിടുകതന്നെവേണം. ഉപരിതലങ്ങളും ആഴങ്ങളും വേറിട്ടുകാണുവാൻ എത്ര പേർക്ക് കഴിയും.

ഇന്നത്തെ ലാഭങ്ങളിൽ, നാളത്തെ നഷ്ടങ്ങളെ കണ്ടില്ലെന്നു നടിക്കേണ്ടി വരുന്നതാണ് മനുഷ്യസ്വഭാവം. മനുഷ്യനെ മനുഷ്യനിൽനിന്ന് വേറിട്ടുനിർത്തുന്നതും ഈ സ്വഭാവ വൈചിത്രമാണ്. ഏതൊരു മനുഷ്യനെയും പൂർണ്ണഅളവിൽ മനസ്സിലാക്കിയ സഹജീവിയോ ബന്ധുവോ ഈ ഭൂമിയിലില്ല എന്ന സത്യം എത്ര പേർക്കറിയാം. മറ്റുള്ളവർക്കു മുൻപിൽ മാത്രമല്ല, സ്വന്തം മനസാക്ഷിക്കു മുൻപിലും ജീവിതം സത്യസന്ധമായി ജീവിച്ചുകാണിക്കുന്നതിന്റെ സന്തോഷം വളരെ വലുതാണ്.

നോട്ടുകെട്ടുകളുടെ ലോകത്തുനിന്നു കൊണ്ടനുഭവിച്ച സ്നേഹം,പക,പ്രതികാരം, അസൂയ, വിഷയാസക്തി ഇവക്കൊന്നിനും ദേശകാലവ്യത്യാസമില്ലെന്നുള്ളത് തിരിച്ചറിയാൻ വൈകിപ്പോയിരുന്നു. ഈ ഭൂമിയിൽ ഒന്നിനും മാറ്റമില്ല. ജന്മാന്തരപാപങ്ങൾ ബാക്കി നിൽക്കുന്നു. ഞാൻ കാരണം വേദനിക്കപ്പെട്ടവരെത്ര? അറിഞ്ഞും അറിയാതെയും ചെയ്ത തെറ്റുകളെത്ര? എന്റെ ഹൃദയത്തിലേക്ക് ആ വേദനകളെല്ലാം തുളഞ്ഞിറങ്ങിയിരിക്കുന്നു. അതു തടഞ്ഞുനിർത്താൻ കഴിയില്ല.

സ്വയം ചവിട്ടിയരക്കപ്പെട്ട ജന്മം. എല്ലാ സങ്കടങ്ങളും ഉള്ളിലൊതുക്കുന്നുവെങ്കിലും ഒരിക്കലത് പൊട്ടിത്തെറിക്കുമെന്നറിയാം. അതോടെ എല്ലാം അവസാനിക്കും. ദു:ഖത്തിനോ പശ്ചാത്താപത്തിനോ ക്ഷമാപണങ്ങൾക്കോ കണ്ണുനീരിനോ ഇനി പ്രസക്തിയില്ല. വെള്ളത്തിൽ വീണ പൊങ്ങുതടിപോലെ ഒഴുകിനടക്കാം. പക്ഷേ അതിലെന്തർത്ഥമാണുള്ളത്?

ഓർമ്മപോലെ മറവിയും ഒരനുഗ്രഹമാണ്. ഈ ജീവിതത്തിലെ ഓരോ നിമിഷത്തേയും അനുഭവങ്ങൾ ഒന്നൊഴിയാതെ ഓർത്തുവയ്ക്കുന്നതുകൊണ്ട് എന്താണ് പ്രയോജനം? ഇതുവരെ സംഭവിച്ചതെല്ലാം വീണ്ടും ഒരിക്കൽകൂടി ആവർത്തിക്കുകയില്ലെന്നുള്ളതിന് എന്താണ് ഉറപ്പ്? ഉറങ്ങുന്ന രാത്രിയെ, പിന്തുടർന്ന് വരുന്ന പകൽ, പകലിനെ തുടർന്ന് വീണ്ടും രാത്രി. അതിനുരണ്ടിനുമിടയിലെ ജീവിതം. ഇരുമ്പഴികൾ സ്വന്തം മജ്ജയോടും മാംസത്തോടും ചേർന്നുകഴിഞ്ഞതായിതോന്നുന്നു.

ഓരോരുത്തർക്കും ജീവിതമെന്നാൽ മറവിയുടെയും ഓർമ്മകളുടെയും ആഘോഷമാണ്. അതിൽ കണ്ണീരിന്റെ നനവുണ്ടാകും. അതിനെ സധൈര്യം നേരിടുന്നവർക്കുള്ളതാണ് ജീവിതം. ദുരിതപൂർണ്ണമായ ഓർമ്മകളുടെ രാപ്പകലുകൾ ഇപ്പോഴെനിക്ക് സ്വന്തം. ഏതനുഭവവും അതിലൂടെ കടന്നുപോകുന്നവർക്ക് കൂടുതൽ വേദന നൽകും. അതിനെക്കുറിച്ച് വായിക്കുന്നവരും കേൾക്കുന്നവരുമൊന്നും അതിന്റെ യഥാർത്ഥഅനുഭവങ്ങളിലൂടെ സഞ്ചരിക്കുന്നില്ല.

ഇത്രയും വർഷക്കാലത്തെ ജീവിതം എന്താണ് എനിക്ക് നേടിത്തന്നത്. ഞാൻ അനുഭവിച്ചറിഞ്ഞ തീവ്രദു:ഖവും ക്രൂരഅനുഭവങ്ങളും മറ്റൊരാൾക്ക് പകർന്നു തന്നാൽ തന്നെ അനുഭവിച്ച കണ്ണീരും കയ്പും തിരിച്ചറിയണമെന്നില്ല. ഓരോ ജീവിതവും ഒരർത്ഥത്തിലല്ലെങ്കിൽ മറ്റൊരർത്ഥത്തിൽ ബലിയാണ്. അറിഞ്ഞുകൊണ്ട് സ്വയം ബലിക്കല്ലിലേക്ക്, തല വയ്ക്കുന്ന ഒരാളായി എന്നെ ഞാൻ കാണുന്നു. ഓർമ്മയെന്ന അനഘനിധി നഷ്ടപ്പെട്ട്, മരണം അതിന്റെ അനുഗ്രഹത്തിനായി വിളിക്കുന്നത് ചെവിയോർത്ത് കഷ്ടപ്പെട്ടും കഷ്ടപ്പെടുത്തിയും കിടന്നുപോകുന്നത് അചിന്ത്യമാണ്. ഏതുവിധമരണവും വേദനിപ്പിക്കുന്നതുമാണ്. സ്വന്തം ജീവൻ ഉടൽപിരിയുന്ന സമയത്തുള്ള വേദന അനുഭവിക്കുക തന്നെ വേണം.

മരണവേദനയിൽ ഒരു മാത്ര മനസ്സും ശരീരവും ഉണർന്നിരിക്കും. എല്ലാം കഴിയുകയാണെന്ന് തിരിച്ചറിയും. രക്ഷപെടാൻ കൊതിക്കും. ആരെയെങ്കിലും സഹായത്തിന് വിളിക്കാൻ തോന്നും. പക്ഷെ തൊട്ടടുത്തുണ്ടെങ്കിലും ഒച്ചവക്കാൻ കഴിയാതെ, അടഞ്ഞുപോകുന്ന കണ്ണുകൾ തുറന്നുപിടിക്കാൻ കഴിയാതെ വിരലുകളോ ചുണ്ടുകളോ ചലിപ്പിക്കാനാവാതെ, മരണദേവതയുടെ നിയന്ത്രണത്തിലായിരിക്കും. ഒരിക്കൽ, ഒരുമിച്ചുണ്ടായിരുന്നവർ, കരച്ചിലിന്റെയും ചിരിയുടെയും ഇടയിൽ തമ്മിൽ ചിരിച്ചും മുറിവേൽപ്പിച്ചും എല്ലാം കൈപ്പിടിയിലൊതുക്കുവാൻ പൊരുതുമ്പോൾ, ഒന്നുമറിയാൻ കഴിവില്ലാതെ മണ്ണിനടിയിൽ.........

അതാണ് ഏറ്റവും വലിയ സുഖം



# അന്യഗ്രഹജീവി

**രതീഷ്. എബ്രഹാം**
ആർ.പി.851, ജില്ലാ ജയിൽ കോഴിക്കോട്


അന്യഗ്രഹജീവികളുടെ ഒരു മഹാസമ്മേളനം വിളിച്ചുകൂട്ടാൻ അന്യഗ്രഹ ജീവികളുടെ രാജാവ് തീരുമാനിച്ച വിവരം അറിയിച്ചുകൊണ്ട് രാജകിങ്കരന്മാർ വിളംബരം പുറപ്പെടുവിച്ചു. അങ്ങനെ അവിടത്തെ ജനങ്ങളെല്ലാം രാജക്കൊട്ടാരത്തിൽ എത്തിച്ചേർന്നു. എന്നാൽ എല്ലാവരുടെയും മുഖത്ത് ആകാംക്ഷ നിറഞ്ഞുനിന്നിരുന്നു, കാരണം ഇങ്ങനെ ഒരു മഹാസമ്മേളനം പതിവില്ലാത്തതായിരുന്നു. ആകാംക്ഷ നിറഞ്ഞിരിക്കെ തന്നെ രാജസദസ്സിൽ രാജാവ് ആഗതനായി. സേനാധിപനും മന്ത്രിയും എന്തോ സ്വകാര്യം പറയുന്നുണ്ടായിരുന്നു. നിമിഷങ്ങൾക്കകം തന്നെ രാജഗുരുവും കൊട്ടാരത്തിൽ എത്തിച്ചേർന്നു. രാജാവ് എല്ലാവരെയും അഭിസംബോധന ചെയ്തുകൊണ്ട് ഇങ്ങനെ അറിയിച്ചു. "നമ്മൾ എല്ലാവരും ഇനിയുള്ള കാലം ജാഗരൂകരായി ഇരിക്കണം" ഇത് കേട്ട പ്രജകൾ അന്യോന്യം നോക്കി.

ഇതിന് മുൻപ് പലപ്പോഴും പ്രജകളുടെ ക്ഷേമങ്ങൾ അറിയാൻ യോഗങ്ങൾ വിളിച്ചുകൂട്ടാറുണ്ടെങ്കിലും ജാഗരൂകരായി ഇരിക്കണം എന്നൊക്കെയുള്ള അറിയിപ്പ് ആദ്യമായിട്ടായിരുന്നു. ബുദ്ധിമാനും ധീരനും ശക്തനുമായ നമ്മുടെ രാജാവ് പോലും ഇത്രയും ഭയാകുലനാവണമെങ്കിൽ കാര്യമായതെന്തോ ഉണ്ടെന്നുള്ളതിന് ആർക്കും ഒട്ടും തന്നെ സംശയം ഉണ്ടായിരുന്നില്ല. രാജാവ് തുടർന്നു. "നമ്മുടെ എല്ലാവരുടെയും ആരാധ്യനായ രാജഗുരുവിന് വീണ്ടും ഉൾവിളി ഉണ്ടായിരിക്കുന്നു. ഈ രാജ്യത്ത് എന്ത് അനിഷ്ട സംഭവങ്ങൾ ഉണ്ടാവാൻ പോവുമ്പോഴും രാജഗുരുവിന് ഇത്പോലെ ഉൾവിളി ഉണ്ടാവാറുണ്ട്.

അത് കൊണ്ടുതന്നെയാണ് ഇത്രയും കാലം ഏതെങ്കിലും തരത്തിൽ ഉണ്ടാവാൻ സാധ്യതയുള്ള വിപത്തുകളെയെല്ലാം തടഞ്ഞുനിർത്തി രാജ്യത്തെയും പ്രജകളെയും സംരക്ഷിച്ച് വന്നിരുന്നത്. രാജാവ് മന്ത്രിയെ കൊണ്ട് പ്രജകളെ വിവരങ്ങൾ ധരിപ്പിക്കാൻ ആജ്ഞാപിച്ചു. അതനുസരിച്ച് മന്ത്രി പ്രജകളോടായി ഇങ്ങനെ പറഞ്ഞു. "മാന്യമാഹാജനങ്ങളെ നമ്മുടെ ഈ ലോകം പോലെതന്നെ ആകാശത്തിനു മേലെ ഭൂമിയെന്നൊരു അതിസുന്ദരമായ മറ്റൊരു ലോകവുമുണ്ട്. പവിത്രവും നിർമ്മലവുമായ അവിടെ ജീവിക്കുന്നത് പോലെ സുഖമായി ജീവിക്കാൻ മറ്റെവിടെയും സാധിക്കില്ലെന്നാണ് നമ്മുടെ ചാരൻമാർ വഴി നമ്മൾക്ക് മനസ്സിലാക്കാൻ സാധിച്ചത്. ദൈവത്തിന്റെ പ്രതിരൂപമെന്ന രീതിയിൽ അറിയപ്പെടുന്ന മനുഷ്യൻമാർ സ്നേഹിച്ചും അന്യോന്യം നന്മകൾ ചെയ്തും സന്തോഷിച്ച് ജീവിച്ച് വരുന്നതിനിടയിൽ

സ്വാർത്ഥത എന്ന ദുർഭൂതം അവരിൽ പിടികൂടി. പിന്നീട് മനുഷ്യർ തമ്മിൽ തല്ലിയും കുതികാൽ വെട്ടിയും അവരുടെ ദൈവീകപ്രഭ നഷ്ടപ്പെടുത്തി കൊണ്ടിരിക്കുകയാണ്. ആഗോളതാപനത്തിന്റെ ഫലമായി കാലവും കോലവും തെറ്റിയുള്ള മഴയും, കുളങ്ങളും വയലുകളും മണ്ണിട്ട് നികത്തിയും, പുഴകൾ കയ്യേറി മണിമാളികകൾ കെട്ടിപ്പൊക്കിയും, മരങ്ങൾ വെട്ടിനശിപ്പിച്ചും കുന്നിന്റെ മാറിടം പിളർന്നും അവർ അവരുടെ തന്നെ ജീവനു തന്നെ ഭീഷണിയായിരിക്കുകയാണ്. ഇത്രയും സ്വർഗതുല്യമായ ഭവനം മനുഷ്യനും മറ്റുള്ള ജീവജാലങ്ങൾക്കും ദൈവം സൃഷ്ടിച്ചു നൽകിയിട്ടും മനുഷ്യന്റെ അഹന്ത കൊണ്ടും പലവ്യാമോഹങ്ങൾ കൊണ്ടും ഇപ്പോൾ കൈകാലിട്ടടിച്ച് കരഞ്ഞു കൊണ്ട് വാസയോഗ്യമായ മറ്റൊരിടം കണ്ടെത്താൻ പെടാപ്പാട് പെട്ടുകൊണ്ടിരിക്കുകയാണ്. നമ്മുടെ ഇടം എങ്ങാനും അവർ കണ്ടെത്തി കഴിഞ്ഞാൽ പിന്നെ, നമ്മുടെ മണ്ണിനെയും നാമാവശേഷമാക്കി കളയും. അത്രയ്ക്ക് ഭയങ്കരന്മാരാണ്!

ദൈവത്തിന്റെ സ്വരൂപമെന്ന് സ്വയം അവകാശപ്പെട്ട് നടക്കുന്ന അവർ ഇങ്ങോട്ട് വരാനുള്ള സാധ്യതയെ ഏത് വിധേനയും ഊണും ഉറക്കവും ഉപേക്ഷിച്ച് നമ്മൾ നേരിടണം. അതിനായി നമ്മൾ ദൃഢപ്രതിജ്ഞ ചെയ്യുക. രാജാവിന്റെ ആഹ്വാനം എല്ലാ പ്രജകളും ഒരേ ശ്വാസത്തിൽ നെഞ്ചിൽ പകർന്നു. വരാനിരിക്കുന്ന വിപത്തിനെ നേരിടാനുറച്ച് രാജാവിന് അഭിവാദ്യങ്ങളും ജയ്‌വിളികളുമായി മടങ്ങുമ്പോഴും എന്തോ ഒരു ഭയം അവരുടെ കണ്ണുകൾ ആകാശത്തിന്റെ ഏതൊക്കെയോ കോണുകളിലേക്കായിരുന്നു.........



# നർമ്മം

അബ്ദുൾറഹീം
സി. നമ്പർ. 3488, സെൻട്രൽ പ്രിസൺ വിയ്യൂർ



## നർമ്മം

പാത്രം കഴുകിക്കൊണ്ടിരുന്നപ്പോൾ വീട്ടിൽ ജോലിക്കാരി തെന്നി വീണ് അലമാര മറിഞ്ഞ് വിലയേറിയ പാത്രങ്ങളെല്ലാം പൊട്ടിച്ചു. ശബ്ദം കേട്ട് ഓടിവന്ന ഗൃഹനാഥനെക്കണ്ട് വേലക്കാരി കരഞ്ഞുതുടങ്ങി. "നീ കരയണ്ട പൊട്ടിയ പാത്രങ്ങൾക്കു പകരം അതുപോലുള്ള പാത്രങ്ങൾ ഞാൻ വാങ്ങിക്കൊണ്ട് വരാം, ഭാര്യ അറിയണ്ട" പുറത്തുപോകുന്നതിനിടയിൽ ഗൃഹനാഥൻ പറഞ്ഞു. "ഓർമ്മയിരിക്കണം ഒരിക്കലും കൊച്ചമ്മ അറിയരുത്" ജോലിക്കാരി, "അത് എനിക്ക് ഉറപ്പുപറയാൻ പറ്റില്ല. കൊച്ചമ്മ അലമാരിയുടെ അടിയിലുണ്ട്"

## കള്ളുകുടി

അയൽക്കാരൻ ശശിയോട് "നീയും ഭാര്യയും ഇപ്പോ ഒരു കുഴപ്പവുമില്ലല്ലോ. അല്ലെങ്കിൽ എന്നും സന്ധ്യയാകുമ്പോൾ വഴക്കു തുടങ്ങുമായിരുന്നു. ഇപ്പോൾ ഒന്നും കേൾക്കുന്നില്ലല്ലോ."

ശശി:- ഞാൻ ഷാപ്പിൽ പോയുള്ള കള്ളുകുടി നിർത്തി"

അയൽക്കാരൻ :- 'ഓ... നീ കള്ളുകുടിക്കുന്നതിനായിരുന്നോ ബഹളം"

ശശി: - "ഉം ഇപ്പോ വാങ്ങിക്കൊണ്ട് വന്ന് ഞാനും അവളും കൂടി കുടിക്കും. മുൻപ് ഞാൻ ഷാപ്പിൽ പോയിരുന്ന് ഒറ്റക്ക് കുടിക്കും. അതിനായിരുന്നു ബഹളം"

## നായ

പുതിയതായി വാങ്ങിക്കൊണ്ടുവന്ന നായയെ അനുസരണം പഠിപ്പിക്കുന്ന ഭാര്യയോട് ഭർത്താവ് "ഇതിനെ അനുസരണം പഠിപ്പിക്കാൻ നിന്നെക്കൊണ്ടു കഴിയുമെന്ന് തോന്നുന്നില്ല.

ഭാര്യ :- ഒന്നു മിണ്ടാതിരിക്കു മനുഷ്യാ, വിവാഹം കഴിഞ്ഞയുടനെ നിങ്ങളും ഇതുപോലെ പിടിവാശിക്കാരനല്ലായിരുന്നോ"

## പാതിരി

പരസ്പരം കലഹം കൂടിയിരുന്ന ഭാര്യ ഭർത്താക്കൻമാരെ അനുനയിപ്പിക്കാൻ ശ്രമം നടത്തി പാതിരി ഉപദേശിച്ചു.

"നോക്കൂ പട്ടിയും പൂച്ചയും പോലും ഈ ഭൂമിയിൽ രമ്യതയിൽ കഴിയുന്നു." അപ്പോൾ ഭർത്താവ് "രണ്ടിനേയും തമ്മിൽ കൂട്ടിക്കെട്ടിയിട്ട് അച്ചൻ ഈ അഭിപ്രായം പറയുമോ?

## ഡോക്ടർ

ഭാര്യ ഡോക്ടറോട്

"എന്റെ ഭർത്താവിന് നല്ലപോലെ ക്ഷീണമുണ്ട്. ഒന്ന് നോക്കണം ഡോക്ടറെ"

ഡോക്ടർ പരിശോധനയ്ക്ക് ശേഷം കുറച്ച് ഗുളികകൾ കുറിച്ച് കൊടുത്തു.

ഭാര്യ :- "ഇത് എത്രവീതം കൊടുക്കണം ഡോക്ടർ" ഇത് നിങ്ങൾക്കുള്ളതാണ്. നിങ്ങളുടെ ഭർത്താവിനല്ല. അദ്ദേഹത്തിന് അൽപം വിശ്രമമാണാവശ്യം"

## കള്ളൻ

അടിച്ചുഫിറ്റായി രാത്രി വൈകിവന്ന ഭർത്താവ് കാണുന്നത് ഒരു കള്ളൻ വാതിൽ കുത്തി തുറക്കാൻ ശ്രമിക്കുന്നതാണ്. അയാൾ കള്ളന്റെ അടുത്തെത്തി പതുക്കെ "ശബ്ദമുണ്ടാക്കരുത്, വാതിൽ ഞാൻ തുറന്നുതാരം. പക്ഷെ ആദ്യം താൻ ഉള്ളിൽ കടക്കണം"

## കാമുകി

"ഒരു കാമുകി മുന്തിരിച്ചാറുപോലെയാണ്. ഭാര്യ അതിന്റെ കുപ്പി പോലെയും"

## ആയുസ്സ്

ഡോക്ടറുടെ അടുത്ത് ബോഡിചെക്കപ്പിനു വന്ന വൃദ്ധൻ പറഞ്ഞു "ഞാൻ അടുത്താഴ്ച വിവാഹിതനാവുകയാണ്"

ഡോക്ടർ : - വധുവിന് ? വൃദ്ധൻ "ഇരുപത്തിരണ്ട്"

ഡോക്ടർ :- "ഇരുപത്തിരണ്ടോ അതു വളരെ വലിയ വ്യത്യാസമാണല്ലോ"

വൃദ്ധൻ :- " ഓ... സാരമില്ല. ദീർഘായുസുണ്ടെങ്കിൽ അവൾ ജീവിക്കും

## ആയുസ്സ്

"നിങ്ങൾ വിവാഹതരായിട്ട് എത്രനാളായി" "ഇരുപത്തേഴ് കൊല്ലം" ഇരുപത്തേഴ് കൊല്ലമായി! എന്നിട്ടിപ്പോൾ വിവാഹമോചനം വേണം എന്നാവശ്യപ്പെടാൻ കാരണം"

"എന്റെ ഭർത്താവിന് തീരെ സംസ്കാരമില്ല" "സംസ്കാരമില്ലെന്നു മനസ്സിലാക്കാൻ ഇരുപത്തേഴ് കൊല്ലം വേണ്ടിവന്നോ" "ഞാനതു നേരത്തെയറിഞ്ഞില്ല. സംസ്കാരത്തെക്കുറിച്ചുള്ള ഒരു പുസ്തകം ഞാനിന്നലെ വായിച്ചപ്പോഴാണ് മനസ്സിലായത്"



# നല്ലനടപ്പിന് നിയമത്തിന്റെ ഉയിർത്തെഴുന്നേൽപ്പ്

**സജി സൈമൺ**
വെൽഫെയർ ഓഫീസർ ഗ്രേഡ് 2, സെൻട്രൽ പ്രിസൺ, വിയ്യൂർ

2019 നവംബർ 15 ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരുടെ ജന്മദിനം. ഈ വർഷം മുതൽ നവംബർ 15 പ്രൊബേഷൻ ദിനമായി കേരള സർക്കാർ ആചരിച്ചു തുടങ്ങി. ജയിലുകൾക്ക് മനുഷ്യത്വപരമായ ഒരു മുഖം നൽകാൻ അന്തേവാസികളുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടാൻ ആത്മാഭിമാനം നഷ്ടപ്പെടാതെ അവരെ സമൂഹത്തിലേക്ക് തിരികെ കൊണ്ടുവരാൻ ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരുടെ നിരീക്ഷണങ്ങൾക്കും വിധികർത്താക്കൾക്കും സാധിച്ചു എന്നതിനാലാണ് ആ മഹാനായ നിയമജ്ഞന്റെ ജന്മദിനം പ്രൊബേഷൻ ദിനമായി ആചരിക്കാൻ സാമൂഹ്യ നീതിവകുപ്പ് തെരഞ്ഞെടുത്തത്.

നമ്മുടെ രാജ്യത്ത് അർഹിക്കുന്ന ജനവിഭാഗങ്ങൾക്കായി സൗജന്യ നിയമസഹായം എന്ന ആശയം നടപ്പിലാക്കുന്നതിന് പ്രവർത്തിച്ച ആദ്യകാല നിയമജ്ഞൻ.. രാഷ്ട്രതന്ത്രജ്ഞൻ... മന്ത്രി, പാവങ്ങളായ ആളുകൾക്കെതിരെ പോലീസിന്റെ ക്രൂരതയ്ക്ക് എതിരായി പ്രതിഷേധിച്ചതിന് 1948 ൽ ഒരു മാസം ജയിൽ വാസം അനുഭവിക്കേണ്ടി വന്ന മനുഷ്യസ്നേഹി- ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ. ജയിൽ അന്തേവാസികളുടെ പ്രശ്നങ്ങൾ ശരിയായ രീതിയിൽ ഉൾക്കൊള്ളാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത് ഈ ജയിൽ ശിക്ഷാകാലമായിരിക്കാം. 20-12-1979ൽ പ്രസിദ്ധമായ സുനിൽ ബാദ്ര V/S. ഡൽഹി അഡ്മനിസ്ട്രേഷൻ കേസിൽ ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരുടെ വിധി, ജയിലകങ്ങളിലെ ആന്തേവാസികളുടെ പ്രശ്നങ്ങളെ പരിഹരിക്കുന്നതിൽ നാഴികക്കല്ലായി അവരുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെട്ടു. മനുഷ്യത്വപരമായ ഒരു സമീപനം അന്തേവാസികൾക്കും പ്രാപ്യമായി.

അദ്ദേഹത്തിന്റെ കാഴ്ച്ചപ്പാട് വധശിക്ഷക്കെതിരായിരുന്നു. ഏകാന്തതടവിനെ അദ്ദേഹം എതിർത്തു. കോടതികളിലും മറ്റും പേലീസ് അകമ്പടിയിൽ കൈവിലങ്ങു വയ്ച്ചുകൊണ്ടുപോകുന്നതിന്റെ ക്രൂരത അദ്ദേഹം ചൂണ്ടിക്കാട്ടി. ഉത്തമ നീതിബോധവും അറിവും മനുഷ്യസ്നേഹവും ശക്തമായ നിലപാടുകളും നിറഞ്ഞ ആ ജീവൻ 2014 ഡിസംബർ 4 ന് ഓർമ്മയായി മാറി. അദ്ദേഹത്തിന്റെ വിധിന്യായങ്ങൾ ഉന്നത നീതി പീഠങ്ങളിൽ നിത്യേന പരാമർശിക്കപ്പെടുന്നു. 1999 ൽ രാജ്യം അദ്ദേഹത്തിന്റെ സംഭാവനകൾക്ക് പത്മഭൂഷൺ നൽകി ആദരി

ച്ചു. ഒരിക്കൽ കുറ്റം ചെയ്തു പോയവരെയോ കുറ്റം ആരോപിക്കപ്പെട്ടവരേയോ എന്നും കുറ്റവാളിയായി മുദ്രകുത്താൻ പാടില്ല. അവരും മനുഷ്യരാണ്. നിതിബോധമുള്ളവരാണ്. ചില സാഹചര്യങ്ങളും സമൂഹവും ആകാം ഒരു തെറ്റിലേക്ക് മനുഷ്യനെ തള്ളിവിടുന്നത്. അങ്ങനെയുള്ളവരെ ഒരു കുടുംബം ചേർത്തുപിടിക്കുന്നതു പോലെ ഒരു സമൂഹവും ചേർത്തു നിർത്തണം. തിരുത്തണം. ഉത്തമ പൗരനായി സമൂഹത്തിൽ ജീവിക്കാൻ അവസരം നൽകണം. സാമൂഹ്യപുനരധിവാസം യാഥാർത്ഥ്യമാക്കണം. അതിനായി പ്രവർത്തിച്ച ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരുടെ ജന്മദിനം പ്രൊബേഷൻ ദിനമായി ആചരിക്കുന്നത് തീർത്തും ഉചിതം തന്നെ

1958 ൽ നിലവിൽ വന്ന പ്രൊബേഷൻ നിയമം ഈയടുത്ത കാലം വരെ അത്രകണ്ട് ഉപയോഗപ്പെടുത്തിയിരുന്നില്ല. ഈ നിയമത്തിന് ജീവൻവെയ്ക്കുന്നത് ഈയടുത്തകാലത്താണ്. സാമൂഹ്യനിതിവകുപ്പിന്റെ അക്ഷീണപ്രയത്നത്തിലൂടെ എന്താണ് ഈ പ്രോബേഷൻ നിയമം ? ചെറിയ കാലയളവിലേക്ക് ജയിൽ ശിക്ഷ ലഭിക്കാവുന്ന ഇന്ത്യൻ ശിക്ഷാനിയമപ്രകാരമുള്ള ചില കുറ്റകൃത്യങ്ങൾ ചെയ്ത കുറ്റവാളികളെ തടവ് ശിക്ഷ നൽകാതെ ഉചിതമായ താക്കീതോ, ശാസനയോ മാർഗ്ഗ നിർദ്ദേശങ്ങളോ നൽകി വിട്ടയക്കുന്നത് ഈ നിയമപ്രകാരമാണ്. ആദ്യമായി കുറ്റകൃത്യത്തിൽ ഏർപ്പെടുന്നവർക്കാണ് ഈ നിയമം ബാധകമാവുന്നത്. ജയിൽ ശിക്ഷലഭിക്കാവുന്ന കുറ്റകൃത്യങ്ങളിൽ കൂടി കേസിന്റെ സാഹചര്യം. കേസിന്റെ സ്വഭാവം കുറ്റവാളികളുടെ പ്രകൃതം കുടുംബപശ്ചാത്തലം, പൂർവ്വകാല ചരിത്രം എന്നിവ കണക്കിലെടുത്ത് ചില വ്യവവസ്ഥകൾക്ക് വിധേയമാക്കി ഒരു കുറ്റവാളിയുടെ ജയിൽ ശിക്ഷ മാറ്റി വയ്ക്കുന്ന സംവിധാനമാണ് പ്രൊബേഷൻ. കുറ്റവാളിയെ സ്വന്തം കുടുംബചുറ്റുപാടിലും, സാമൂഹ്യസാഹചര്യത്തിലും ജീവിക്കാൻ അവസരം നൽകി മനപരിവർത്തനവും സാമൂഹികപുനരധിവാസവും സാധ്യമാക്കി സമൂഹത്തിനുതകുന്ന ഒരു പൗരനാക്കി മാറ്റുന്ന സാമൂഹ്യ ചികിത്സാ സമ്പ്രദായമാണ് പ്രൊബേഷൻ. “ശിക്ഷ” കുറ്റവാളിയുടെ മാനസിക പരിവർത്തനത്തിന് സഹായകരമാവണമെന്ന ആധുനിക കാഴ്ച്ചപ്പാടാണ് പ്രൊബേഷൻ സംവിധാനത്തിന്റെ അടിസ്ഥാന തത്ത്വം. നല്ലനടപ്പിന് വിടുമ്പോൾ നൽകുന്ന വ്യവസ്ഥകളും ഉപാധികളും അനുസരിച്ചില്ലെങ്കിൽ നല്ലനടപ്പ് ജാമ്യം റദ്ദാക്കാനും ആ വ്യക്തിയെ തിരികെ ജയിലിലടക്കാനും കഴിയും.

## നിയമം ഒറ്റനോട്ടത്തിൽ

* കോടതി താക്കീത് നൽകി കുറ്റവാളിയെ വിട്ടയക്കുന്നു.
* നല്ലനടപ്പ് ജാമ്യത്തിൽ പ്രൊബേഷൻ ഓഫീസറുടെ നിരീക്ഷണത്തിൽ വിട്ടയക്കുന്നു.
* പ്രൊബേഷൻ ഓഫീസറിൽ നിന്ന് കുറ്റവാളിയെക്കുറിച്ച് റിപ്പോർട്ട് തേടിയതിന് ശേഷം വിട്ടയക്കുകയും കൃത്യമായ ഇടവേകളിൽ തുടർറിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്യുന്നു.
* പ്രൊബേഷൻ ഓഫീസറുടെ കൃത്യമായ നിരീക്ഷണം പ്രോബേഷൻ കാലയളവിൽ ഉണ്ടായിരിക്കും.
* ജാമ്യക്കാരനോടുകൂടിയോ അല്ലാതേയോ ഒരു കരാർ പത്രത്തിൽ ഒപ്പുവെക്കാൻ കോടതിക്ക് ആവശ്യപ്പെടാം. കുറ്റകൃത്യം ആവർത്തിക്കാതിരിക്കാനുള്ള വ്യവസ്ഥകളാണ് കരാറിൽ ഉള്ളത്
* ഇരകൾക്ക് കുറ്റവാളിയിൽ നിന്നും നഷ്ടപരിഹാരം ലഭ്യമാക്കാൻ നിയമം അനുശാസിക്കുന്നു.
* 21 വയസിനു താഴെയുള്ള ചെറിയ കുറ്റവാളികൾക്ക് (വധശിക്ഷ, ജീവപര്യന്തം എന്നിവ ഒഴികെയുള്ള ശിക്ഷകൾ ലഭിക്കാവുന്ന കുറ്റം) പ്രൊബേഷൻ ആനുകൂലത്തിന്റെ സാദ്ധ്യത നിർബന്ധമായും പരിശോധിച്ചിരിക്കണം
* കരാർ ലംഘിച്ചാൽ കോടതി ജയിൽശിക്ഷ നടപ്പാക്കും
* പ്രൊബേഷനിൽ വിട്ടയക്കപ്പെട്ട കുറ്റവാളിക്ക് കുറ്റകൃത്യം ചെയ്തതിന്റെ പേരിലുള്ള അയോഗ്യതകൾ ഇല്ലാതാകുന്നു. അതായത് സർക്കാർ പരീക്ഷകളിൽ പങ്കെടുക്കാം, ജോലിയിൽ പ്രവേശിക്കാം തുടങ്ങിയവ.

## പ്രൊബേഷനിൽ വിട്ടയച്ചാൽ നേട്ടങ്ങൾ

1. ഉത്തമപൗരനായി ജീവിക്കാൻ അവസരം
2. 'ജയിൽപുള്ളി' എന്ന മുദ്രയും സാമൂഹിക ഭ്രഷ്ടും ഒഴിവാക്കുന്നു.
3. കുടുംബജീവിതവും സാമൂഹ്യജീവിതവും സാദ്ധ്യമാകുന്നു.
4. ജയിലിലെ പലവിധ കുറ്റവാളികളുമായുള്ള സഹവാസവും പ്രശ്നങ്ങളും ഒഴിവാകുന്നു.
5. കുറ്റകൃത്യവുമായി ബന്ധപ്പെട്ട് അയോഗ്യതകൾ ഇല്ലാകുന്നു.
6. ജയിലുകളിൽ തിങ്ങിപ്പാർക്കുന്ന പ്രശ്നം ഒഴിവാകുന്നു.
7. സർക്കാർ ഖജനാവിന് നേട്ടം
8. കുറ്റകൃത്യങ്ങൾ കുറഞ്ഞ സമൂഹം സൃഷ്ടിക്കപ്പെടുന്നു.

## സാമൂഹ്യനീതിവകുപ്പ് ജയിലന്തേവാസി കൾക്ക് നൽകുന്ന സഹായ പദ്ധതികൾ

| പദ്ധതി | ലക്ഷ്യം |
|---|---|
| * നേർവഴി പദ്ധതി | പ്രൊബേഷൻ സംവിധാനം ശക്തിപ്പെടുത്തി കുറ്റകൃത്യത്തിലുൾപ്പെട്ടവരുടെ സാമൂഹ്യപുനരധിവാസം |
| * സ്വയം തൊഴിൽ പദ്ധതി (ജയിൽ മോചിതർക്കും നല്ലനടപ്പിനു വിട്ടയച്ചവർക്കും) | തൊഴിൽപരമായ പുനരധിവാസം ധനസഹായം : 15000/- രൂപ |
| * ജയിലിൽ കഴിയുന്നവരുടെ ആശ്രിതർക്ക് സ്വയംതൊഴിൽ | കുടുംബ പുനരധിവാസ ധനസഹായം : 15000/- രൂപ |
| * തടവുകാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം | കുടുംബ പുനരധിവാസ ധനസഹായം : 3000/- രൂപ മുതൽ 10000/- രൂപ വരെ |
| * തടവുകാരുടെ കുട്ടികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസ ധനസഹായം | കുടുംബ പുനരധിവാസ ധനസഹായം 1 ലക്ഷം രൂപ വരെ |
| * പ്ലി ബാർഗൈനിങ്ങ് വാദിയും പ്രതിയും നീതിപീഠത്തിന്റെ മുമ്പാകെ കേസ് ഒത്തുതീർപ്പാക്കൽ | വ്യവഹാര ചിലവും ദൈർഘ്യവും ഒഴിവാക്കി നല്ല വ്യക്തിബന്ധം പുനർ സൃഷ്ടിക്കുന്നു. |

## നാം ചെയ്യേണ്ടത്

ചെയ്ത കുറ്റകൃത്യം ലഘുവാണെങ്കിൽ, പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് ആക്ട് 1958 പ്രകാരം നല്ല നടപ്പിന് വിട്ടയക്കാൻ വക്കീൽ മുഖാന്തിരം കോടതിയോട് അപേക്ഷിക്കുക. കീഴ്ക്കോടതി ശിക്ഷ വിധിക്കുന്നതിനു മുമ്പും അപ്പീൽ കോടതി ശരിവെക്കുന്നതിനു മുമ്പും ആണ് നല്ലനടപ്പിന് അപേക്ഷിക്കേണ്ടത്.

ജയിലിൽ കഴിയുന്ന അന്തേവാസികൾ സാമൂഹ്യനീതിവകുപ്പ് നൽകുന്ന എല്ലാ പുനരധി

വാസ പദ്ധതികളുടേയും ഗുണഭോക്താക്കളാകുക. കാരണം സമൂഹം കുറ്റകൃത്യത്തിലുൾപ്പെട്ടവരെ നല്ല പൗരൻമാരായി കൂടെ കൂട്ടുവാൻ കടപ്പെട്ടിരിക്കുന്നു. സാമൂഹ്യപുനരധിവാസം സമൂഹത്തിന്റെ ഉത്തരവാദിത്ത്വമാണ്. എന്തെന്നാൽ ഒരു വ്യക്തി മാത്രമല്ല ഒരു കുറ്റകൃത്യം ഉണ്ടാവാൻ കാരണം. അയാൾ ജീവിക്കുന്ന കുടുംബത്തിന്റേയും സമൂഹത്തിന്റേയും അവസ്ഥയും പ്രത്യേക സാഹചര്യങ്ങളും ഒരുവനെ കുറ്റകൃത്യത്തിലേക്കു നയിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. ഈ കാഴ്ചപ്പാടിൽ നോക്കുമ്പോൾ കൂട്ടം തെറ്റിപ്പോയ കുഞ്ഞാടിനെ കണ്ടെത്തി കൂട്ടത്തിൽ ചേർക്കുന്ന ശ്രമകരമായ കർത്തവ്യമാണ് സാമൂഹ്യനീതിവകുപ്പ് നേർവഴി പദ്ധതിയിലൂടെയും മറ്റ് പലവിധ പദ്ധതികളിലൂടെയും നടപ്പിലാക്കുന്നത്. ഇതിന്റെ വിജയം മേൽപദ്ധതികൾ ഉപയോഗപ്പെടുത്തുവാനുള്ള അറിവിലും കഴിവിലും സന്നദ്ധതയിലുമാണ് ഉള്ളത്. അതുകൊണ്ട് ക്ഷേമ പദ്ധതികളെ അറിയുക. ക്ഷേമ പദ്ധതികൾ എന്റെ അവകാശമാണ്, ഔദാര്യമല്ല, ഞാൻ തെറ്റിപ്പോയെങ്കിൽ സാരമില്ല. സമൂഹം എന്നെ ചേർത്തുനിർത്തും. തിരുത്തപ്പെടാൻ മനസുവയ്ക്കൂ കുറ്റം ആവർത്തിക്കപ്പെടാതിരിക്കട്ടെ സമൂഹം സുരക്ഷിതമാകട്ടെ നല്ലനടപ്പു നിയമത്തിന്റെ ഉയിർത്തെഴുന്നേൽപ്പിലൂടെ.



# നിലാവ്

**കിഷോർ**

ജി.എ. - 1081 സെൻട്രൽ പ്രിസൺ വിയ്യൂർ

കായലും തോടുകളും മരങ്ങളും പൂക്കളും നിലാവിൽ കുളിച്ചു നിൽക്കുന്നു. വൈദ്യുതി ഇല്ലായിരുന്നതുകൊണ്ട് തന്നെ നിലാവ് അതിന്റെ പൂർണ്ണമായ പ്രൗഡി വെളിവാക്കുന്നുണ്ടായിരുന്നു. നാട്ടുവഴികൾ വെളുത്ത പാമ്പുകൾ കെട്ടുപിണഞ്ഞ് കിടക്കുന്നതുപോലെ തോന്നിപ്പിച്ചു. ഞാനാ വഴികളിലൂടെ മുന്നോട്ടു നടക്കുകയായിരുന്നു. ഇളം കാറ്റ് വീശുന്നുണ്ടായിരുന്നു. കാറ്റത്ത് ഗന്ധരാജൻ പൂത്ത മനം മയക്കുന്ന മണവുമുണ്ടായിരുന്നു. അതെന്റെ നടത്തത്തിന്റെ വേഗതയും വർദ്ധിപ്പിച്ചു. അവരുടെ അടുത്ത് എത്തുക എന്നതായിരുന്നു ആ നടത്തത്തിന്റെ ലക്ഷ്യം. അവളുടെ വീട്ടിലേക്കുള്ള തടിപ്പാലം കടക്കുമ്പോൾ താഴെ തോട്ടിൽ പൂർണ്ണചന്ദ്രന്റെ ഓളം വെട്ടുന്ന പ്രതിബിംബം. പൂർണ്ണചന്ദ്രൻ സുന്ദരമായ ഈ രാത്രി വെള്ളത്തിൽ തൊട്ടിൽ കെട്ടി ആടുന്നതുപോലെ. ആ കാഴ്ച കണ്ടു ഞാനൽപ്പം നിന്നു. ഓളം വെട്ടലുകൾ നിന്നതിനുശേഷം ചന്ദ്രനെകാണാൻ പറ്റിയാലോ എന്ന കൊച്ചുകുട്ടിയുടെ വിചാരത്തോടെ. എന്നാൽ മനസ്സ് പറയുന്നുണ്ടായിരുന്നു. നിനക്ക് ഇതിലും നല്ല കാഴ്ച കാണാനുണ്ട്

എന്ന്. കാണാൻ പോകുന്ന മനോഹാരിത ലക്ഷ്യമാക്കി പാലം കടന്നു ഞാൻ അവളുടെ വീടിന്റെ മുറ്റത്ത് എത്തി. നല്ല വെള്ളപൂഴിമണൽ വിരിച്ച മുറ്റം വേലിച്ചില്ലകളുടെ ഇടയ്ക്ക് ഗന്ധ രാജൻ പൂക്കൾ ഞാൻ കണ്ടു. ഞാൻ വീടിന്റെ പടികൾ കയറി കതകിൽ തട്ടി മെല്ലെ അവളെ വിളിച്ചു അകത്തു നിന്നും ദാ വരുന്നു എന്നൊരു ശബ്ദം കേട്ടു. ഭാഗ്യം അവളുറങ്ങി യില്ല. സാധാരണ രാത്രി ആഹാരം കഴിഞ്ഞാ ലുടനെ ഉറങ്ങുന്നയാളാണ് കക്ഷി. എന്നെ പ്രതീ ക്ഷിച്ചു കാണും, ഞാൻ മനസ്സിലോർത്തു.

കതകിന്റെ സാക്ഷെ എടുക്കുന്ന ശബ്ദം കേട്ടു. കതകിന്റെ പാളി തുറന്നപ്പോൾ ഞാനൽപ്പം അന്ധാളിച്ചു. അതെ എന്റെ മാലാഖ കൈയിൽ കത്തുന്ന മെഴുകുതിരിയുമായി മുന്നിൽ നിൽക്കുന്നു. മാനത്തുനിന്നും അപ്പോൾ പ്രത്യക്ഷപ്പെട്ടപോലെ അതേ വിശുദ്ധിയോടും മുഖഭാവത്തോടും കൂടി എന്തു പറയണമെന്ന റിയാതെ ഞാൻ പുറകോട്ട് ഇറങ്ങി മുറ്റത്ത് വന്നു നിന്നു അവളെ നോക്കി. അവളുടെ മുഖത്ത് അപ്പോൾ ഒരു ചോദ്യഭാവമായിരുന്നു. അത് മന സിലായിട്ടെന്നോണം ഞാൻ ചോദിച്ചു. ഇങ്ങോട്ട് ഇറങ്ങി നിൽക്കാമോ? ഉത്തരമൊന്നും പറയാതെ കുറച്ച് ആശ്ചര്യഭാവത്തോടെ അവൾ മെല്ലെ ചാടി ഇറങ്ങി. മെഴുകുതിരി ഇടതുകൈകൊണ്ട് കാറ്റിൽ പ്രതിരോധം തീർത്തു അടിവെച്ചായി രുന്നു ആ വരവ്. തന്റെ പിഞ്ചോമനയുടെ മുല യൂട്ടുമ്പോൾ പെട്ടന്ന് എണീക്കേണ്ടിവന്ന മാതാ വിന്റെ ശ്രദ്ധപോലെ. ഞാൻ കൗതുകത്തോടെ അവളെ നോക്കി നിന്നു. അവൾ എന്റെ മുന്നിൽ അടുത്ത് എത്തിയതും ഞാൻ ആ മെഴുകുതിരി ഊതിക്കെടുത്തി. അൽപ്പം നീരസം മുഖത്ത് വരുത്തി അവളെന്നെ നോക്കിയപ്പോൾ ഞാൻ മുകളിലേക്ക് കൈചൂണ്ടി അമ്പിളിമാമനെ കാണി ച്ചിട്ട് "ഇതുപോരെ" എന്നു ചോദിച്ചു. ഒരു ചിരി യായിരുന്നു അതിനുള്ള മറുപടി. ഒരു മാലാഖ യുടെ ചിരിതന്നെയായിരുന്നു അത്. ഞാനവളെ ത്തന്നെ നോക്കി നിന്നു. അവളുടെ ചിരിക്ക് കാലിലെ വെള്ളിക്കൊലുസുകളും ഒപ്പം ചേർന്നു. കാലിൽ അവൾ ചെരുപ്പ് ഇട്ടിട്ടില്ലായി രുന്നു. ഇടതുകാലിന്റെ തള്ളവിരൽ അൽപ്പം ഉയർത്തിപ്പിടിച്ചിരുന്നു. കൊലുന്നനെയുള്ള മിനു മിനുത്ത പാദങ്ങളിൽ ആ കൊലുസുകൾ, അവയ്ക്ക് കൂടുതൽ ഭംഗി നൽകിയിരുന്നു.

മുട്ടിന് അൽപം താഴോട്ട് കിടക്കുന്ന പച്ചപ്പാവടയും വെള്ള ഉടുപ്പും അവളുടെ പഴയ സ്ക്കൂൾ യൂണിഫോം ആണെന്നു ഞാൻ ഓർത്തു. എന്റെ ഇഷ്ടവർണങ്ങൾ. കൈകളിൽ കുപ്പിവളകൾ, കാതിൽ ചെറിയ കമ്മലുകൾ, കഴുത്തിൽ ഒരു മുത്തുമാല, ക്രീം കളറാണെന്നു തോന്നുന്നു. ആ മാലയും നിലാവത്ത് തിളങ്ങുന്നുണ്ടായിരുന്നു. അവ ളുടെ കവിളുകൾ പോലെതന്നെ. എനിക്ക് അത്ര ഭംഗിയായി തോന്നാഞ്ഞത് അവളുടെ മുടികളുടെ അവസ്ഥയായിരുന്നു. അത് ഉച്ചി യിൽ കയറ്റി കെട്ടിവച്ചിരിക്കുന്നു. ഞാനത് എന്റെ ഒരു കൈകൊണ്ട് വിടർത്തിയിടുവാ നുള്ള പരിശ്രമം നടത്തി. എന്നാൽ മുടി അഴി ഞ്ഞില്ലെന്നുമാത്രമല്ല അലങ്കോലമാവുകയും ചെയ്തപ്പോൾ, ഞാനഴിച്ചിടാം എന്ന് പറഞ്ഞ വൾ ആ കെട്ട് എളുപ്പത്തിൽ അഴിച്ചിട്ടു. അഴി ഞ്ഞുവീണ മുടി അവളുടെ രൂപത്തിനു കൂടു തൽ ഭംഗി നൽകുന്നു. എന്റെ നോട്ടം കണ്ടി ട്ടാവാം അവൾ ചോദിച്ചു. എന്താ ഇങ്ങനെ നോക്കുന്നെ? ഞാൻ മറുപടി പറയാതെ അവ ളോട് ചോദിച്ചു. നമുക്കൊന്ന് നടന്നാലോ ഈ നിലാവത്ത്? അവൾ കുറച്ചുനേരം ഒന്നും

**കതകിന്റെ പാളി തുറന്നപ്പോൾ ഞാനൽപ്പം അന്ധാളിച്ചു. അതെ എന്റെ മാലാഖ കൈയിൽ കത്തുന്ന മെഴുകു തിരിയുമായി മുന്നിൽ നിൽക്കുന്നു. മാനത്തുനിന്നും അപ്പോൾ പ്രത്യക്ഷപ്പെട്ട പോലെ അതേ വിശുദ്ധിയോടും മുഖഭാ വത്തോടും കൂടി എന്തു പറയണമെന്നറി യാതെ ഞാൻ പുറകോട്ട് ഇറങ്ങി മുറ്റത്ത് വന്നുനിന്നു അവളെ നോക്കി.**

മിണ്ടിയില്ല. ഞാൻ ആകാംക്ഷയോടെ അവളുടെ കണ്ണുകളിലേയ്ക്ക് നോക്കിനിന്നു. എന്റെ നോട്ട ത്തിൽ ഒരു യാചനയുടെ സ്വരം കലർന്നിരുന്നോ എന്തോ. എന്തായാലും അവൾ ചെന്ന് വാതി ൽ വലിച്ചടച്ച് ചെരുപ്പും ഇട്ട് എന്റെ അടുത്ത് വന്നു നിന്നു. ഞാൻ മിണ്ടാതെ മുന്നേ നടന്നു.


അവൾ എന്റെ ഒപ്പം വലതുവശം ചേർന്നുനടന്നു. ഞങ്ങൾ നേരെ പടിഞ്ഞാറുവ

ശത്തേക്ക് നടന്നു. നടക്കുമ്പോൾ തമ്മിൽ കൈകൾ ഉരസുന്നതുകൊണ്ട് അവളുടെ ഇടതു കൈകളിലെ കുപ്പിവളകൾ നാണം വന്നു ചിരിക്കുന്നുണ്ടായിരുന്നു. ഇതു പലപ്പോഴായപ്പോൾ ഞാനവളുടെ വിരലുകൾ എന്റെ കൈവിരലുകളാൽ കോർത്തുപിടിച്ചു നടന്നു. അവ ഇപ്പോൾ എന്റെ മുഖത്തേയ്ക്കായിരുന്നു നോക്കിക്കൊണ്ടിരുന്നത്. ഞാൻ നടവരമ്പിലെ മഞ്ഞ് വീണ് നനഞ്ഞ പുല്ലുകളുടെ അവ്യക്തമായ രൂപങ്ങളിലേയ്ക്കും. ഞങ്ങളുടെ പാദങ്ങളിൽ പുൽനാമ്പിൽ പറ്റിപിടിച്ചിരിക്കുന്ന മഞ്ഞുതുള്ളികളാൽ നനവുപറ്റുന്നുണ്ടായിരുന്നു. ഞങ്ങളുടെ വരവറിഞ്ഞ് സ്വൈരവിഹാരത്തിന് തടസ്സം നേരിട്ടതിൽ പ്രതിക്ഷേധിച്ചിട്ടെന്നോണം തവളക്കുട്ടന്മാർ നടവരമ്പിൽ നിന്ന് തോട്ടിലോട്ട് ശബ്ദമുയർത്തിക്കൊണ്ട് ചാടുന്നുണ്ടായിരുന്നു. ഒരു വലിയ തോടിന്റെ സൈഡിലുള്ള കുളിക്കടവിനടുത്ത് എത്തി ഞാൻ നിന്നു. അവിടെ ചാഞ്ഞുനിൽക്കുന്ന ഒരു തെങ്ങിന്റെ ചുവട്ടിൽ ഞാനവളോടൊപ്പം ഇരുന്നു. തെങ്ങിൽചാരി ഞാനൽപ്പം പുറകോട്ട് ചരിഞ്ഞാണ് ഇരുന്നത്. അവൾ എന്റെ ഇടതുവശത്തും. അവളിടയ്ക്കിടയ്ക്ക് മുടി കെട്ടിവയ്ക്കാനുള്ള ശ്രമം നടത്തിയെങ്കിലും ഞാനാ ശ്രമം വിഫലമാക്കുകയാണുണ്ടായത്. അതവളിൽ സമ്മിശ്രവികാരങ്ങൾ ഉണർത്തി. അവിടെ അങ്ങിനെ ഇരിക്കുമ്പോൾ പൂർണ്ണമായി നിലാവും ചന്ദ്രനെയും പരിസരങ്ങളും ആസ്വദിക്കാമായിരുന്നു. അവൾ എന്റെ പാതിമടക്കിവെച്ച കാൽമുട്ടിൽ കൈ ചുറ്റിപിടിച്ച് അൽപ്പം ചരിഞ്ഞായിരുന്നു ഇരുന്നത്. അവളുടെ ശ്രദ്ധ ആകാശത്തെ നക്ഷത്രങ്ങളെ എണ്ണുന്നതിലാണ് എന്ന് മനസ്സിലാക്കിയ ഞാൻ അതുവരെ ഒളിപ്പിച്ചുവച്ച അൽപം തണ്ടുനീണ്ട ചുവന്ന റോസാപ്പൂവ് അവൾ കാണാതെ പുറത്തെടുത്തു. ഞാനവളുടെ താടിയിലും ചുണ്ടിലും നോക്കി അവളുടെ ആ മുഖസൗന്ദര്യം സഹിക്കാഞ്ഞിട്ടൊ എന്തൊ ഞാനാ റോസാപ്പൂവ് കൊണ്ട് അവളുടെ ചുണ്ടത്ത് ഒരു തട്ട് വച്ച് കൊടുത്തു മൃദുവായി.

പൂവിൽ ഉള്ളിൽ പറ്റിപ്പിടിച്ചിരുന്ന ജലകണങ്ങൾ വീണിട്ടൊ അപ്രതീക്ഷിതമായി സംഭവിച്ചതു മനസിലാക്കാതെയോ അവൾ മുഖം വെട്ടിച്ചു. എന്നിട്ട് എന്റെ കയ്യിൽ നിന്നും റോസാപൂവും വാങ്ങി അത് മൂക്കിനോടടുപ്പിച്ചു. ഒരു കള്ളച്ചിരിയോടെ അവളും പൂവുകൊണ്ട് എന്റെ മൂക്കിനു മുകളിൽ ഞാൻ ചെയ്തപോലെ തന്നെ തട്ടി. എന്റെ മൂക്കിൽ റോസാപൂവിന്റെ മണം കയറിയതും മനസ് ആർദ്രമായി എന്തിനോ വേണ്ടി കൊതിക്കുന്നത് എനിക്ക് അറിയാൻ കഴിയുന്നുണ്ടായിരുന്നു. ഞാനവളെ ശ്രദ്ധിക്കുമ്പോൾ അവൾ ചെറുതായി ചിരിക്കുന്നുണ്ടായിരുന്നു. അവളുടെ കീഴ്ത്താടിയിലും ചുണ്ടത്തും പൂവിൽ നിന്നും തെറിച്ച ജലകണങ്ങൾ വെള്ളുമുത്തുമണികൾ പോലെ നിലാവത്ത് തിളങ്ങുന്നത് എനിക്ക് കാണാമായിരുന്നു. ആ മുത്തുമണികൾ മുങ്ങിഎടുക്കാനുള്ള ഉൾപ്രേരണ എന്നോണം ഞാൻ അവളിലേയ്ക്കാഞ്ഞു. എന്റെ ഉദ്ദേശം മനസിലാക്കിയട്ടെന്നോണം നീരസം ഭാവിച്ചവൾ എന്നെ മെല്ലെ പുറകോട്ട് തള്ളി. മെല്ലെയാണ് തള്ളിയതെങ്കിലും അടിതെറ്റിയ ഞാൻ ഒരു വശത്തേയ്ക്ക് ചെരിഞ്ഞു. ഇപ്പോൾ എന്റെ അവസ്ഥ, വലതുകൈമുട്ട് താഴെ താങ്ങി ചരിഞ്ഞിട്ടായിരുന്നു. അങ്ങനെ കിടന്നു നോക്കുമ്പോൾ കാണുന്നത് അവൾ, എന്റെ മാലാഖ നിലാവിൽ കുളിച്ചു റോസാപൂവും മുഖത്തോട് ചേർത്ത് എന്നെ നോക്കി ചിരിക്കുന്ന കാഴ്ചയായിരുന്നു. ഞാൻ ഇന്നേവരെ കണ്ടതിൽ വച്ചേറ്റവും മനോഹരമായ കാഴ്ച. ഒരു രാത്രി രണ്ട് പൂർണ്ണ ചന്ദ്രൻമാർ.

കണ്ണുതുറക്കുമ്പോൾ കാണുന്നത് ഇരുമ്പഴിയാണ്. അപ്പോഴാണ് ഞാൻ കണ്ടതൊക്കെയും വെറും സ്വപ്നം മാത്രമാണെന്ന ബോധം വന്നത്. നിലാവും പൂർണ്ണചന്ദ്രനും മാലാഖയേയും നിഷേധിക്കപ്പെട്ടവൻ സ്വപ്നത്തിൽ കൂടെയെങ്കിലും ഇതൊക്കെ ആസ്വദിക്കാൻ കഴിഞ്ഞതിൽ ഞാൻ ദൈവത്തിനു നന്ദി പറഞ്ഞു. ■





# മുഹൂർത്തം

**അനിൽകുമാർ.കാപ്പിൽ**
സൂപ്രണ്ട്, സ്പെഷ്യൽ സബ് ജയിൽ, മാവേലിക്കര

രഘു എങ്ങിനേയും ഒരുജോലി സമ്പാദിയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് പാലക്കാട് പട്ടണത്തന്റെ പ്രാന്തപ്രദേശത്തുകൂടി കാഴ്ചകൾക്ക് മുന്നോട്ട് നീങ്ങിയത്. ഹൃദയാലുവായ ഒരാളെയെങ്കിലും കാണുമെന്നുള്ള ഉറച്ച വിശ്വാസത്തോടെ സ്വന്തം കുഞ്ഞുങ്ങളെക്കുറിച്ചുള്ള സുന്ദര സ്വപ്നങ്ങൾ കാണുന്നുമുണ്ടായിരുന്നു. തെരുവോര നാടകമോ, മാജിക് പോലുള്ള ഏതെങ്കിലും പരിപാടി ആകാം എന്ന് കരുതിയാണ് ആ കാഴ്ച കാണാൻ തീരുമാനിച്ചത്. ഇത്തരം പരിപാടികൾ രഘു വീക്ഷിച്ചിരുന്നത് വളരെ കൗതുകത്തോടെ ആയിരുന്നു. വൃത്താകൃതിയിൽ കൂടിനിൽക്കുന്നവരുടെ പിന്നിൽ നിന്നും മുൻനിരക്കാരുടെ തോളിൽ കൈകൾ ഊന്നി കാൽവിരൽ തുമ്പിൽ നിന്ന് രംഗം വീക്ഷിക്കുന്നവരും, മുന്നിൽ നിൽക്കുന്നവരുടെ ശരീരങ്ങൾ തമ്മിലുള്ള അൽപ വിടവിലൂടെ തലകുത്തി ഞെരുക്കി നിൽക്കുന്നവരേയും

കാണാമായിരുന്നു. മുൻ നിരയിൽ നിന്നവരെ തന്ത്രപരമായി അൽപം വശങ്ങളിലേക്ക് നീക്കികൊണ്ട് രഘു മുൻനിരയിൽ കടക്കാൻ ശ്രമിച്ചു. മനുഷ്യ നിർമ്മിത വൃത്തത്തിനുള്ളിലായി സ്വർണ്ണാഭരണ വിഭൂഷിതയായി നിന്ന് ശകാരവർഷം ചൊരിയുന്ന സുന്ദരിയായ യുവതിയും കയ്യിൽ രണ്ട് വയസ് പ്രായംവരുന്ന ഒരു പെൺകുഞ്ഞും. തൊട്ടടുത്തായി വാടിത്തളർന്ന് വിയർത്ത് മുഷിഞ്ഞ വസ്ത്രങ്ങൾ അണിഞ്ഞാണെങ്കിലും പുതു നിറത്തോടെ മുഖശ്രീയുള്ള ഒരു യുവതിയും നിൽക്കുന്നുണ്ടായിരുന്നു. കുട്ടിയുടെ ആഭരണം മോഷ്ടിച്ച് ശരീരത്തിൽ എവിടെയോ ഒളിപ്പിച്ചു എന്നതാണ് മുഷിഞ്ഞ വേഷധാരിയായ സ്ത്രീയുടെ മേലുള്ള ആരോപണം. ചുറ്റും കൂടിനിന്നവരിൽ ചിലർ അകത്തളത്തിലേയ്ക്ക് കയറുകയു ആരോപണം സ്ഥിരീകരിച്ചുകൊണ്ട് സംസാരിയ്ക്കുന്നുമുണ്ട്.

ആരോപണം നിഷേധിയ്ക്കുകയോ, നിലവിലെ അവസ്ഥയിൽ യാതൊരു സങ്കോചവും കൂടാതെ തന്നെ പരസ്പര വിരുദ്ധമായി സംസാരിച്ചു നിന്ന സ്ത്രീയെ മോഷ്ടാവ് എന്ന് മുദ്ര കുത്തി കൂട്ടത്തിൽ ആരൊക്കെയോ ചേർന്ന് പൊടുന്നനെ ദേഹോപദ്രവം ഏൽപിക്കുകയായിരുന്നു. കണ്ട കാഴ്ചകൾ രഘുവിന്

താങ്ങാവുന്നതിനും അപ്പുറമായിരുന്നു. വളരെ യേറെ അസഹിഷ്ണുത ഉളവാക്കി. പിന്നൊന്നും ഓർക്കാൻ കഴിഞ്ഞില്ല. രഘു ഇടപെട്ടു. ഏയ്, ഒരു സ്ത്രീയോട് ഇങ്ങനെ നിർദയമായി പെരുമാറാൻ വരട്ടെ.

നിയമം കയ്യിലെടുക്കരുതെന്നും പറഞ്ഞുതീരു ന്നതിനിടയിൽ രഘുവും ആക്രമിക്കപ്പെട്ടു. ആകുന്ന വിധത്തിൽ പ്രതിരോധിക്കാൻ ശ്രമിച്ച രഘുവിനെ അടിച്ചു നിലത്തിട്ടു. രഘുവിനും ആ നാട് അപരിചിതമായിരുന്നു. ഇവൾ കള്ളിയാണ് ഇവനും ഇവളുടെ കൂട്ടത്തിൽ ഉള്ളതാണ് എന്ന അഭിപ്രായം രൂപപ്പെടുക മാത്രമല്ല, കൂട്ടത്തിൽ പലരും അത് സ്ഥിരീകരിക്കുകയും ചെയ്തു. ആരോവിളിച്ചു പറയുന്നുണ്ടായിരുന്നു പോലീ സ്വരട്ടെ അതിന് മുമ്പായി ഇവരെ പരിശോധി യ്ക്കൂ. തൊണ്ടിമുതൽ കണ്ടെടുക്കൂ

രഘുവും ആരോപിതയായ സ്ത്രീയും കേണപേക്ഷിച്ചിട്ടും ചിലർ നിർദ്ദാക്ഷിണ്യം ഇവ രുടെ വസ്ത്രങ്ങൾ അഴിച്ച്മാറ്റി ദേഹപരിശോ ധന നടത്താൻ തുടങ്ങിയിരുന്നു. പൈശാചി കമായ ഇത്തരം പ്രവർത്തികൾ നടക്കുന്നതിനിട യിലാണ് സുമുഖനായ ആ യുവാവ് ബുള്ളറ്റിൽ അതുവഴി വന്നത്. ഗതാഗതതടസം ഉണ്ടാക്കുന്ന വിധമുള്ള ആൾക്കൂട്ടം. കഷ്ടിച്ച് അവിടം കടന്നു എങ്കിലും അൽപം മുന്നോട്ടായി റോഡിന്റെ വശത്തേയ്ക്ക് ബുള്ളറ്റ് നിർത്തിയതിനു ശേഷം രംഗം വീക്ഷിയ്ക്കുന്നതിനായി അയാളും എത്തി.

മുന്നിൽ നിന്നവരുടെ തലയ്ക്ക്മീതെ കൂടി ഒന്നു നോക്കി. തന്റെ സൗന്ദര്യ സങ്കൽപത്തിലെ റാണിയായിരുന്ന ഗേളിയും കുട്ടിയുമായിരുന്നു.

**ഒരു സ്ത്രീയോട് ഇത്രകണ്ട് മൃഗീയമായി പെരുമാറരുതെന്ന് പ്രതികരിച്ചതിന് ഇവരുടെ സഹായിയായി ചിത്രീകരിക്കുകയും എന്നെയും അക്രമിക്കുകയുമായിരുന്നു.**

കൂടാതെ അപരിചിതരായ ഒരു പുരുഷനും സ്ത്രീയും അടിവസ്ത്രങ്ങളിൽ നിൽപുണ്ടാ യിരുന്നു. മറ്റുചിലരും നിൽക്കുന്നുണ്ടായിരുന്നു. അസ്വാഭാവികമായി എന്തോ സംഭവിച്ചിരിയ്ക്കു ന്നു. പ്രിയപ്പെട്ട കൂട്ടുകാരിയെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ ആ മനുഷ്യമതിൽ ശക്തിയായി തള്ളി നീക്കി ആ വലയം ഭേദിച്ച് ഒരുമലവെള്ളപ്പാച്ചിൽ കണക്കെ ഇരച്ചുകയറുക യായിരുന്നു അയാൾ. തന്റെ സഹപാഠിയും, എന്നും ഒരു ആവേശമായി അനുഗമിക്കുകയും ചെയ്തിരുന്ന ആ പഴയ കൂട്ടുകാരൻ മുരളിയെ ഈ അവസ്ഥയിൽ കണ്ടത് ഗേളിയ്ക്ക് കൂടുതൽ ആത്മധൈര്യം കിട്ടിയതുപോലെ. മുരളി എന്തെങ്കിലും ചോദിക്കുന്നതിന് മുമ്പായി ഗേളി ആവലാതി പറഞ്ഞു കഴിഞ്ഞിരുന്നു. ഈ നിൽക്കുന്ന നാടോടിസ്ത്രീയും അവരുടെ സഹായിയായ ഇയാളും ചേർന്ന് എന്റെ മകളു ടെ സ്വർണ്ണകൊലുസ് മോഷ്ടിച്ചു.

സമാധാനമായിരിക്കൂ. നമുക്ക് പരിഹാരം ഉണ്ടാക്കാം എന്ന് ഗേളിയോട് പറഞ്ഞുകൊണ്ട് ആ അപരിചിതരുടെ നേർക്ക് മുരളി തിരിഞ്ഞു. സാരി കുറേയേറെവാരിപിടിച്ച്, ബാക്കി നിലത്തുകിടക്കുന്നു. മുഖത്തു ചിതറികിടക്കുന്ന മുടിയും അടിവസ്ത്രവും ബ്ലൗസുമണിഞ്ഞു ശിൽപം കണക്കെ കുനിഞ്ഞു നിന്ന സ്ത്രീയോ ടും, അടിവസ്ത്രം മാത്രമുടുത്ത് നിൽക്കുന്ന പുരുഷനോടുമായിമുരളി അന്വേഷിച്ചു. നിങ്ങൾകുട്ടിയുടെസ്വർണ്ണംമോഷിടിച്ചുവോ? പോലീസിനെ വിളിയ്ക്കാം. ഇത്രയും പറഞ്ഞുതീരുന്നതിനിടയിൽ രഘു സംഭവങ്ങൾ വിശദീകരിച്ചു. ഞാൻ തൊഴിൽ അന്വേഷിച്ചാ ണ്ഈ പട്ടണത്തിൽഎത്തിപ്പെട്ടത്. വളരെ യാതൃശ്ചികമായാണ്ഇത്തരംഒരുകാഴ്ചയ്ക്ക് ഇടയായത്. ഈ നിൽക്കുന്ന സ്ത്രീയെ എനിയ്ക്ക് അറിയില്ല. ഇവിടെ കൂടി നിന്നതിൽ ചിലർ ഇവരെ മോഷ്ടാവ് എന്ന് മുദ്രകുത്തി ആക്രമിക്കുകയാണുണ്ടായത്.

അരുത്, ഒരു സ്ത്രീയോട് ഇത്രകണ്ട് മൃഗീയ മായി പെരുമാറരുതെന്ന് പ്രതികരിച്ചതിന് ഇവരുടെ സഹായിയായി ചിത്രീകരിക്കുകയും എന്നെയും അക്രമിക്കുകയുമായിരുന്നു. ഈ രംഗങ്ങൾക്ക് മുതിരുന്നതിനിടയിൽ നിരുൽസാ ഹപ്പെടുത്തും വിധം ശക്തമായ ഭാഷയിൽ സംസാരിക്കുവാനോ, വേണ്ടവിധം പ്രതികരി ക്കാനോ ആരെങ്കിലുംതയ്യാറായെങ്കിൽ പ്രാകൃ തമായ ഈ ശിക്ഷാനടപടികൾ നടക്കില്ലാ യിരുന്നു.

ഇതൊക്കെ കേട്ടുനിന്ന മുരളി രഘുവിന്

അഭിനന്ദനം അറിയ്ക്കാനും മറന്നില്ല. താങ്കളുടെ ധീരോജ്ജ്വലമായ പ്രവർത്തനത്തിൽ ഞാൻ അഭിമാനിയ്ക്കുന്നു. താങ്കൾ അഭിനന്ദനം അർഹിക്കുന്നു എന്നുംണ്ടത്. ഇത്രയും പറഞ്ഞ് മുരളി ആ സ്ത്രീയുടെ നേർക്ക് തിരിഞ്ഞു. എന്തോ ചോദിയ്ക്കണമെന്നുണ്ടായിരുന്നു. വാക്കുകൾ പുറത്തേയ്ക്ക് വന്നില്ല. മുരളിയുടെ കണ്ണുകൾക്ക് വിശ്വസിക്കാനായില്ല. എങ്കിലും ഒരിക്കൽകൂടി ശ്രദ്ധിച്ച് നോക്കി. സ്മിത സ്മിതയ്ക്ക് ഒരിക്കലും ഇവിടെ ഇങ്ങനെ എത്തിപ്പെടാൻ കഴിയില്ല. എന്നെ അനുഗമിച്ചല്ലാതെ വീടിന് പുറത്തേയ്ക്ക് ഇറങ്ങിയിട്ടില്ല.

പെട്ടെന്ന് മുരളിയുടെ ശിരോമണ്ഡലത്തിൽ ഒരു മിന്നൽപിണർ പാഞ്ഞു. കുറ്റബോധത്തോടെ മുരളി ആലോചിച്ചു. ഇതിനൊക്കെ കാരണം താൻ കൂടിയാണ്. സ്മിത പ്രസവിച്ച രണ്ട് കുട്ടികളും ഗർഭപാത്രത്തിൽവച്ചുതന്നെ മരണപ്പെട്ടു പോയത് സ്മിതയുടെ കുറ്റം കൊണ്ട്ആയിരുന്നില്ലല്ലോ?. അമ്മയുടെയും സഹോദരിയുടെയും അഭിപ്രായ ത്തോട് യോജിച്ച് സ്മിതയിൽ നിന്നും അകന്നത് ഞാനാണ്. അങ്ങിനെയാണ് അവളുടെ മാനസിക നിലതാളം തെറ്റിയത്.

**സ്മിതേ, ഏയ്, എന്നെ ഒന്നു നോക്കു ഞാൻ നിന്റെ മുരളിയേട്ടൻ. ഇത്രയും പറഞ്ഞു കഴിഞ്ഞപ്പോ ഴേയും സ്മിത മുരളിയുടെ മുഖത്തേയ്ക്കു നിർനിമേഷയായി നോക്കി നിന്നതേയുള്ളൂ.**

എന്ന് അറിയാമായിരുന്ന മുരളി അധമന്മാരുടെ കൈകളാൽ വിവസ്ത്രയാകുമായിരുന്ന ഒരു പക്ഷെ, മോഷ്ടാവെന്ന് മുദ്ര കുത്തി ജയിലിൽ ആകുമായിരുന്ന തന്റെ പ്രിയപ്പെട്ടവളുടെ കൈയ്ക്ക് പിടിച്ചു. തുടർന്ന് മെല്ല മുഖം ഉയർത്താൻ ശ്രമിച്ചുകൊണ്ട് വിളിച്ചു. സ്മിതേ, ഏയ്, എന്നെ ഒന്നു നോക്കു ഞാൻ നിന്റെ മുരളിയേട്ടൻ. ഇത്രയും പറഞ്ഞു കഴിഞ്ഞപ്പോഴേയും സ്മിത മുരളിയുടെ മുഖത്തേയ്ക്കു നിർനിമേഷയായി നോക്കി നിന്നതേയുള്ളൂ. മുരളിയിലെ മനുഷ്യൻ ഉയർത്തെഴുന്നേറ്റു. സ്വന്തം പ്രാണസഖിയെ ഈ അവസ്ഥയിൽ എത്തിച്ചതിലുള്ള കുറ്റബോധം മുരളിയെ ആക്രമിക്കുകയായിരുന്നു.

പൊടുന്നനെ സ്മിതയെ മാറോടണച്ച് ചേർത്ത് പിടിച്ചു. കണ്ണുനീർ പുറത്തേയ്ക്ക് ഒഴുകാതിരിയ്ക്കാൻ ശ്രമിച്ചുകൊണ്ട് മുരളി സ്മിതയോട് പറഞ്ഞു. എന്നോട് ക്ഷമിയ്ക്കൂ ..ഇതിനൊക്കെ കാരണം ഞാൻ മാത്രമാണ്. ഇനി ഞാൻ നിന്നെ ആർക്കും വിട്ടുകൊടുക്കില്ല. തന്റെ പ്രിയപ്പെട്ടവളെഗാഢമായിപുണർന്നുകൊണ്ട് അവളുടെ മുഖത്തേയ്ക്ക് വീണുകിടന്നിരുന്ന മുടിയിഴകൾ മുകളിലേയ്ക്ക് തഴുകി ഉയർത്തികൊണ്ട് ആ മുഖത്ത് ആർദ്രതയോടെ മുരളിവീണ്ടും നോക്കി സായാഹ്ന സൂര്യന്റെ പൊൻ കിരണങ്ങൾ സ്മിതയുടെമുഖത്തേക്ക് ചാഞ്ഞ് പതിച്ചത് കൊണ്ടാകാം, ക്ഷീണിതയാണെങ്കിലും അതീവ സുന്ദരിയായിത്തന്നെ സ്മിത കാണപ്പെട്ടു. അപ്പോഴേക്കും ഉത്സവം കഴിഞ്ഞ അമ്പലപ്പറമ്പ് കണക്കേ കാഴ്ചക്കാർ പൊയ്ക്കഴിഞ്ഞിരുന്നു. മറ്റാർക്കും വേർപെടുത്താൻ ആകാത്ത വിധം സ്മിതയുടെ കൈകളാൽ മുരളിയെ വരിഞ്ഞ് മുറുക്കിയിരുന്നു.





# മധുരക്കിഴങ്ങ്

**അരുൺ സുകുമാർ.**
സി. നമ്പർ : 3107, സെൻട്രൽ പ്രിസൺ വിയ്യൂർ

ഓർമ്മകളുടെ കവാടം ഒരു വേലിപ്പൊത്തു പോലെയാണ്. എന്താണിതിനുള്ളിലെന്ന് പെട്ടന്നു നമുക്കു കണ്ടുപിടിക്കാനാവില്ല. പിന്നെ, അല്പം ക്ഷമയോടെ ഒന്നു ചികഞ്ഞു നോക്കിയാൽ വല്ല ഗുണവുമുണ്ടായെന്നു വരാം. ഉറപ്പൊന്നുമില്ല. കാരണം ചിലപ്പോൾ ഒന്നുമുണ്ടാവില്ല. മറ്റുചിലപ്പോൾ വല്ല കായോ കിഴങ്ങോ കിട്ടിയെന്നു വരാം. ചികയുന്ന സമയം മോശമാണേൽ അതിനകത്തുനിന്നും വല്ല പാമ്പുമായിരിക്കും പുറത്തു ചാടുന്നത്. അപ്പോൾപ്പിന്നെ മറ്റൊന്നും ചെയ്യാനില്ല. കടി വാങ്ങുക തന്നെ. പിന്നെ നമുക്കും ഭാഗ്യമുണ്ടേൽ അതൊന്നും ചെയ്യാതെ വേഗം പോയെന്നും വരാം.

ഇത്തരം ഒരവസ്ഥ നിലനിൽക്കുന്നതുകൊണ്ടാണ് ആരും ഇത്തരം പൊത്തുകൾ അധികം ചികയാൻ പോകാത്തത്. വെറുതെ ആവശ്യമില്ലാതെ പാമ്പുകടി കൊള്ളേണ്ടല്ലോ.. ഇനിയിതൊക്കെപ്പോട്ടെ, ഇങ്ങനെ ചികയുന്ന സമയത്ത് നമുക്കൊരു കായോ കിഴങ്ങോ കിട്ടിയെന്നിരിക്കട്ടെ, അതു നല്ലതാണോ, ചീത്തയാണോ എന്നറിയാൻ നമ്മൾ നന്നായി പാടുപെടേണ്ടിവരും. അതു മധുരക്കിഴങ്ങാണെന്നു തോന്നിയാൽ പോലും കഴിക്കാൻ മനസ്സുവരണമെന്നില്ല. അത്തരം അവസ്ഥയാണ് ഭയങ്കരം. തള്ളാനും കൊള്ളാനും പറ്റാത്തതരം ഒരു കൺഫ്യൂഷൻ.

കഴിഞ്ഞ ദിവസം ഞാനിങ്ങനെ ഒരു പൊത്തു ചികഞ്ഞു. യാതൊരാവശ്യമില്ലാതെ കിട്ടിയത് ഒരു കിഴങ്ങാണ്. മധുരക്കിഴങ്ങെന്നു തോന്നിക്കുന്ന പഴയൊരു നിശബ്ദ പ്രണയത്തിന്റെ കിഴങ്ങ്. ഞാനത് തിരിച്ചും മറിച്ചുമൊക്കെ നോക്കി. ഒന്നു വിലയിരുത്തി. പത്തിരുപതു വർഷം മുമ്പുള്ള ചില കഥകളാണ് വീണ്ടും തലപൊക്കിയത്. മുറപ്പെണ്ണുമായിട്ടുണ്ടായിരുന്ന ഒരു പഴയ ..... പ്രേമമെന്നൊന്നും പറയാനാവില്ലെന്നു തോന്നുന്നു. എന്നാലും ...ഒരിത്. അതിന്റെ കഥ.

കഥാപാത്രത്തിന്റെ പേര് രഹന. എന്റെ

അല്പം അകന്ന ബന്ധത്തിലുള്ള അമ്മായിയുടെ മകൾ. ഞങ്ങളുടെ കുടുംബം ഒരു കൂട്ടുകുടുംബമാണ്. അതുകൊണ്ട് ഈ പറഞ്ഞ അകന്ന ബന്ധമൊന്നും അത്ര അകലത്തിലായി തോന്നിയില്ല. പഠിത്തവും വളർച്ചയും കളിയുമെല്ലാ ഒന്നിച്ചു തന്നെയായിരുന്നു. അതിനിടയിലാണ് എനിക്ക് കക്ഷിയോട് ഒരടുപ്പം മുളപൊട്ടുന്നത്. പക്ഷേ അതിനുമുമ്പേ അവൾക്ക് അവളുടെ മുറച്ചെറുക്കനോട് പ്രേമം വളർന്നു പൂവിട്ടു തുടങ്ങിയിരുന്നു. അതെന്നോടവളുതന്നെ പറഞ്ഞെങ്കിലും എന്റെയുള്ളിലെ ആ മുള കരിഞ്ഞൊന്നും പോയില്ല. ഞാൻ പിന്നെയതിനെ ശ്രദ്ധിച്ചില്ലെന്നതും ശരി. എന്നാലും അതൊരു ബോൺസായി പോലെ മുരടിച്ചു മനസ്സിലങ്ങനെ നിന്നിരുന്നു.

പിന്നെ ഞാൻ പോലും അതിനെ ശ്രദ്ധിച്ചില്ല. ഏറ്റവും അടുത്തു സുഹൃത്തുക്കളായി ഞങ്ങൾ വളർന്നു. അവളുടെ ലൗഡ് സ്പീക്കർ പോലെയുള്ള പ്രണയത്തിന് ഞാനും സാക്ഷിയായപ്പോൾ എന്നിലെവിടെയോ ഉണ്ടായിരുന്ന പ്രണയത്തിന് ഒന്നു മുറുമുറുക്കാൻ പോലും കഴിഞ്ഞില്ല. അങ്ങനെ അതൊരു ഊമയെന്നോണം നിന്നുപോയി.

ഞങ്ങളുടെ കുടുംബത്തിൽ ആയില്യം ആഘോഷം അല്പം വിപുലമാണ്. തറവാടിനു സ്വന്തമായൊരു സർപ്പക്കാവും ചില വച്ചാരാധനകളും വിശ്വാസവുമൊക്കെയുള്ളതുകാരണം

**അവളുടെ ലൗഡ് സ്പീക്കർ പോലെയുള്ള പ്രണയത്തിന് ഞാനും സാക്ഷിയായപ്പോൾ എന്നിലെവിടെയോ ഉണ്ടായിരുന്ന പ്രണയത്തിന് ഒന്നു മുറുമുറുക്കാൻ പോലും കഴിഞ്ഞില്ല.**

അതു സംബന്ധിച്ച ആചാരങ്ങളും ശക്തമാണ്. ആയില്യത്തിന് സർപ്പക്കാവിൽ

കളമെഴുത്തു പാട്ടുമൊക്കെയുണ്ടാവും. അന്ന് സ്ത്രീജനങ്ങൾക്ക് സർപ്പചൈതന്യം കയറുന്നതും, തുള്ളുന്നതുമൊക്കെ സാധാരണയാണ്. അതൊക്കെ ഭയഭക്തി ബഹുമാനത്തോടെയാണ് ഞങ്ങളൊക്കെ കണ്ടുനിൽക്കുന്നതും. ഒരിക്കൽ ഇത്തരമൊരു സമയത്ത് എന്റെയടുത്തു നിന്ന രഹനയ്ക്ക് പെട്ടെന്നൊരു ബാധ കയറുലുണ്ടായി. എന്റൊപ്പം പെങ്ങൾ ദിവ്യയുമായുള്ള സമയത്താണ്. അവൾക്കിതൊക്കെ പേടിയായ കാരണം ഞങ്ങളല്പം നീങ്ങിനിൽക്കുമ്പോഴായിരുന്നു ഈ സംഭവം. രഹന അടുക്കുന്നതു കണ്ടപ്പോഴേ ദിവ്യ പേടിച്ചു കരയാൻ തുടങ്ങി. എനിക്കാണേൽ ഈ രണ്ടുപേരേയും കളയാൻ പറ്റാത്ത അവസ്ഥ. ആകെ കൺഫ്യൂഷൻ. അവസാനം ദിവ്യ കരയുന്നതുകണ്ടപ്പോൾ ഞാൻ രഹനയ്ക്ക് നല്ലൊരടി വച്ചുകൊടുത്തു. അതോടെ ആ ചൈതന്യമങ്ങുപോയി. അവളുടെ അടവും നിന്നു.

അതിന്റെ പേരിൽ പ്രശ്നമായത് പിന്നീടാണ്. ഈ സംഭവമറിഞ്ഞത് അവളെ തുള്ളാൻ കൊണ്ടുപോവാൻ വന്നവരുടെ മുന്നിൽ വച്ചാണ് ഞാനവളെ അടിച്ചത്. അങ്ങനെ അവളിൽ വന്ന ആ ചൈതന്യം ആട്ടിപ്പായിച്ചതിന്റെ കൂട്ടത്തിലെ കുട്ടികളുവരെ എന്നെ ചീത്ത പറഞ്ഞു. ആ ചൈതന്യം അങ്ങനെ കളയാൻ പാടില്ലത്രേ. അത് ദോഷമാണ്. അവൾക്ക് അകാല വൈധവ്യം വരെ വരാമെന്നാണ് വിശ്വാസം. അന്ന് രഹന മറ്റുള്ളവരെന്നെ ചീത്ത പറഞ്ഞത് നന്നായി എതിർത്തിരുന്നു. അതിന്റെ പേരിൽ അവളും നന്നായി ചീത്തവിളികേട്ടു. എന്തൊക്കെയാണേലും അന്നു മുതൽ ഞങ്ങളുടെ കൂട്ടുകൂടൽ വീട്ടുകാരെല്ലാം ചേർത്തുനിർത്തി. പരിധിവിട്ട് കൂട്ടുകൂടി നടന്നിട്ടാണ് ഞങ്ങളു രണ്ടുമിങ്ങനെ ലിബറലായി മാറുന്നതെന്നായിരുന്നു കുടുംബക്കാരുടെ കണ്ടുപിടുത്തം. നേരാംവണ്ണം ഒന്നു സംസാരിക്കാൻ പോലും പിന്നെ ഞങ്ങൾക്ക് അവസരം കിട്ടിയില്ല. അതോടെ മനസ്സിലുണ്ടായിരുന്ന ആ ബോൺസായി പയ്യെ വാടിത്തുടങ്ങി.

ഒന്നുരണ്ടു വർഷം കഴിഞ്ഞപ്പോഴേക്കും അവളുടെ വിവാഹം കഴിഞ്ഞു. ഞാൻ പഠനവും, ജോലിയുമൊക്കെയായി നീങ്ങുകേം ചെയ്തു. എന്നാലും അന്നത്തെ ആ മുള്ള് എല്ലാവരുടെയും മനസ്സിൽ അങ്ങനെ തറച്ചു നിൽക്കുന്നുണ്ടായിരുന്നു. അതിന്റെ മൂർച്ച മനസ്സിലാവുന്നത് കല്യാണം കഴിഞ്ഞ് ഒന്നരവർഷമായപ്പോഴേക്കും അവളുടെ ഭർത്താവ് ആക്സിഡന്റിൽ പെട്ടു മരിച്ചപ്പോഴാണ്. അന്നത്തെയാ ചൈതന്യം ആട്ടിപ്പായിച്ചതിന്റെ ദോഷം. അത


ങ്ങനെ തന്നെ അവളുടെ ജീവിതത്തിൽ വന്നു ഭവിച്ചു. പിന്നത്തെ എല്ലാവരുടെയും പ്രതിക രണം ഞാൻ പ്രത്യേകം പറയേണ്ടതലില്ലോ....

അന്നത്തെ ദോഷം എന്റെ ജീവിത്തതിൽ വന്നു പെട്ടത് ഒരു കൊലപാതക കേസിന്റെ രൂപ ത്തിലാണ്. അതറിഞ്ഞയന്നു തന്നെ വീട്ടുകാരെ ല്ലാവരും അതു പറയുകയും ചെയ്തു. ആ ദോഷത്തിന്റെ ഫലമാണ് ഞാനിപ്പോൾ അനുഭ വിക്കുന്നതെന്ന് അവരെല്ലാം പറയുന്നു. അതെ ന്തായായും നന്നായി. ഒന്നും എന്റെ ദോഷമല്ല ല്ലോ. ദോഷമാണ്.

രഹന ജീവിതത്തിൽ തനിച്ചായിട്ട് ഇപ്പോൾ വർഷം പതിമൂന്നാവുന്നു. കേസിന് ശിക്ഷ ലഭി ച്ചിട്ട് മൂന്നരവർഷവും. കുടുംബത്തിലെ ഏറ്റവും കൊള്ളരുതാത്തവനാണ് ഞാനിപ്പോൾ അതിലെനിക്ക് അങ്ങനെ പ്രത്യേകിച്ചൊരു ഫീലിങ്ങ് ഇപ്പോഴില്ല. കാരണം ഒറ്റപ്പെട്ട ജീവി തത്തോടു ഞാൻ നന്നായി പൊരുത്തപ്പെട്ടു കഴി ഞ്ഞു. പിന്നെ ഈ കഴിഞ്ഞ പതിമൂന്നുവർഷ മായി ഞാനും രഹനയും അധികം സംസാരം പോലുമുണ്ടായിരുന്നില്ല. കഴിഞ്ഞ മൂന്നര വർഷ ത്തിനിടയിൽ അല്പം പോലുമില്ലെന്നു പറയാം. അതു കാരണം ആ ബോൺസായി അങ്ങനെ കരിയാറായി നിൽക്കുകയാണ്.

പക്ഷെ ഇതിനിടയിൽ ഒരു സംഭവമുണ്ടാ യി. സുഖമില്ലാതിരിക്കുന്ന എന്റെ അച്ഛനെ കാണാൻ ഒരു ദിവസത്തെ എസ്കോർട്ട് പരോ ളിന് ഞാനെന്റെ വീട്ടിലൊന്നു പോയി വന്നു. ബന്ധുക്കളോടാരോടും ഈ വിവരം പരയരു തെന്ന് ഞാൻ വീട്ടിൽ പ്രത്യേകം ചട്ടം കെട്ടിയി രുന്നതുകൊണ്ടാണ് മറ്റാരും ഇതറിഞ്ഞില്ല. പക്ഷേ നാട്ടിലെ പോലീസ് സ്റ്റേഷനിലെ ഏതോ ഒരു സുഹൃത്തിൽ നിന്നും ഞാൻ വരുന്നു ണ്ടെന്ന വിവരമറിഞ്ഞ് രഹന അന്ന് ഓടിപ്പാഞ്ഞ വിടെ എത്തിയിരുന്നു. ഒരു സർപ്രൈസ് മീറ്റി ങ്ങ്. ഇത്രയും വർഷങ്ങൾക്കുശേഷം സ്വാതന്ത്ര്യ ത്തോടുകൂടി ഒന്നു സംസാരിക്കാൻ ഞങ്ങൾക്ക വസരം കിട്ടിയതന്നാണ്. ഞാൻ തിരികെ പോരും വരെ അവളന്ന് ഞങ്ങളോടൊപ്പം വീട്ടിലുണ്ടാ യിരുന്നു. ഞങ്ങൾ സംസാരിച്ചു. മറ്റുള്ളവരെ കുറ്റപ്പെടുത്തി, ചില കാര്യങ്ങൾ എന്റച്ഛനമ്മ മാരെ പറഞ്ഞു ബോധ്യപ്പെടുത്തി, ഇത്രയും നാൾ അകന്നുകഴിയേണ്ടിവന്നതിന്റെയും, ഞാനീ കേസിൽ പെട്ടതിന്റെയും കാര്യകാരണ ങ്ങളും, അവളുടെ ജീവിതവുമെല്ലാം തുറന്നു സംസാരിച്ചു. എസ്കോർട്ട് പരോളിനനുവദിച്ച സമയം കഴിഞ്ഞപ്പോൾ ഞാൻ വീട്ടിൽ നിന്നും തിരികെ പോന്നു.

അന്നു വൈകീട്ടാണ് ഞാനും വേലി പ്പൊത്തു ചികഞ്ഞത്. അപ്പോഴാണ് എനിക്കാ കിഴങ്ങ് കിട്ടിയത്. ആ കിഴങ്ങ് പറഞ്ഞ കാര്യ ങ്ങൾ മുഴുവൻ ഞാൻ തിരിച്ചും മറിച്ചും പരിശോ ധിച്ചു വിലയിരുത്തി. അപ്പോഴാണ് മധുരക്കിഴ ങ്ങാണോ, അതോ കൊള്ളില്ലാത്തതാണോ എന്ന സംശയം വന്നതും. എല്ലാ കാര്യകാര ണങ്ങളും വെച്ച് ഞാനത് വീണ്ടും വിശകലനം ചെയ്തു. മധുരക്കിഴങ്ങ് തന്നെയാണെന്നുറപ്പി ച്ചു. എന്നാലും തള്ളാനും, കൊള്ളാനും പറ്റാത്ത ഒരു തരം കൺഫ്യൂഷൻ ഈ അവസ്ഥയാണ് ഭയങ്കരം. ഞാനിതും കയ്യിൽ പിടിച്ച് ഇരുപ്പു തുട ങ്ങിയിട്ട് ഇപ്പോൾ ഒരു മാസമാവാറായി. ഇനിയും തീരുമാനമായില്ല. മനസ്സമാധാനോം പോയി. ഇതാണ് ആവശ്യമില്ലാത്തതൊന്നും ചികയാൻ പോകരുതെന്ന് കാർന്നോമ്മാര് പറയുന്നത്.






സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം,വിയ്യൂർ തൃശ്ശൂർ

ഫോൺ:0487 2334267

E-mail:cp.vyr.prisons@kerala.gov.in




# പുനർജനി

8 0001755514